2013 ജനുവരി 26 മുതൽ ഫിബ്രവരി 25 വരെ

വില 10 രൂപ


മാസിക

# നക്ഷത്രരാജ്യം




| | |
|---|---|
| പി.ആർ നാഥൻ | ആത്മവൃത്തം |
| കെ.പി.സുധീര | കഥ |
| രാജൻ ചിന്നങ്ങത്ത് | കഥ |
| ഭാസി മലാപ്പറമ്പ് | സ്പോർട്സ് |
| വിനോദ്കുമാർ ദാമോദർ | ലേഖനം |
| മഞ്ഞപ്ര ഉണ്ണികൃഷ്ണൻ | കഥ |


റിപ്പബ്ലിക് ദിനാശംസകൾ




മുഖചിത്രം
**തൃഷ (ഫിലിംസ്റ്റാർ)**
**സുനിൽകുമാർ (ഗായകൻ)**
**സി.എം. സുന്ദരൻ (ബിസിനസ്സ്)**

**Nakshathra Rajyam**
(Monthly Magazine)
2013 January 26
Reg. No. 2008/11/2718/D/
RNI EN No. 40980 Dated: 10-10-2007
Issue 3 Volume 10
Managing Editor, Publisher &
Owned by
**Nakshathrarajyam E. Radhakrishnan**
**Edoli House, Kommeri P.O.**
**Kozhikode - 673007**
**Address**
**Managing Editor**
**NAKSHATHRA RAJYAM**
P.B. No. 1205
Mankave P.O., Kozhikode - 7
Kerala, India.
**Mob: 9744233997**
**9847649567**
**email: nakshathrarajyam@gmail.com**
**Layout:**
**BHAVANA GRAPHICS, Tali**
**Inside Art:**
**GIREESH MOOZHIPADAM**
**Cover**
**Amina Creations, Palazhi, Clt.**
**Price 10.00**

**എഡിറ്റോറിയൽ**



# മലബാർ മഹോത്സവം

ഇക്കഴിഞ്ഞ ദിനങ്ങളിൽ കോഴിക്കോട് വെച്ച് മലബാർ മഹോത്സവം അത്യന്തം കേമമായി തന്നെ അരങ്ങേറി. അതിൽ പങ്കെടുത്ത കലാകാരൻമാരെയും, പരിപാടികൾ സംഘടിപ്പിച്ച സംഘാടകരേയും മുക്തകണ്ഡം പ്രശംസിക്കാതിരിക്കാൻ നിർവാഹമില്ല. പക്ഷെ, എവിടെയുമെന്ന പോലെ ഗവ. പരിപാടികളിൽ ഒഴിച്ചുകൂടാനാവാത്ത സർക്കാർ ഉദ്യോഗസ്ഥരുടെ ഉപദേശകരായും തീരുമാനനെടുക്കുന്നവരായും പ്രവർത്തിച്ചത് ഏതെങ്കിലും പരിപാടികൾ നടക്കുമ്പോൾ മുമ്പിൽ തനിക്ക് യാതൊരു ബന്ധവുമില്ലെങ്കിൽ പോലും അതിന്റെ അമരക്കാരനായി നാലാളുകളുടെ മുമ്പിൽ ശോഭിച്ച് നടക്കുന്നവരുടെ ഇഷ്ടാനിഷ്ടങ്ങളും പരിപാടികളും തന്നെയായിരുന്നില്ലെ ഇക്കൊല്ലത്തെ “മലബാർ മഹോത്സവ”ത്തിലും സ്വാധീനിച്ചിരുന്നത് എന്ന് ചിന്തിക്കാതിരിക്കാൻ യഥാർത്ഥ കലാകാരൻമാർക്കാക്കുമാകുമായിരുന്നില്ല. കാരണം കാലാകാലങ്ങളിലും കഴിവിനാലും ജീവിതോബാതിയായും കലയും നാടക രചന, നാടക ഗാനരചന, നാടക സംവിധാനം തുടങ്ങിയ മേഖലകളിൽ സജീവമായി പങ്കെടുക്കുകയും ജനങ്ങളുടെ ഇടയിൽ എഴുത്തുകാരൻ എന്ന നിലയിൽ നല്ല മേൽവിലാസം ഉണ്ടാക്കിയവരാരും പരിപാടികളിൽ എവിടെയും പങ്കെടുത്തതായി ഓർമ്മിക്കാനില്ല.

പത്രങ്ങളിൽക്കൂടി കൊട്ടിഘോഷിച്ച് “മലബാർ രത്ന” മുതലായ അവാർഡുകളുടെ പരിഗണനയിൽ നാലാളുകൾ നാടക പ്രതിഭയായി അംഗീകരിക്കുന്ന നാടകങ്ങൾ രചിച്ചവരേയോ നാടക ഗാനങ്ങൾ രചിച്ചവരേയോ നാടകം സംവിധാനം ചെയ്തവരേയോ പരിഗണിച്ചതായി അറിയാനും കേൾക്കാനും സാധിച്ചിട്ടില്ല. അവരെല്ലാം രചിച്ചതും തങ്ങൾ ഡിസ്ക്കിൽ കൂടിയും നേരിൽ കണ്ടതുമായ നാടകങ്ങളുടെ ശിൽപികളെ മനസാ അംഗീകരിക്കുന്ന കലാ ആസ്വാദകർ അവരുടെ മനസ്സിൽ കൂടി ദാനം ചെയ്യുന്ന അവാർഡിനർഹരായ പ്രതിഭകൾക്കും മലബാർ മഹോത്സവ പരിപാടികളുടെ സംഘാടകർക്കും നക്ഷത്ര രാജ്യം മാസിക പ്രവർത്തകരുടെ അഭിനന്ദനങ്ങൾ

**മാനേജിംഗ് എഡിറ്റർ**

ആത്മവൃത്തം



# അലയാനൊരു ഗോകർണ്ണം

പി.ആർ. നാഥൻ

ഗോകർണ്ണത്തെ സമുദ്രതീരത്ത് ഞാനൊരു അപ്പൂപ്പൻതാടി പോലെ അലഞ്ഞുനടക്കുന്നു. ഞാൻ കാറ്റിനോടും കടലിനോടും എന്തൊക്കെയോ വർത്തമാനങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നു. പാറക്കെട്ടുകൾ, മൺതിട്ടകൾ, പശുവിന്റെ ചെവിയെ ഓർമ്മപ്പെടുത്തുന്ന പാരാവാരതീരം.

സമുദ്രത്തീരത്തിനഭിനുഖമായി പാറപ്പുറത്തിരുന്ന് സുമുഖനായ ഒരു യുവാവ ് ഉറക്കെ പാടിക്കൊണ്ടിരിക്കുന്നു. പരിചയപ്പെട്ടപ്പോൾ യുവാവ് പറഞ്ഞു- ഞാൻ വേദങ്ങൾ ഉച്ചരിച്ച് പഠിക്കുകയാണ്. നേരു പറഞ്ഞാൽ ഞാനിപ്പോൾ ആത്മവിസ്മൃതിയുടെതായ ഒരു ലോകത്താണ്. ഗോകർണ്ണത്തെ കാറ്റും പരിസരങ്ങളിലെ കുളിരും എന്റെ മനസ്സിനെ മറ്റേതോ ലോകത്തിലേക്ക് പിടിച്ചുയർത്തുന്നു.

വെള്ളക്കാരനായ ഒരു മനുഷ്യൻ സമുദ്രത്തെ നോക്കി നൃത്തം ചെയ്തു കൊണ്ടിരിക്കുന്നു. അയാൾ പ്രകൃതിയോട് ചേർന്ന് രമിക്കുകയാണ്. ശരീരാഭിമാനത്തെ മറന്നു ഞാനും നൃത്തം ചെയ്യുന്നു. ഗോകർണ്ണമേ നിനക്കുസ്തുതി.

ഭൂമിശാസ്ത്രപരമായി നോക്കിയാൽ കന്യാകുമാരി മുതൽ ഗോകർണ്ണംവരെ നീണ്ടുകിടക്കുന്ന സംസ്ഥാനമാണ് കേരളമെന്ന് പണ്ടുള്ളവർ പറയും. എന്നാൽ ഗോകർണ്ണം ഇന്ന് കർണ്ണാടകസംസ്ഥാനത്തിലാണ ് സ്ഥിതി ചെയ്യുന്നത്. പേരിനെ അന്വർത്ഥമാക്കുന്ന രീതിയിൽ തന്നെയാണ ് അവിടുത്തെപ്രകൃതി. മംഗലാപുരത്തുനിന്നും ഗോവയ്ക്ക് പോകുന്ന പ്രധാനനിരത്തിൽനിന്നും ഗോകർണ്ണത്തേക്ക് ഏതാനും കിലോമീറ്ററുകൾ യാത്രചെയ്തേപറ്റു. അതിനാൽ ശരാശരി യാത്രക്കാരന് ഗോകർണ്ണത്തേക്കുള്ള ബസ്സുകളെ ആശ്രയിക്കാതെവയ്യ. മൂകാംബികയിൽനിന്നും മൂന്നുമണിക്കൂർ യാത്ര ചെയ്താൽ ഗോകർണ്ണത്തെത്താം.ഗോകർണ്ണേശൻ പ്രശസ്തനെങ്കിലും സന്ദർശകരുടെ തിക്കുംതിരക്കും ഇവിടെകുറവാണ്. പഴമയുടെതായ ഒരുപ്രകാശമാണ ് ഇവിടെ സ്ഫുരിക്കന്നത്.

മൂർഡേശ്വരത്തുനിന്നാണ് ഞാൻ ഗോകർണ്ണത്തേക്ക ് തിരിച്ചത്. കുന്താപുരത്തുനിന്നും ഗോവയിലേക്ക് നീണ്ടു കിടക്കുന്ന നിരത്തിന്റെ വക്കിലാണ് മൂർഡേശ്വരം. സമുദ്രത്തീരത്തു പണിത്തീർത്ത ആക്ഷേത്രവും പരിസരവും ആരേയും പെട്ടെന്ന ് ആകർഷിക്കുന്നതാണ്. എന്തു കൊണ്ടോ മലയാളികൾക്കിടയിൽ മൂർഡേശ്വരത്തിന ് കീർത്തി കുറവാണെന്നുതോന്നുന്നു. അവിടെനിന്നും ഗോകർണ്ണത്തിലേക്കുതിരിക്കുമ്പോൾ സഹയാത്രികരായി എന്റെ സഹോദരി പെരിന്തൽമണ്ണയിലെ എൽ.ഐ.സിയിൽഉദ്യോഗസ്ഥയായ വസന്തയുടെഭർത്താവ ് രാമചന്ദ്രനും ഉണ്ടായിരുന്നു. മലപ്പുറത്തെ സ്റ്റേറ്റ്ബാങ്ക്ഓഫ്ഇന്ത്യയിൽ ജോലിചെയ്യുന്ന രാമചന്ദ്രനാണ് ഗോകർണ്ണയാത്രക്ക് എന്നെ പ്രേരിപ്പിച്ചത ് ഗോകർണ്ണേശന്റെ ക്ഷേത്രമല്ലാതെ അവിടെ ഒരു കാഴ്ച്ചകൾ ഒന്നും തന്നെയില്ല. സമുദ്രത്തോട ് ചേർന്ന് കിടക്കുന്ന ക്ഷേത്രം അതിപുരാതനമായ മാതൃകയിലാണ ് നിർമ്മിച്ചിരിക്കുന്നത്. ചെന്നെത്തിയത് ഉച്ചയായിരുന്നതിനാൽ ക്ഷേത്രം പൂട്ടിക്കിടക്കുന്നു. അതൊരു സൗകര്യമായി ഞാനും സങ്കൽപ്പിച്ചു. ഏകനായി സമുദ്രത്തീരത്ത് ചുറ്റിനടക്കാനായിരുന്നു എനിക്ക് കൊതി തോന്നിയത്.

സ്വന്തം മനസ്സുമായി രമിച്ച് അലഞ്ഞുനടക്കുന്ന എന്റെ പ്രകൃത്തിന ് ഗോകർണ്ണത്തെ പശ്ചാതലം ഉചിതമായിരുന്നു. ഇവിടെ വ്യവസായ ശാലകളില്ല കൃഷിചെയ്ത് ഉപജീവനംതേടുന്ന ഏതാനും ഗ്രാമീണർമാത്രം. പണ്ടുകാലം മുതലെ മലയാളികൾ ഗോകർണ്ണത്തേയ്ക്ക് തീർത്ഥാടകരായി നടന്നുവന്നിരുന്നു എന്നോർക്കുമ്പോൾ അത്ഭുതം. കടൽത്തീരത്ത് കാഷായവസ്ത്രം ധരിച്ച ഒരു വൃദ്ധൻ മുകനായിഇരിക്കുന്നു. അദ്ദേഹവുമായി പരിചയപ്പെടാൻ ഏറെ ബുദ്ധിമുട്ടി എന്നതാണ് സത്യം. ഒടുവിൽ വൃദ്ധസന്യാസി തുറന്നു പറഞ്ഞു.

ഞാൻ മലയാളികളോട് അധികം സംസാരിക്കാറില്ല. സ്ഫുടമായ വള്ളുവനാടൻ ഭാഷയിൽ അദ്ദേഹം സംസാരിച്ചപ്പോൾ എനിക്ക് അത്ഭുതം.

അതെന്താ മലയാള മറിയുന്നഅങ്ങ് മലയാളികളെ വെറുക്കുന്നത്?

അന്വഷണങ്ങളൊക്കെ തകൃതിയായി നടക്കും. പക്ഷേ അവരെ കൊണ്ട് ഉപകാരങ്ങളൊന്നുമില്ല. അതു തന്നെ കാര്യം?

ഉപകാരമെന്നതുകൊണ്ട് എന്താണ് അങ്ങ് ഉദ്ദേശിക്കുന്നത്. സ്വാമി മലയാളിയാണോ?

മലയാളി തന്നെ. പക്ഷേ ആരോടുമത് പറയാറില്ല. മലയാളികളെ കൊണ്ട് ഉപദ്രവമുണ്ടായിട്ടുണ്ട്.

എവിടെയാണ് വീട്?

ചെർപ്പുളശേരി. രണ്ടോ മൂന്നോ കൊല്ലങ്ങൾ കൂടുമ്പോൾ നാട്ടിൽ പോകും. അവിടെ ഇപ്പൊൾ ആരും



ഇല്ല.

ഞാൻ പട്ടാമ്പി സ്വദേശിയാണ്.

പട്ടാമ്പിയിൽ ബന്ധുക്കളുണ്ടായിരുന്നു. ഇപ്പോൾ ഇല്ല. അവരൊക്കെ ദുഷ്ടൻമാരായിരുന്നു. സഹായിക്കാത്തവരും ആയിരുന്നു.

എങ്ങിനെ ഇവിടെ വന്നു പെട്ടു?

എനിക്ക് തന്നെ അറിഞ്ഞുകൂടാ. വെറും കയ്യായി വന്നതാ ഇപ്പോ കണ്ടില്ലെ ജടപിടിച്ചിരിക്കുന്നത്.

മുടി എങ്ങിനെ ജടപിടിച്ചു.

വന്നപ്പോൾ ജടയില്ലായിരുന്നു. ഇവിടെ എത്തിയപ്പോൾ ചില ലക്ഷണങ്ങൾ കണ്ടു തുടങ്ങി. സന്യാസിമാർഗ്ഗമാണ് എനിക്ക് വിധിച്ചിരിക്കുന്നത് എന്ന് മനസ്സിലായി.

നാട്ടിൽ എന്തായിരുന്നു പേര്.

ശ്രീധരൻ

ഇപ്പോൾ

സ്വാമി എന്തോ പേരു പറഞ്ഞു . കടൽക്കാറ്റിന്റെ ഇരമ്പത്തിൽ ഞാനത് വ്യക്തമായി കേട്ടില്ല. നടതുറക്കും മുൻപ് സമുദ്രതീരം ചുറ്റി നടന്നു കാണാൻ ഞാനാഗ്രഹിച്ചു. കൂടെ വന്ന കുടുംബാംഗങ്ങൾ ഒരിടത്തിരുന്ന് വിശ്രമിക്കുകയാണ്. അലഞ്ഞുനടക്കാൻ അവർക്ക് താൽപര്യമില്ല.

തുംഗഭദ്രാ നദീതീരത്തെ ഒരു ഗ്രാമത്തിൽ ആത്മദേവൻ എന്നൊരു ബ്രാഹ്മണൻ ജീവിച്ചിരുന്നു. സാത്വികനാണ് ആത്മദേവനെങ്കിലും ഭാര്യയായ ധുന്ധുളി അഹങ്കാരിയായ ഒരു സ്ത്രീയായിരുന്നു. ആത്മദേവന് പുത്രന്മാരുണ്ടായിരുന്നില്ല. ഒരിക്കൽ ഒരു സിദ്ധൻ ആത്മദേവ ബ്രാഹ്മണന് ഒരു പഴം സമ്മാനിച്ച ശേഷം പറഞ്ഞു– ഈ പഴം ഭക്ഷിച്ചാൽ അങ്ങയുടെ പത്നി ഒരു സൽപ്പുത്രനെ പ്രസവിക്കുന്നതാണ്.

ആത്മദേവൻ ആ പഴം തന്റെ പത്നിക്കു സമ്മാനിച്ച ശേഷം സിദ്ധന്റെ അനുഗ്രഹത്തെക്കുറിച്ച് പറഞ്ഞു. ഗർഭിണിയാകുന്നതിലോ പ്രസവിക്കുന്നതിലോ ധുന്ധൂളിക്കു താൽപര്യമുണ്ടായിരുന്നില്ല. അവരുടെ അനുജത്തി അസമയത്ത് ഗർഭിണിയായിരുന്നു. താൻ പ്രസവിക്കുന്ന കുഞ്ഞിനെ ജ്യേഷ്ട്ടത്തിക്കു നൽകാമെന്ന് അവർ പറഞ്ഞു. ധുന്ധൂളിയാകട്ടെ ആ പഴം തന്റെ പശുവിന് തിന്നാൻ കൊടുക്കുകയും ചെയ്തു.

അനുജത്തി പ്രസവിച്ച കുഞ്ഞിനെ ധുന്ധൂളി തന്റേതെന്ന് ഭർത്താവിനോട് കള്ളം പറഞ്ഞ് വളർത്തി. അതേസമയം പശു പ്രസവിച്ചു. പശുവിന്റെ ചെവികളുള്ള ഒരു ആൺകുഞ്ഞായിരുന്നു അത്. ആ കുഞ്ഞിന് ഗോകർണ്ണൻ എന്നു പേരിട്ടു.

ഗോകർണ്ണൻ സ്വാതികനായിരുന്നു. പണ്ഡിതനും പ്രതിഭാശാലിയുമായിരുന്നു. അതേ സമയം ധുന്ധൂളിയുടെ പുത്രൻ ധുന്ധുകാരി സകല ദുർഗുണങ്ങളുടെയും വിളനിലമായിരുന്നു.

ധുന്ധുകാരിയുടെ അക്രമങ്ങൾ അസഹ്യമായിരുന്നു. അതിൽ മനം നൊന്ത് പിതാവായ ആത്മദേവൻ സന്യാസം സ്വീകരിച്ച് നാടുവിട്ടു. അമ്മയായ ധുന്ധൂളി ആത്മഹത്യയിൽ അഭയം പ്രാപിക്കുകയും ചെയ്തു. ധുന്ധുകാരിയെ തീയിട്ടു കൊന്നു. പക്ഷേ അയാളുടെ പ്രേതം ഗതികിട്ടാതെ നാടുചുറ്റാൻ തുടങ്ങി. ഗോകർണ്ണനാകട്ടെ തത്വജ്ഞാനിയായിരുന്നു. ദുഷ്ടനായ ധുന്ധുകാരിയുടെ പ്രേതത്തിന് മോക്ഷം കിട്ടാനായി ഗോകർണ്ണൻ ഒരു ഭാഗവതസപ്താഹം നടത്തി. ആ സ്ഥലം ഗോകർണ്ണം എന്ന പേരിൽ ഇന്ന് അറിയപ്പെടുന്നു.

ഗോകർണ്ണേശനെ ചുറ്റിപറ്റിയുള്ള കഥകൾക്കും കടങ്കഥകൾക്കും പഞ്ഞമില്ല. എത്രയോ ഐതീഹ്യങ്ങൾ -ഗംഗാദേവിയെ ഭൂമിയിലേക്ക് കൊണ്ടുവരാനായി ഭഗീരഥൻ തപസ്സു ചെയ്തത് ഗോകർണ്ണത്തു വച്ചാണത്രെ.

ഇവിടെ അതിമനോഹരമായ പാറക്കെട്ടുകളുണ്ട്. പാറയിടുക്കിലിരുന്ന് ധ്യാനിക്കുകയും പുകവലിക്കുകയും ചെയ്യുന്ന വിദേശികളുണ്ട്.വളരെ യാദൃശ്ചികമായി ഞാൻ അവിടെ വച്ച് ഒരു പരിചയക്കാരനെ കണ്ടുമുട്ടി . ആ മുഖപരായ പണ്ടെവിടോ കണ്ട മാതിരി! അയാൾ ചോദിച്ചു പി.ആർ നാഥനല്ലേ എന്നെ ഓർമ്മയുണ്ടോ? രമണാശ്രമത്തിൽവച്ച് നാം തമ്മിൽ കണ്ടിരുന്നു.

ശരിതന്നെ. ഞാൻ അയാളുടെ കൂടെ മൺതിട്ടയിൽ ഇരുന്നു. നാട് ചുറ്റുന്ന ഒരു മനുഷ്യൻ . അയാൾക്ക് ഇപ്പോഴും പറയാനുള്ളത് രമണമഹർഷിയെക്കുറിച്ചാണ് . രമണാശ്രമസ്മരണയിൽ നിന്നും അയാൾ മോചനം നേടിയിട്ടില്ല. ഞങ്ങളുടെ ചർച്ച രമണാശ്രമത്തെ കുറിച്ചായി.

ആ വികാരം വാക്കുകളിലൂടെ അന്യരിലേക്ക് പകരുക എളുപ്പമല്ല. എങ്കിലും എല്ലാ ടെലഫോണുകളും എക്സ്ചേഞ്ച് വഴി മറ്റുള്ളവയുമായി ബന്ധിച്ചിരിക്കുന്നതുപോലെ മനസ്സുകൊണ്ട് മനസ്സുകളിലേക്ക് ഇട്ടുകൊടുക്കാവുന്ന ഒരു സിദ്ധിവിശേഷമത്രെ അനുഭവമെന്നത്. രമണമഹർഷിക്ക് അക്ഷരാർത്ഥത്തിൽ ഗുരുനാഥൻമാർ ആരും തന്നെ ഉണ്ടായിരുന്നില്ല. അതുപോലെ അദ്ദേഹത്തിന് ശിഷ്യൻമാരും ഉണ്ടായിരുന്നില്ല. അരുണഗിരി ഒരു കാന്തപർവതമാണ് സപ്തധാതുക്കളിൽ സ്തൂലദേഹമല്ല ഞാൻ. ശബ്ദസ്പർശരൂപരസഗന്ധമെന്ന പഞ്ചവിഷയങ്ങളെയും യഥാക്രമം അറിയുന്ന ശ്രോതം, ത്വക്ക്, വചസ്സ്, ജിഹ്വ, ഘ്രാണം എന്നീജ്ഞാനേന്ദ്രിയങ്ങൾ അഞ്ചും ഞാനല്ല. വചനം, ഗമനം, ദാനം പ്രവർത്തികളേയും നടത്തുന്ന വാക്ക്, പാദം, പാണി, വായു, ഉപസ്ഥം എന്നീ കന്മത്രയ പഞ്ചകവും ഞാൻ അല്ല. സർവ്വ വിഷയങ്ങളും സർവ്വ കർമ്മങ്ങളും ഇല്ലാതായി വിഷയ വാസനകളെ മാത്രം വഹിക്കുന്ന അജ്ഞാനവും ഞാനല്ല.

രമണമഹർഷിയുടെ ആരാധകർ എന്നൊട് അനുസ്വകതമായി

സംസാരിക്കുന്നു. ഇവയൊന്നും ഞാനല്ലെങ്കിൽ പിന്നെ ഞാൻ എന്നു വച്ചാൽ എന്താണ് ? യാതൊന്ന് ഇതു ഞാനല്ല, അതു ഞാനല്ല എന്നു നിഷേധിച്ച് ഒടുവുൽ തള്ളുവാൻ തരമില്ലാതെ തനിയെ ശേഷിക്കുന്ന അറിവ് ആകുന്നു ഞാൻ. അറിവിന്റെ സ്വരൂപം സച്ചിതാനന്ദം തന്നെ. ദൃശ്യമായ ജഗത്തില്ലാതാകുമ്പോൾ ദൃക്കായ സ്വരൂപ ദർശനമുണ്ടാകും. സകലജ്ഞാനത്തിനും സകല കർമ്മത്തിനും മൂലമായ മനസ്സ് അടങ്ങിയാൽ ജഗത്ത് മറയും. പണ്ട് രമണാശ്രമത്തിൽ വെച്ച് കുഞ്ചുസ്വാമിയുമായി ഞാൻ സംസാരിക്കുമ്പോൾ ഇദ്ദേഹം കൂടെ ഉണ്ടായിരുന്നു. ഞാൻ സംസാരിക്കുമ്പോൾ കുഞ്ചുസ്വാമി പ്രായാധിക്യം കൊണ്ട് വൃദ്ധനും അവശനുമായിരുന്നു. രമണ മഹർഷിയുടെ വാത്സല്യത്തിന് പാത്രീഭൂതനായ കുഞ്ചുസ്വാമി. അദ്ദേഹത്തിന്റെ അവസാനകാലങ്ങളിൽ കൂടെയുണ്ടായിരുന്ന കുഞ്ചുസ്വാമിയെ എനിക്ക് മറക്കാൻ കഴിയുകയില്ല .

മുളവടി കുത്തിപിടിച്ചിരിക്കുന്ന കുഞ്ചുസ്വാമി. ഞാൻ അദ്ദേഹത്തോട് പണ്ടൊരിക്കൽ സംസാരിക്കുമ്പോൾ ഈ മനുഷ്യൻ സാക്ഷിയായി അരികിലുണ്ടായിരുന്നു.അന്നു കുഞ്ചുസ്വാമി പറഞ്ഞകാര്യങ്ങൾ ഞങ്ങൾ അയവിറുത്തു. കുഞ്ചുസ്വാമി അന്നു പറഞ്ഞു. പതിനെട്ടാം വയസ്സിൽ ഞാനിവിടെ രമണാശ്രമത്തിൽ എത്തി. ഭഗവാനെ കണ്ടു. ഞങ്ങളുടെ കണ്ണുകൾ ഇടഞ്ഞു. പിന്നെ ഞാൻ മടങ്ങിയിട്ടില്ല. മടങ്ങേണ്ടുന്ന ആവശ്യം വന്നിട്ടില്ല.

രമണമഹർഷിയുടെ അന്ത്യനാളുകൾവരെയും അങ്ങ് സാക്ഷിയായിരുന്നു അല്ലെ ?

അതെ. ഭഗവാന്റെ മാത്രമല്ല അദ്ദേഹത്തിന്റെ മാതാവിന്റെയും. അമ്മയും മകനും തമ്മിൽ പരസ്പരം കാണാറോ വർത്തമാനം പറയാറോ ഇല്ലായിരുന്നു. ആത്മാവുകൾക്ക് ബന്ധപ്പെടാൻ ബാഹ്യശരീരത്തിന്റെ ആവശ്യമില്ല. ഭഗവാന്റെ അമ്മയ്ക്ക് രോഗം വന്നപ്പോൾ ഞങ്ങൾ അരികിലിരുന്ന് ശുശ്രൂഷിച്ചു. മരണസമയത്ത് ഭഗവാൻ രമണമഹർഷി അമ്മയുടെ അരുകിൽ വന്നു. ആ ശിരസ്സിൽ കൈവച്ചു. ആ കണ്ണുകൾ പരസ്പരം ബന്ധിച്ചു. അമ്മ മരിച്ചപ്പോൾ ഒന്നും സംഭവിച്ചില്ലെന്നമട്ടിൽ ഭഗവാൻ എഴുന്നേറ്റു.

കുഞ്ചുസ്വാമി നന്നായി മലയാളം പറയുന്നുണ്ടല്ലോ.

ഞാൻ മലയാളിയാണ്. ഇപ്പോൾ മലയാളമൊക്കെ മറന്നുപോയി.

എത്ര.വർഷങ്ങളായി രമണാശ്രമത്തിൽ വന്നിട്ട്.

അറുപത്തഞ്ച് കൊല്ലങ്ങളായി. ഞാൻ ആരാണെന്ന് അദ്ദേഹം ചോദിച്ചിട്ടേയില്ല. ഞാൻ പേരു പറഞ്ഞിട്ടുമില്ല. അല്ലെങ്കിലും പേരിലെന്തിരിക്കുന്നു. എന്നെ കണ്ടതുമുതൽ അദ്ദേഹം എന്നു വിളിക്കും. അങ്ങിനെ ഞാൻ കുഞ്ചുസ്വാമിയായി.

എനിക്ക് എന്തെങ്കിലും പറഞ്ഞു തരാനുണ്ടോ.?

ഇല്ല ഒന്നും പറയാനില്ല. ഒന്നും പറയേണ്ടതില്ല. മനസ്സിൽ സ്വയം അറിവുകൾ മുളയ്ക്കുകയാണ്.

ഒരു ഫ്ളാഷ് ബാക്കിലെന്നോണം ഞാൻ വർഷങ്ങൾക്ക് ശേഷം ഗോകർണ്ണത്തുവെച്ച് കുഞ്ചുസ്വാമിയെ ഓർത്തു. ഇപ്പോൾ എന്റെ മുമ്പിൽ നിൽക്കുന്ന മനുഷ്യനോട് ഞാൻ അന്വേഷിച്ചു.

കുഞ്ചുസ്വാമിയെ പിന്നീട് കണ്ടുവോ ?

ഇല്ല. അദ്ദേഹം ജീവിച്ചിരിപ്പുണ്ടോ എന്നറിയില്ല. ഞാൻ പിന്നീട് തിരുവണ്ണാമലയിൽ പോയിട്ടില്ല. വളരെ കാലമായി ഇവിടെയാണ്. ഗോകർണ്ണത്ത്.

ഈ സ്ഥലത്തിന് എന്താണ് പ്രത്യേകത?

എന്റെ ശരീരവും മനസ്സുമെല്ലാം ഈ പരിസരവുമായി ഇണങ്ങുന്നു. ഓരോ വ്യക്തിക്കും ഓരോ സ്ഥലവുമായാണ് ഇണക്കം കിട്ടുക സമുദ്രത്തിലെ മീനുകൾ ചില പ്രത്യക സ്ഥലങ്ങളിലല്ലെ നീന്തി നടക്കുക ?

ഇങ്ങനെ അലയുന്നത് സുഖമാണെന്നാണോ പറയുന്നത്?

ഓരോരുത്തർക്കും ഓരോന്നാണ് സുഖം . മറ്റുള്ളവരുടെ ഭാഷയിൽ പറഞ്ഞാൽ ഞാൻ പ്രമാണിയൊന്നുമില്ല. ഞാൻ തെണ്ടും, ഇരക്കും, ഒരു ചെറ്റയാണ് ഞാൻ.

നിങ്ങളെപ്പോലുള്ളവരുടെ മുമ്പിൽ ഞാൻ ചെറ്റ. സത്യത്തിൽ ഞാൻ ചക്രവർത്തിയെക്കാൾ വലിയവനാണ്.

അതെങ്ങിനെ ?

പ്രധാനമന്ത്രിയോ പ്രസിഡണ്ടോ വന്നാൽ ആരും എഴുന്നേറ്റു നിൽക്കണം. ഞങ്ങൾ എഴുന്നേൽക്കേണ്ടവരല്ല. സന്യാസിമാരെ കണ്ടാൽ അവരാണ് എഴുന്നേറ്റു നിൽക്കേണ്ടത്.

ആ വാക്കുകൾ കേട്ട് ഞാൻ അത്ഭുതപ്പെട്ടു. അയാൾ സ്വന്തം മനസ്സിലെ സിംഹാസനത്തിൽ ചക്രവർത്തിയായിതന്നെ കഴിയുന്നു. ഒരു നേരം ആഹാരം കഴിക്കാനുള്ള തുക ഞാൻ അയാൾക്ക് കൊടുത്തു. ഞാൻ ഒരു ചെറ്റയാണ് എന്ന് അയാൾ വീണ്ടും സ്വയം അവർത്തിച്ചു.

ഗോകർണ്ണത്ത് ചുറ്റിനടന്നപ്പോൾ സനാതനധർമ്മത്തിന്റെ ഉപാസകരായ നിരവധി യുവാക്കളെ കണ്ടു.പഴയപാരമ്പര്യങ്ങൾ ഒരിക്കലും അസ്തമിക്കുകയില്ല എന്ന തോന്നൽ എന്നിൽ ശക്തമായി. വൈകുന്നേരം ക്ഷേത്രനട തുറന്നപ്പോൾ ഞാൻ തുടക്കത്തിൽ കണ്ട ചെർപ്പുളശ്ശേരിക്കാരൻ ശ്രീധരൻ അവിടെ നടയ്ക്കൽ ഇരിക്കുന്നു. ജട പിടിച്ച ശിരസ്സ്. ശരീരമാസകലം ഭസ്മക്കുറികൾ. അയാൾ തറയിൽ ഒരിടത്ത് ചമ്രം പടിഞ്ഞിരിക്കുകയാണ്. ക്ഷേത്രത്തിലേക്കു വരുന്ന ഭക്തന്മാർക്ക് മുമ്പിലിരിക്കുന്ന ഇലയിൽ നിന്നും പൂക്കൾ എടുത്തു നീട്ടി അയാൾ ദക്ഷിണ വാങ്ങുന്നു.

ഈ പൂക്കൾ എവിടെ നിന്നാണ് സ്വാമി ശേഖരിക്കുന്നത്? ശീധരസ്വാമി സത്യം പറഞ്ഞു. ഇത് വിലകൊടുത്തു വാങ്ങുന്നതാണ്.

പൂക്കൾക്കിപ്പോൾ വലിയ വിലയാണ്.

ദക്ഷിണ ധാരാളം കിട്ടില്ലേ?

അമ്പലത്തിൽ സ്വയം മറന്നു പലരും വഴിപാട് കഴിക്കും . പക്ഷേ പുറത്തിരിക്കുന്ന ഈ സ്വാമിക്ക് കാശ് തരാൻ പലർക്കും മടിയാണ്. മലയാളികളാണെങ്കിൽ ഒന്നും തരുകയുമില്ല. അല്ലെങ്കിലും മലയാളികൾക്ക് സ്വാമിമാരെ ബഹുമാനമില്ല.

ശ്രീധരസ്വാമി എവിടെയാണ് താമസം. ഇവിടെ ക്ഷേത്രപരിസരത്ത് കിടക്കുമോ ?

ഇല്ല. ഇവിടെയൊന്നും കിടക്കാൻ പറ്റില്ല. ശുചിത്വമില്ല. ഒരു പുരോഹിതന്റെ വീട്ടിലാണ് സ്ഥിര താമസം.

രാത്രിയിൽ നേരംപോക്കിന് എന്തു ചെയ്യും. ഭജനയോ ധ്യാനമോ?

ഉറങ്ങുന്നതുവരെ ടി. വി. കാണും. ഇപ്പോഴത്തെ പരിപാടികളൊക്കെ അറുമ്പോറാണ്. സിനിമകൾ മോശം. തമിഴിൽ ഭാനുപ്രിയ അഭിനയിച്ച ഒരു സീരിയൽ ഇപ്പോൾ വരുന്നുണ്ട്. അതു മാത്രം കൊള്ളാം.

ഞാൻ ഗോകർണ്ണം ക്ഷേത്രത്തിന്റെ അകത്തുകടന്നു. സ്വപ്നസുന്ദരമായ ഒരു പശ്ചാതലം.


മനസ്സിനെയും ബുദ്ധിയേയും നിയന്ത്രിക്കുന്ന കേന്ദ്രബിന്ദുവാണ് ചിത്തം. അർദ്ധനാരീശ്വരനിൽ സ്ത്രീഭാവം മനസ്സിന്റെ പ്രതീകമാണ്. ചഞ്ചലമാണ് മനസ്സ്. പുരുഷൻ ബുദ്ധിയോടാണുപമിക്കപ്പെടുന്നത്. മനസ്സിനും ബുദ്ധിക്കും തുല്യപ്രാധാന്യമാണുള്ളത്. പരമമായ ശിവശക്തിയാണ് സകലതിനേയും നിയന്ത്രിക്കുന്നത്.

മനുഷ്യന്റെ മനസ്സു മാത്രം ഏകമുഖമായി വളരുമ്പോൾ അത് അപകടകരമായി മാറുന്നു. ബുദ്ധിമാത്രം വികസിക്കുന്നതു മറ്റൊരു വിധത്തിൽ ശാപമായി വരുന്നു. സമചിത്താവസ്ഥയിൽ മാത്രമേ നമുക്ക് സത്യത്തെ ദർശിക്കാൻ കഴിയൂ.

ഗോകർണ്ണത്തെ മനോഹരമായ സന്ധ്യ. അറിവിനെക്കുറിച്ച് സംസാരിക്കവേ തമിഴ്നാട്ടിൽ നിന്നും വരുന്ന ഒരാൾ എനിക്ക് സദാശിവസ്വാമി എന്ന തത്വജ്ഞാനിയെകുറിച്ച് കൂടുതൽ പറഞ്ഞു തന്നു. അദ്ദേഹം ഒരിക്കലും സംസാരിക്കുകയില്ല. അതിന്റെ പിന്നിൽ രസകരമായ ഒരു കഥയുണ്ട് . ആൾക്കൂട്ടത്തിൽ അർത്ഥരഹിതമായി സംസാരിച്ചുകൊണ്ടിരുന്ന സദാശിവനെ നോക്കി ഗുരു വിളിച്ചു പറഞ്ഞുവത്ര സദാശിവാ വായ മൂട് എന്ന്. അതു കേട്ടതും സദാശിവൻ തന്റെ വായ അടച്ചു. പിന്നെ സദാശിവൻ സംസാരിച്ചിട്ടില്ല. മൗനിയായതോടെ അദ്ദേഹം ജ്ഞാനിയായി,സിദ്ധനായി.

ഈ കഥ കേട്ടതോടെ ഞാൻ സംസാരം കുറച്ചു . ഗോകർണ്ണേശൻ എന്നോട് വായ മൂടാനായി പറയുന്നു. തെല്ലു നേരം ഗോകർണ്ണത്തെ പുരാതനമായ ഇടുക്കു വഴികളിലുടെ സ്വന്തം മനസ്സുമായി രമിച്ച് അലഞ്ഞു നടക്കാൻ ഞാൻ നിശ്ചയിച്ചു. ■

കവിത



# രക്ഷയില്ല

കെ. ബാലചന്ദ്രൻ മാങ്കാവ്

പണവും ശുപാർശയുമുള്ളവർക്ക്
പരിഹാരമുണ്ടെന്ന് ഓർത്തിരിയ്ക്ക്,
പരിതാപമേറ്റ നിർധനർക്കോ,
പരമാണുവോളം വിലയില്ലിവിടെ.
ദാരിദ്ര്യരാണേറെ സത്യസന്ധർ
ഒരിക്കലും നന്മവന്നിടാത്തോർ.
ഇത്തരക്കാർക്കൊരു രക്ഷയേകാൻ
കഴിവുറ്റ സഹായം നൽകിടേണം.


ESTD : 1963

ഹോമിയോപ്പതി
ചികിത്സാ രംഗത്ത്
ആര നൂറ്റാണ്ടിന്റെ നിറവിൽ
വിശ്വസ്ത സ്ഥാപനം

ഡോ. ടി. ശ്രീനിവാസന്റെ
പോളിക്ലിനിക്ക്

ആഴ്ചവട്ടം, കോഴിക്കോട്
ഫോൺ: 0495 – 2332470,
9400552470

ഉത്സവങ്ങളിലും പൊതുപരിപാടികളിലും
ഭരതനാട്യം, നൃത്താവിഷ്ക്കാരം,
മോഹിനിയാട്ടം എന്നിവ അവതരിപ്പിക്കുന്നു.

ഷീബ പി.
പുതുക്കുടി ഹൗസ്,
പയ്യടിമീത്തൽ
പന്തീരങ്കാവ്
ഫോൺ: 9048422196



ഷീബസദാനന്ദൻ അരുളപ്പാട് ദേവീക്ഷേത്രത്തിൽ
അവതരിപ്പിച്ച നൃത്തത്തിൽ നിന്നും ഒരു ദൃശ്യം

കഥ

# അവസാനിക്കാത്ത യാത്ര



രാജൻ ചിന്നങ്ങത്ത്



യാത്ര പുറപ്പെടാനുള്ള ദിവസം വന്നെത്തി.

ഒരിക്കൽ കൂടി.

ഹ്യസ്വമെന്നു തോന്നിച്ച അറാഴ്ചക്കാലത്തെ അവധിക്കു ശേഷം നനഞ്ഞീറനായാണ് പ്രഭാതം കടന്നുവന്നത്. രാത്രിമുഴുവൻ മഴ ചാറി ചാറി നിന്നിരുന്നു.

ഉറക്കം നഷ്ട്ടപ്പെട്ട മറ്റൊരു രാത്രിയായിരുന്നു പിന്നിട്ടത്.

ഇനിയും ഒരു യാത്ര.

ചക്രവാളത്തിന്റെ അകലം തോന്നിക്കുന്ന ഭാഗ്യം തേടി....

ഇതെത്രാമത്തെയാണ്?

ഓർക്കുമ്പോൾ ഉറവപൊട്ടുന്ന ദുഃഖം.

എന്തിന്? അത്ഭുതത്തോടെ സ്വയം ചോദിക്കാൻ തോന്നുന്നു.

വാസ്തവത്തിൽ ആഹ്ളാദിക്കയല്ലേ വേണ്ടത്?

യാത്രപറയാനായി ഇന്നലെ വൈകീട്ട് ചെന്നപ്പോൾ, കാത്തിരിപ്പിന്റെ വിരാമമില്ലായ്മ വേദനിപ്പിച്ചിട്ടോ പരിഭ്രമിപ്പിച്ചിട്ടോ-ലത കുറേ നേരം നിശബ്ദം കരയുകയുണ്ടായി.

-പ്രാരാബ്ദങ്ങളൊക്കെ ഒന്നു തീർന്ന്, സ്വന്തമായി ജീവിതം തുടങ്ങാറാകട്ടെ . എന്നിട്ടു മതി കല്ല്യാണം.

ഓരോ വട്ടവും യാത്ര പറയാൻ നേരം ആവർത്തിക്കുന്ന വാക്കുകൾ.

പാവം. ഒന്നും പറയില്ല. കരയാൻ പോകുന്നതു പോലെ ഒന്നു ചിരിക്കും.

എന്തു കൊണ്ടോ ക്രൂരമായ ഒരാത്മസംതൃപ്തിയുടെ രുചി മനസ്സിന്റെ നനവിലൂറും അതു കാണുമ്പോൾ.

അവൾ ആ വാക്കുകൾ മുഖവിലയ്ക്കുതന്നെ വിശ്വസിച്ച്, എതിർപ്പുകളെയും പ്രലോഭനങ്ങളെയും അതിജീവിച്ച് ഇതുവരെ നിന്നു.

എത്ര വർഷങ്ങൾ.......!

ഒരു പെണ്ണിനും ഇത്രയും കാലം ഒരു പുരുഷന്റെ വാക്കുകളെ മാത്രം ആധാരമാക്കി ജീവിതം ഉഴിഞ്ഞിടാനൊക്കുകയില്ലഎന്നറിയാഞ്ഞിട്ടാണോ?

പോരാൻ നേരം ലതയുടെ അച്ഛൻ ഓർമ്മിപ്പിച്ചു:

അവൾക്ക് പ്രായം അങ്ങിനെ ഏറിക്കൊണ്ടാ ഇരിക്കണത്. ഇരുപത്തഞ്ച് വയസ്സെന്നൊക്കെപ്പറഞ്ഞാൽ കല്ല്യാണത്തിന്റെ സമയമൊക്കെ തെറ്റി. നീയിങ്ങനെ നീട്ടി നീട്ടികൊണ്ടു പോയിട്ട് ഒടുക്കം......

ഞാൻ പറഞ്ഞല്ലോ-എനിക്ക് ചില സംഗതികൾ കൂടി സാധിക്കാനുണ്ട്. ലതയെ വിവാഹം കഴിച്ച് സ്വതന്ത്രമായി ജീവിക്കാനാണ് എന്റെ ആഗ്രഹം. അതിന് മുമ്പ് കുടുംബത്തെ ഒന്നു രക്ഷപ്പെടുത്തണം.

അത്രയും പറഞ്ഞ് ഒരു നിമിഷത്തെ മൗനത്തിനു ശേഷം, കഴിഞ്ഞ പ്രാവിശ്യം പറഞ്ഞ അതേ വാക്കുകൾ ഒരിക്കൽക്കൂടി ആവർത്തിച്ചു:

അടുത്ത ലീവിനാകട്ടെ. ഇത്രയൊക്കെ കാത്തില്ലെ?

ഒടുക്കം, എന്റെ മോള് വീട്ടിൽത്തന്നെ നിന്നു പോകാൻ ഇടയാകരുത്.

എന്താണ് പറഞ്ഞത്?

അമ്മാവന്റെ കുഴിഞ്ഞ കണ്ണുകളുടെ ആഴത്തിലേക്ക് പകച്ചു നോക്കി.

-എന്നെ അവിശ്വാസിക്കുകയാണോ?

പൊടുന്നനെ കോപവും നീരസവും തോന്നി.

പിന്നെ തണുത്തു. ദയ തോന്നുകയും ചെയ്തു.

കുറ്റപ്പെടുത്തിക്കൂടാ.

ഒരു കൊല്ലം കുടി ഞാൻ കാക്കും. അതു കഴിഞ്ഞാൽ അവളെ ഞാൻ ആർക്കെങ്കിലും പിടിച്ചു കൊടുക്കും. ആ ശബ്ദം അപരിചിതവും അന്യവുമായിത്തോന്നി.

-ഞാൻ നിസ്സഹായനാണ്. ഞാൻ നിസ്സഹായനാണ്. അങ്ങിനെ വിളിച്ചി പറയാനുള്ള ഇച്ഛയുണ്ടയി.

നടിനിലകത്തു കൂടി പടിഞ്ഞാപ്പുറത്തേക്കു ചെന്നപ്പോൾ, രണ്ടു കണ്ണിലും നിറയെ കണ്ണുനീരുമായി ലത

പോട്ടെ.....?

പിണങ്ങിക്കൊണ്ടാണോ വിജു ഏട്ടാ?

എന്തിന്?

അച്ഛൻ മനസ്സിലെ വിഷമം കൊണ്ട് പറഞ്ഞു പോയതാണ്. അല്ലാണ്ട് അങ്ങിനെയൊന്നും ചെയ്യാൻ വിചാരിച്ചല്ല.

എനിക്കറിയാം. നീയെങ്കിലും എന്നെ വിശ്വസിക്കുന്നുണ്ടല്ലോ. പിന്നെ കൈയിലിരുന്ന ഏതോ കടലാസുകീറ് കൊച്ചു കഷണങ്ങളായി നുള്ളി താഴെയിട്ടു കൊണ്ട് അവൾ മൃദുവായി പറഞ്ഞു:

ഇപ്രാവിശ്യം എന്തായാലും കല്ല്യാണംണ്ടാവൂന്നാ എല്ലാവരും കരുദ്യേ. അതു പറഞ്ഞ് എന്റെ കൂട്ടുകാരികളൊക്കെ എന്നെ ഒരുപാട് കളിയാക്കേം ചെയ്തതാ.

നീയും അങ്ങിനെ പ്രതീക്ഷിച്ചോ?

ഉവ്വെന്ന് പറയുന്നതിനു പകരം അവൾ കൺപോളകൾ അടയ്ക്കുകയും, അപ്പോൾ രണ്ടു വലിയ കണ്ണുനീർത്തുള്ളികൾ താഴെ തറയിൽ വീണുടയുകയും ചെയ്തു.

ആശ്വസിപ്പിക്കാൻ വാക്കുകൾ കിട്ടാതെ വിഷമിക്കമ്പോൾ കണ്ടു.

വിറകൊള്ളുന്ന ചുണ്ടുകൾ.........

ഏകാകിയായി തിരിച്ചു പോരുമ്പോൾ, വലുതായി സങ്കടപ്പെട്ടു.

നോക്കെത്താത്ത പാടശേഖരങ്ങളും പറമ്പുകളുമുണ്ടായിരുന്ന തറവാട്, മുന്തിയ ജാതി, ആഢ്യത്വം ഫ്യൂഡലിസത്തിന്റെ അവസാനകീടമായി പിറക്കുകയും, പിൻതലമുറകളുടെ പാപഭാരം മുഴുവൻ ചുമക്കുവാൻ വിധിക്കപ്പെടുകയും ചെയ്ത ദുര്യോഗം.

വീട്ടിൽ അടിയ്ക്കടിയുണ്ടായ അകാലമരണങ്ങൾ......

വ്യവഹാരത്തോടുള്ള അച്ഛന്റെ ഒടുങ്ങാത്ത ആസക്തി.

പുതിയ ഭൂനിയമങ്ങളുടെ കയ്യേറ്റം.

മലവെള്ളമിറങ്ങുന്നതുപോലെ ശക്തിക്ഷയം സംഭവിച്ച തറവാട്.....

എല്ലാം നശിക്കുകയും തകരുകയും ചെയ്തപ്പോൾ,ശയ്യാവലംബിയായിതീർന്ന അച്ഛൻ.....

തീരാത്ത കടങ്ങൾ ....... തീർക്കാനൊക്കാത്ത ബാദ്ധ്യതകൾ.......

പെങ്ങന്മാരുടെ വിവാഹം, തുടരെത്തുടരെയുള്ള പ്രസവം........

ഒരു കാലത്ത് വാരിക്കോരി ദാനം നടത്തിയിരുന്ന തറവാടിന് പണവും ഒരപൂർവ്വ വസ്തുവായി മാറി.

ഒന്നു രക്ഷപ്പെടാനുള്ള പഴുതുകളൊന്നും കാണാതെ, ചുവരുകൾക്കകത്തെ ജയിലിൽക്കിടന്ന് വീർപ്പു മുട്ടുമ്പോഴാണ് അയൽക്കാരനും പണ്ടത്തെ ആശ്രിതനുമായ കാദരുട്ടി ഒരു ദിവസം വീട്ടിൽ വരുന്നത്.

കൂനിക്കൂടിയിരുന്ന് ചുമയ്ക്കുന്ന അച്ഛന്റെ കണ്ണുകളിൽ ജലം.

പൊള്ളുന്ന നെടുവീർപ്പുകളിൽ അലിയുന്ന വിഷാദവും വേദനയും.

ഞങ്ങളെ ഒന്നു രക്ഷിക്കണം കാദരുട്ടി. വിജയനെ എങ്ങിനെങ്കിലും ഒന്നങ്ങട് കടത്തിടണം. അല്ലങ്കിൽ ആത്മഹത്യ ചെയ്യെ മാർഗ്ഗൊള്ളു. അച്ഛന്റെ മുമ്പിൽ അപ്പൊഴും ഇരിക്കാതെ, ഒതുങ്ങി നിൽക്കുകയായിരുന്ന കാദരുട്ടി പറഞ്ഞു.

പണ്ടത്തെപ്പോലെ ഇപ്പോ വിസയൊന്നും കിട്ടില്ല. നിയമങ്ങളൊക്കെ മാറി. പിന്നെ എങ്ങിനെയെങ്കിലും ശ്രമിച്ച് കിട്ട്യാത്തന്നെ പത്തു മുപ്പതിനായിരം ഉറുപ്യ ചെലവുണ്ട്.

കാശ ഞാനെങ്ങിനെങ്കിലും നിവർത്തിച്ച് തരാം. തനിക്ക് കഴിയണതാണെങ്കിൽ അങ്ങിനെ ഒരു സഹായം ഞങ്ങൾക്ക് ചെയ്തു തരാ.


# വിവാഹിതരായി



വധു

**അനൂജ**

(D/o. മുക്കണ്ണിയിൽ ചന്ദ്രൻ
മുക്കണ്ണിയിൽ ഹൗസ്
കൊമ്മേരി

വരൻ

**ബിമീഷ്**

(S/o. പണ്ടാരക്കണ്ടി
വസന്തകുമാർ
കാളൂർറോഡ്

ഇവർ തമ്മിലുള്ള വിവാഹം 20-01-2013 ഞായറാഴ്ച വധൂഗൃഹത്തിൽ വെച്ചു നടന്നു.

*With best compliments from*

**Edoli Ravindran & Edoli Family**

കാദർകുട്ടി ദുബായിലെത്തി,മൂന്നു മാസത്തിനകം വിസ എടുത്തയച്ചു തന്നു.

അച്ഛൻ വാക്കു പാലിക്കാതിരുന്നില്ല. താമസിക്കുന്ന തറവാടും, ആകെയുള്ള മുപ്പതു സെന്റു ഭൂമിയും ഈടു കൊടുത്ത് അമ്പതിനായിരം രൂപ കടം വാങ്ങി.

അച്ഛന് നഷ്ടപ്പെട്ടു പോയ പ്രതാപം വീണ്ടെടുക്കണം. സഹോദരിമാർക്ക് കൊടുത്തു തീർക്കാത്ത സ്ത്രീധന തുക വേണം. വിവാഹിതയാകാത്ത അനുജത്തിയും ഏറ്റവുമിളയ അനുജനും ഉന്നത വിദ്യാഭ്യാസവും സൗകര്യങ്ങളും വേണം.

ഒരു കുടുംബത്തിന്റെ ആയിരം പ്രതീക്ഷകൾ..........

അതിനിടയ്ക്ക് സ്വന്തം മോഹങ്ങൾക്ക് പ്രസക്തിയെവിടെ?

എല്ലാം നഷ്ടപ്പെടുത്തി കരസ്ഥമാക്കിയ വേട്ടപക്ഷിയുടെ ചിത്രത്തോടു കൂടിയ എൻട്രി പെർമിറ്റുമായി, നാലു വർഷങ്ങൾക്കു മുമ്പ് ദുബായിലെ ഇന്റർനാഷണൽ എയർപോർട്ടിൽ വിമാനമിറങ്ങുമ്പോഴും ആഹ്ളാദമായിരുന്നില്ല ഉള്ളിൽ.

നിറം കൂടിയ സ്ഥായിയായ നിരാശ. ആത്മാവിനെ ആവരണമിട്ടു നിൽക്കുന്ന ദുഃഖം.

പുതിയ ലോകത്തെത്തിയതിന്റെ ഉത്സാഹത്തിമിർപ്പോടെ തുള്ളിച്ചാടേണ്ട മനസ്സിൽ കാളിമ.

പിന്നീട് ഒന്ന് തല ചായ്ക്കാനിടം തേടിയുള്ള അന്വേഷണം.

തുടർന്ന്, ജോലിക്കായുള്ള അലഞ്ഞുതിരിയൽ......

റെസിഡൻസ് വിസ അടിയ്ക്കാൻ പാസ്പോർട്ടും വാങ്ങി പോയ കാദരുട്ടിയെ ആഴ്ചകളോളം പിന്നെ കണ്ടതേയില്ല.

കയറിയിറങ്ങിയ ഷോപ്പുകൾ, ഷോറൂമുകൾ, ഓഫീസുകൾ.

പേരിനോടൊപ്പം ബിരുദം ചേർക്കാനുള്ള പഠനമോ, ഉദ്യോഗത്തിലിരുന്ന പരിചയമോ ഇല്ലാതെ......

കൂടെ താമസിക്കുന്നവരുടെ ഉപദേശങ്ങൾ..... നിർദ്ദേശങ്ങൾ.....

ആശയോടെ ചെന്ന്കണ്ട് സഹായമഭ്യർത്ഥിച്ച പ്രമുഖരുടെ മുഖങ്ങൾ.

അവസാനം ആമ്പ്രയുടെ കരയിലെ ഒരു വലിയ സ്ഥാപനത്തിലെ ഏറ്റവും താഴ്ന്ന പോസ്റ്റിൽ നിയമനം ലഭിച്ചപ്പോൾ ചിറകൊടിഞ്ഞു വീണ ചിരകാലാഭിലാഷങ്ങൾ.......

പൊന്നു വിളയുന്ന നാട്ടിലെ വേതനനിരക്കിനെക്കുറിച്ചിള്ള സങ്കൽപ്പങ്ങളുമായി തീരെ പൊരുത്തപ്പെടാത്ത ശമ്പളം.

വർഷങ്ങൾ പിന്നിട്ടിടും ജീവിതം പഴയ ചാലുകളിലൂടെ തന്നെ ഒഴുകി.

അവസാനിക്കാത്ത കടങ്ങൾ. പൊട്ടാത്ത ചങ്ങലക്കെട്ടുകൾ.

നാട്ടിൽ ആരതൊക്കെ അറിയുന്നു?

അവധിയിലെത്തുമ്പോൾ, വിദേശവസ്ത്രങ്ങളും, സിഗരറ്റും, പെർഫ്യൂമും ഒടിയാത്ത കറൻസി നോട്ടുകളുമോർത്ത് ഓടി വരുന്ന വേണ്ടപ്പെട്ടവർ.

സത്യത്തിന്റെ മുഖം ആരും കാണുന്നില്ല.

കാണാൻ കൂട്ടാക്കുന്നില്ല.

ലത പോലും.

ദീർഘമായ നാലു വർഷങ്ങൾ കൊണ്ട് എന്ത് സംഭവിച്ചു?

കിട്ടിയതെല്ലാം കടലിൽ കായം കലക്കുന്നതു പോലെ കലാശിച്ചു.

പരിഭവത്തോടെ ഒരു ദിവസം അച്ഛൻ പോലും പറഞ്ഞു:

ഓരോരുത്തര് പേർഷ്യേല് പോയി നാടു മുഴുവൻ വിലയ്ക്കു വാങ്ങുന്നു. നമുക്കിതേവരെ കൈവിട്ടു പോയ ഒരു തുണ്ടു ഭൂമി പോലും തിരിച്ചു മേടിയ്ക്കാൻ ഒത്തില്ലല്ലോ!

ഒത്തില്ലച്ഛാ! ഒക്കുമെന്നും തോന്നുന്നില്ല.

തലമുറ തലമുറകളായി കാരണവന്മാർ ചെയ്തു പോന്ന ദ്രോഹങ്ങൾക്കുള്ള ശിക്ഷ അനുഭവിച്ചു തീർക്കാതെ പറ്റില്ലല്ലോ.

പുറത്ത് ചാറ്റൽ മഴ ശക്തി പ്രാപിച്ചിരിക്കുന്നു. വർഷക്കാലമല്ലാതിരുന്നിട്ടും മഴ.

നാടും പ്രകൃതിയും മനുഷ്യരുമൊക്കെ മാറിക്കഴിഞ്ഞിരിക്കുന്നു

പ്രഭാതത്തിന്റെ കുളിരും തണുപ്പും.

മഴയുടെ ഇരമ്പത്തിലും സംഗിതം.

മരക്കൊമ്പിലിരുന്ന് മഴ നനയുന്ന കാക്കകളുടെ കരച്ചിൽ.

പുറത്തെ കുതിർന്ന മണ്ണുപോലെ ഈർപ്പമാർന്ന സ്വന്തം ഹൃദയം.

മറുനാട്ടിലെ ബദ്ധപ്പാടു നിറഞ്ഞ ജീവിതത്തിൽ കുറെയൊക്കെ മറക്കാൻ കഴിയുന്നുണ്ട്

പക്ഷേ ഇവിടെ വരുമ്പോൾ.......

നഷ്ടങ്ങളുടെ ഓർമ്മകൾ പുതുക്കുന്ന ഈ മണ്ണിൽ കാലു കുത്തുമ്പോൾ........

ഏങ്ങലടിച്ചു കരയാൻ പോലും തോന്നിപ്പോകുന്നു.

മുന്നു മണിക്കൂർ കൂടി കഴിയുമ്പോൾ, പടിയ്ക്കൽ വന്നു നിൽക്കുന്ന കുമാരന്റെ ടൂറിസ്റ്റ് ടാക്സി.

അച്ഛന്റെ കാൽ തൊട്ടു വന്ദിച്ച്, സ്യൂട്ക്കേയ്സുമെടുത്ത് ധൃതിയിൽ നടക്കുന്ന വൃദ്ധനായ യുവാവ്......

കണ്ണുകളിൽ മാത്രമല്ല അപ്പോൾ കണ്ണുനീർ തുളുമ്പുക.

എന്നോ, എവിടെയോ, കണ്ടുമുട്ടാമെന്ന പ്രതീക്ഷ പോലുമില്ലാത്ത ഭാഗ്യം തേടിയുള്ള മറ്റൊരു യാത്ര.

ഒരിക്കൽക്കൂടി.............




# പ്രേംനസീർ സാംസ്കാരിക വേദി

**കോഴിക്കോട്, രജി. നമ്പർ 352/08**

**പ്രേംനസീർ 24–ാം ചരമ വാർഷികം ജനുവരി 16,17,18**
**കോഴിക്കോട് ടൗൺഹാളിൽ**
**ഗാനാലാപന മത്സരം, ക്വിസ് മത്സരം**
**ഫോട്ടോ പ്രദർശനം, ജി.കെ. പിള്ള ടി.ആർ. ഓമന**
**ശ്രീലത, കദീജ എന്നിവരെ ആദരിക്കൽ, ഗാനമേള**
**എന്നിവയും നടന്നു.**



**നക്ഷത്രരാജ്യം ലേഖകൻ**



വിനോദ്കുമാർ ദാമോദർ

# വയനാട്ടിൽ കടുവ സങ്കേതം വന്നാൽ

ഈ കഴിഞ്ഞ ദിവസങ്ങളിൽ വയനാട്ടിൽ നിന്നും ഏറ്റവും പ്രധാനമായും വന്നു കൊണ്ടിരുന്ന മാധ്യമ വാർത്തകൾ ജനജീവിതം ദുസഹമാക്കി കൊണ്ടുള്ള കടുവയുടെ വിലസലിനെക്കുറിച്ചായിരുന്നു.

ആദ്യം പറഞ്ഞ റിപ്പോർട്ടുകൾ കടുവയിറങ്ങി കന്നുകാലികളെ പിടിക്കൂടിയപ്പോൾ കൂടുവച്ചുകടുവയെ പിടികൂടി വയനാട് വന്യജീവിസങ്കേത അതിർത്തിയിൽ തുറന്നുവിട്ടു എന്നതിനേപറ്റിയായിരുന്നെങ്കിൽ, പിന്നീട് വാർത്തകൾ മാറി.

തുറന്നുവിട്ട കടുവതന്നെ വന്യജീവിസങ്കേതത്തിൽ മടങ്ങിയെത്തിയതായി വാർത്തകൾ നിറഞ്ഞു. അതുകൊണ്ടും അവസാനിച്ചില്ല. പിന്നീട് കടുവ രണ്ടാമത്തെത് ഇറങ്ങിയ വാർത്തകളായി. യഥാർത്ഥമെന്തായിരുന്നാലും ആദ്യത്തേ അഭ്യുഹങ്ങളിൽ നിന്ന് വയനാട് വന്യജീവി വാർഡനെ സ്ഥലം മാറ്റിയസാഹചര്യം വരെ ഉണ്ടായെങ്കിലും, കന്നുകാലികളെ പിടിക്കാനിറങ്ങിയ രണ്ടാമത്തേ കടുവയെ തൽക്കാലം ജീവനോടെ പിടിക്കൂടുകയെ നിവൃത്തിയുള്ളുവെന്ന സാഹചര്യത്തിലേക്ക് കാര്യങ്ങൾ നീങ്ങി.

344.44 ചതുരശ്രകിലോമീറ്റർ വരുന്ന വയനാട് വന്യജീവിസങ്കേത്തിൽ കടുവകളുടെ എണ്ണം വളരെ വർദ്ധിച്ചുവെന്ന് തന്നെ കണക്കാക്കണമെന്നാണ് വന്യജീവി സ്നേഹികളുടെ കണക്കുക്കൂട്ടൽ. കടുവകളുടെ എണ്ണപ്പെരുപ്പം കണക്കാക്കി കടുവകളുടെ സുരക്ഷ ഉറപ്പാക്കിയില്ലെങ്കിൽ അതു അടുത്തു താമസിക്കുന്നവരുടെ സുരക്ഷയില്ലായ്മക്ക് കാരണമാകും. അതിനാൽ വന്യജീവിസങ്കേതം കടുവാസങ്കേതമായി മാറ്റണമെന്നും പ്രഖ്യാപനം ഉണ്ടാകണമെന്നും വനം വന്യജീവി വിഭാഗം ആവശ്യമുന്നയിച്ചിരിക്കുകയാണ്. 2010-11 ലേകണക്കനുസരിച്ച് എഴുപതോളം കടുവകൾ വന്യജീവിസങ്കതത്തിലുണ്ട്.

അതു കൊണ്ടു തന്നെകടുവകൾക്ക് സുരക്ഷ കുറയുമെന്നും അവ സങ്കേതത്തിനുപുറത്തിറങ്ങാനും സാധ്യത വർദ്ധിച്ചിരിക്കുകയാണ്. സങ്കേതത്തിനകത്തെ ഇരകളുടെ താരമ്യ എണ്ണം വർദ്ധിക്കാത്ത സ്ഥിതിവിശേഷമാണെങ്കിൽ കടുവകൾ ഇര തേടി പുറത്തിറങ്ങുമെന്നുള്ളത് ഉറപ്പാണ്. പ്രത്യേകിച്ചും മുറിവേറ്റതും ഇര തേടാൻ കഴിയാത്തതുമായ കടുവകൾ. കഴിഞ്ഞ ദിവസങ്ങളിൽ ഇറങ്ങിയ കടുവകൾ പിടിക്കുടിയ കന്നുകാലികളുടെ ഉടമസ്ഥർക്ക് നാലു ലക്ഷം രൂപ 24 നവംമ്പറിൽ വിതരണം ചെയ്തു. ഇവിടെ വന്യ പൂച്ചകൾ ഇതുവരെ ഒരൊറ്റ മനുഷ്യനെയും ആക്രമിച്ചതായി വിവരം ലഭിച്ചിട്ടില്ല. അതു കൊണ്ട് തന്നെ കടുവ നാട്ടിലെക്കിറങ്ങിയവിവരത്തിന്റെ പേരിൽ ഒരു ഭീകരതയുടെ ആവശ്യവുമില്ലായിരുന്നുവെന്നാണ് വന്യജീവിസ്നേഹികൾ പറയുന്നത്.

മാത്രവുമല്ല നമ്മുടെ ദേശീയ മൃഗമായ വന്യജീവിയായ ഈ വന്യ പൂച്ചയെ സംരക്ഷിക്കുവാൻ കോടികൾ തന്നെ പൊതുഖജനാവിൽ നിന്നും ഇറക്കുമ്പോൾ ഇവയുടെ സുരക്ഷിതം ഒരു പ്രധാന വിഷയമാണെന്നാണ് കൺസർവേഷൻ ഓഫ് നേച്യുർ സോസൈറ്റി പോലുള്ള വന്യജീവി സ്നേഹസംഘടനകൾക്ക് പറയുവാനുള്ളര്. 2005ൽ ഇന്ത്യയിൽ കടുവകളുടെ എണ്ണത്തിൽ കണ്ട വൻ കുറവുകണക്കിലെടുത്ത് നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റി മുന്നോട്ടു വച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കന്നുകാലികളെ ഇരയ്ക്കായി അക്രമികുന്ന അവസരത്തിൽ ഉടമയ്ക്ക് തക്കതായ പ്രതിഫലം നൽകു

കയെന്നതല്ലാതെ കടുവയെ വെടിവെക്കുക തുടങ്ങിയ ആവശ്യങ്ങൾ അംഗീകരിയ്ക്കുവാൻ നിർവാഹമില്ലെന്ന അവസരത്തിൽ കടുവകൾക്ക് കുടുതൽ സുരക്ഷ നൽക്കുന്നതിനു വയനാട് വന്യജീവിസങ്കേതം കടുവ സങ്കേതമായി പ്രഖാപിക്കുകയെന്ന നിലപാട് മാത്രമേ വഴിയുള്ളുവെന്നതാണ് വന്യജീവിസ്നേഹികളുടെ അഭിപ്രായം. എന്നാൽ രാഷ്ട്രീയ ലാഭത്തിനു വേണ്ടിയും ഭുമികൈയേറ്റക്കാരുടെയും വാക്കുകളിൽവീണ് ഇതിനെ എതിർക്കുന്നവരുടെ വാക്കുകളിൽ വിശ്വസിച്ച് കടുവസങ്കേതം വേണ്ടയെന്ന ആവശ്യമാണ് നാട്ടുക്കാർക്കുള്ളത്. കടുവ സങ്കതം വന്നാൽ വനനിയമങ്ങളെ കുടുതൽ കർശനമാക്കുമോയെന്ന ആശങ്ക ജനങ്ങളിൽ ഉളവാക്കിയിരിക്കുകയാണ്.

പക്ഷേ ഇവയൊന്നും ശരിയല്ല കാരണം വന്യജീവിസങ്കേതമായിരിക്കേതന്നേ നിയമങ്ങൾ ഇപ്പോൾ ബാധകമാണ്. വയനാട് വന്യജീവി സങ്കേതത്തിനകത്തിപ്പോൾനൂറോളം കുടുംബങ്ങൾതാമസിക്കുന്നുണ്ട്. ഇവരെപുനരധിവസിപ്പിക്കാനുള്ള ഒരു പദ്ധതി നടപ്പാക്കി വരികയാണ്. വന്യജീവിസംരക്ഷണനിയമം1972 പ്രകാരംസംരക്ഷിക്കപ്പെടേണ്ടകടുവ വംശനാശംസംഭവിച്ചുക്കൊണ്ടിരിക്കുന്നക്കൂട്ടത്തിൽപെടുന്നകാട്ടുപൂച്ച വിഭാഗത്തിലുംഷെഡ്യൂൾ ഒന്ന് പട്ടികയിൽ സംരക്ഷിതമായതിനാൽ കടുവസംരക്ഷണ അതോറിറ്റിയുടെ നിർദ്ദേശങ്ങളനുസരിച്ച്മനുഷ്യനെ കൊന്നു തിന്നുന സ്വഭാവമുള്ള കടുവകളെമാത്രമേ വെടിവെക്കുവാനുള്ള ഉത്തരവിടുവാനുള്ള അനുവാദമുള്ളു.

അതു കൊണ്ടു തന്നെ വയനാട്ടിൽ ആടിനെ പിടിക്കുന്നുവെന്ന പേരിൽ കടുവയെ വെടിവയ്ക്കണമെന്നും മറ്റും ആവശ്യപ്പെടുന്നത് വെറും രാഷ്ടീയ പ്രേരിതമാണ്.

കഴിഞ്ഞദിവസം ഇതിന്റെ പേരിൽ ഒരു ഹർത്താലും നടത്തി. ചത്ത ആടിനെ കഴിഞ്ഞ ദിവസം കമ്പിൽകെട്ടി തുക്കി മുന്നൂറോളം നാട്ടുകാർ എട്ടുകിലോമീറ്റർ നടന്ന് ഫോറസ്റ്റ് ചെക്ക്പോസ്റ്റിലെത്തി. തുടർന്ന് ചെക്ക്പോസ്റ്റ് ഉപരോധിച്ചു.



കടുവസംരക്ഷണ പരിപാടികളിൽ ഏർപ്പെട്ട മെഗാസ്റ്റാർ അമിതാഭ്ബച്ചൻ

ഇതേ സമയം തന്നെ ബത്തേരി ടൗണിൽ കടുവാപ്രശ്നവുമായി ബന്ധപ്പെട്ട് സത്രീകളും കുട്ടികളുമടങ്ങുന്ന ഒരുപറ്റം ആളുകൾ വയനാട് വന്യജീവിസങ്കേത ഒഫീസ് ഉപരോധിച്ചു. ചിലർ കാടിനു തീവച്ചുഎന്നാലിതിനു പിന്നിൽ കടുവ സങ്കതം മാറ്റുന്നതിൽ നിന്നും വകുപ്പിനേ പിൻതിരിപ്പിയ്ക്കുവാനുള്ള രാഷ്ട്രീയപ്രിതമായിരുന്ന നീക്കമാണ് കണ്ടതെന്ന് വന്യജീവിസ്നേഹികൾ വിലയിരുത്തി.

കടുവാസങ്കേതമായി പ്രഖാപിക്കേണ്ട തീരുമാനം എടുക്കേണ്ടതിന്റെ അന്തിമഅധികാരം നാഷ്ണൽ ബോഡ് ഓഫ് വൈൽഡ്ലൈഫിന്റെ കൈകളിലാണ്. ഇതിനായി പല പ്രമുഖ പരിസ്ഥിതിസ്നേഹ സംഘടനകളും ശ്രമം തുടങ്ങിയിട്ടുണ്ട്.

വയനാട് വന്യജീവിസങ്കേതത്തിലെ കടുവകളുടെ ഇന്നത്തെ ശരിയായ എണ്ണത്തിന്റെ കണക്കെടുക്കാനാണ് വിഷമം നേരിടുകയെന്നതാണ് വന്യജീവി വിഭാഗം ഉദ്യോഗസ്ഥരുടെ നിലപാട്.

തിങ്ങിനിറഞ്ഞ സങ്കേതത്തിലേ മരങ്ങളാണ് പ്രധാനതടസം. അടുത്തടുത്ത മരങ്ങൾ കാരണം കടുവകളുടെ ശരിയായ എണ്ണം എടുക്കുവാൻ ബുദ്ധിമുട്ടായിരിക്കും. അതുകൊണ്ടുതന്നെ സംസ്ഥാന സർക്കാരിന് ഈ ആവശ്യവുമായി കേന്ദ്രപരിസ്ഥിതിമന്ത്രാലയത്തിന അപേക്ഷനൽക്കുവാനുള്ള ബുദ്ധിമുട്ടാണ് ഇപ്പോൾ തടസ്സമായിനിൽക്കുന്നത്. ഈ കണക്കുകിട്ടിയാൽ നടപടികൾ ത്വരിതമാക്കണം. വയനാട് വന്യ ജീവിസങ്കേതത്തിലെ കടുവകൾ വനത്തിലെ താമസക്കാരെ അടുത്ത കാലത്തൊന്നും ആക്രമിച്ചതായി റിപ്പോർട്ടുകളില്ല. അതു കൊണ്ടു തന്നെ കടുവഇരയക്ക് വേണ്ടി മാത്രമാണ് അടുത്ത ദിവസം നാട്ടിലേയക്കിറങ്ങിയതെന്നും അല്ലാതെ മനുഷ്യനെ ആക്രമിച്ചേക്കുമെന്ന നിഗമനത്തിലെത്തി കടുവയെ വെടിവയ്ക്കാനൊന്നും ജില്ലാഭരണക്കൂടവും ഉത്തരവിടാൻ തയ്യാറല്ല. കേരളത്തിൽ ഇന്ന് രണ്ട് കടുവാ സങ്കേതങ്ങളാണുള്ളത്. ഒന്ന് പെരിയാറും വേറെയൊന്ന് പറമ്പിക്കുളവും.

രണ്ടു കടുവാ സങ്കേതങ്ങളിലും മനുഷ്യനേ കടുവ ആക്രമിച്ച സംഭവങ്ങൾ അടുത്തൊന്നുമുണ്ടായിട്ടില്ല.

പ്രത്യേകിച്ചും വയനാട് വന്യജിവി സങ്കേതത്തിൽ അനാവശ്യമായി മനുഷ്യനും കടുവയും ഏറ്റുമുട്ടേണ്ട അവസരം ഉണ്ടായിട്ടില്ല. അതിനാൽ എന്തുവിലകൊടുത്തും കടുവയെ പിടികൂടി സുരക്ഷമാക്കാനുള്ളനീ ക്കം മാത്രമായിരിക്കും വനം-വന്യ ജീവിവിഭാഗത്തിന്റെലക്ഷ്യം, കുപ്രചരണങ്ങളെ ആശ്രയിക്കാനായിരിക്കി ല്ല. ■



# പാട്ടുകാരിയുടെ പാട്ടു പാത

നക്ഷത്രരാജ്യം ലേഖകൻ

എന്റെ ശരീരത്തെ ബാധിച്ചിരിക്കുന്നത് എല്ലുകൾ ഒടിഞ്ഞുനുറുങ്ങുന്ന രോഗമായിരുന്നു. ഷിജിലി പറയാൻ തുടങ്ങി. ലോകത്ത് എനിക്ക് മാത്രമായിരുന്നു ഈ രോഗമെന്നാണ് കരുതിയിരുന്നത്. ആദ്യമൊക്കെ ബുദ്ധിമുട്ടുകൾ നന്നായി അനുഭവിച്ചിരുന്നു. നടക്കാനോ എഴുന്നേറ്റ് നിൽക്കുവാനോ സാധ്യമാവാത്ത വണ്ണം എല്ലുകൾ എന്റെ ശരീരത്തേ തളർത്തിയെങ്കിലും വിധി ഒരിക്കലും മനസ്സിനെ തളർത്തിയിട്ടില്ലെന്ന് അഭിമാനത്തോടെ പറയാൻ എനിക്ക് എന്നും സാധിക്കും. ഓർമ്മവച്ചപ്പോൾ ഡോക്ടറുടെ ചുണ്ടുകളിൽ നിന്ന് കേട്ട എന്റെ രോഗത്തിന്റെ വലിയ പേര് എനിക്ക് പേടിയാണ് സമ്മാനിച്ചത്. ഇതെന്തൊരു രോഗമാണെന്നോർത്ത്.

കുറവുകൾക്കു നടുവിലും സഹതാപം പിടിച്ചുപറ്റാനോ, സങ്കടപ്പെടാനൊ എനിക്ക് ഇഷ്ടമില്ല. എന്റെ കുറവുകളെ ഞാൻ ഗൗനിക്കുന്നതുമില്ല. വലിയ ലോകത്തെ ചെറിയ ജീവിതത്തിനിടയിൽ ചെയ്തു തീർക്കാൻ ഒരുപാടുണ്ട്. കോഴിക്കോട് തിരുവണ്ണൂർ കോട്ടൺമിൽ റോഡിലുള്ള വീട്ടിലിരുന്ന് ഷിജിലി നക്ഷത്രരാജ്യം ലേഖകനോട് തുടർന്നു.

**ഷിജിലി:** മറ്റുള്ളവരെപോലെ സ്ക്കൂളിൽപോകാൻ കഴിയാതിരുന്നപ്പോൾ വിഷമം തോന്നി. സങ്കടം സഹിക്കാൻ പറ്റില്ലായിരുന്നു, പിന്നെ പിന്നെ അതൊക്കെ മാറി. പഠിക്കാൻ കഴിയാത്ത വിഷമം ഇപ്പോഴില്ല. തുല്ല്യത പരീക്ഷയെല്ലാം പാസായി. ഇളയ ചേച്ചി ഷിമിലിയണ് എനിക്ക് ആദ്യമായി അക്ഷരം പറഞ്ഞുതന്നത്. ചെറുപ്പത്തിലേ പാട്ടു കേൾക്കുമായിരുന്നു.പാട്ടിനെ ജീവവനായി, താളമായി മനസ്സിൽ സൂക്ഷിക്കുന്നുമുണ്ട് എല്ലുകൾ ഒടിഞ്ഞു നുറുങ്ങുന്ന രോഗം ദൈവം സമ്മാനിച്ചപ്പോഴും മുതിർന്ന് കഴിഞ്ഞപ്പോൾ തോന്നി എന്തിനാ ഇത്രയും വിഷമിക്കുന്നതെന്ന്. എനിക്ക് ഈയൊരു അസുഖമുണ്ടെന്നല്ലെയുള്ളു. ജീവിതത്തിൽ കഷ്ഠപ്പാടുകളും ദുരിതങ്ങളും അനുഭവിക്കുന്ന എത്രയോ ആളുകളുണ്ട്. ഒരു നേരത്തെ ഭക്ഷണത്തിനു വകയില്ലാത്ത എത്ര പേരുണ്ട്. അനങ്ങാൻ പോലുമാകാതെ കട്ടിലിൽ കിടക്കുന്നവരുണ്ട്. ജീവിതത്തിൽ വിധിയുടെ വിളയാട്ടം പ്രവചനാതീതമാണ്. സൗഭാഗ്യങ്ങൾ നൽകിയും നൽകിയതിനേ തട്ടിപ്പറിച്ചും അത്ഭുതങ്ങൾ കാട്ടിയും നേട്ടങ്ങളും നഷ്ഠങ്ങളും വരുത്തിയും അടുത്ത നിമിഷം ഓരോ ജീവിതവും മാറിമറിയുന്നത് പലപ്പോഴും നോക്കി നിൽക്കാനെ കഴിയൂ. അവരുടെ അത്രയുമൊന്നും പ്രശ്നങ്ങൾ എനിക്കില്ലല്ലോ? അതു മാത്രമേ ചിന്തിച്ചുള്ളു. അതോടെ എനിക്ക് ജീവിതത്തോട് വാശിയായി. മറ്റുള്ളവരെപോലെ ജീവിച്ചേ മതിയാകൂ എന്ന തോന്നലായി. അതിനായി ഞാൻ ഏറ്റവും ഇഷ്ടപ്പെടുന്ന സംഗീതത്തെ എന്നോടൊപ്പം ചേർത്തു.

**കുടുംബം:** അച്ഛൻ ശശിധരനും അമ്മ ഇന്ദിരയും സഹോദരങ്ങളായ അമ്പിളി, ഷിമിലി, ലെനിൻ. അവരാണ് ഇന്നെന്റെ ശക്തി. ലോകത്ത് മറ്റേത് അച്ഛനേയും അമ്മയേയും പോലേയല്ല. ഇങ്ങനെ രണ്ടു പേരെ കിട്ടാൻ ഞാനെത്ര പുണ്യം ചെയ്തിരിക്കണം.

ഇപ്പോൾ 28 വയസ്സായി എനിക്ക്. ഈ വർഷങ്ങൾക്കിടയിൽ എനിക്ക് യാതോരു കുറവും വരുത്തിയിട്ടില്ല. അച്ഛന്റെ ബൈക്കിന്റെ മുന്നിലിരുന്നാണ് എന്റെ കറക്കം മുഴുവൻ. എന്തെങ്കിലും പ്രോഗ്രാമുണ്ടെങ്കിൽ എല്ലായിടത്തും കൊണ്ടു പോകും അച്ഛൻ. വയ്യെന്ന് കരുതി എന്റെ പിറകേ നടന്ന് ഒരു കാര്യവും ചെയ്ത് തരേണ്ട രീതിയിലുള്ള ബുദ്ധിമുട്ടുകൾ ഒന്നും തന്നെയില്ല. എല്ലാവരും ചെയ്യുന്നതു പോലെതന്നെയാണ് ഞാനും കാര്യങ്ങൾ ചെയ്യുന്നത്. അതിൽ അത്ഭുതമൊന്നുമില്ല. എന്നെ നോക്കുന്നത് എന്റെ വീട്ടിലുള്ളവർക്ക് ഒരു ഭാരമല്ല. കാരണം ഞാൻ അവരെ ബുദ്ധിമുട്ടിക്കാറില്ല.

**അമൃതവർഷിണി:**

എല്ലുകൾക്കുണ്ടാകുന്ന അസുഖം ബാധിച്ചവരെ സംരക്ഷിക്കുന്ന സംഘടനയാണ് അമൃതവർഷിണി സംഘടനയെകുറിച്ച ഞാൻ കേട്ടിട്ടുണ്ടായിരുന്നില്ല. അപ്രതീക്ഷിതമായിട്ടാണ് അമൃതവർഷിണിയുടെ ഭാഗമാവുന്നത്. അതുല്യ എന്നോരു പെൺകുട്ടിയാണ് അതിന് നിമിത്തമായത്.

ഒരു ദിവസം ജോലി കഴിഞ്ഞ് അച്ഛൻ ഒരു പത്രവുമായാണ് വന്നത്. അതുല്യ എന്നൊരു പെൺകുട്ടിയെ കുറിച്ചുള്ള വാർത്തയുണ്ട്. നിന്റെ അതേ അസുഖമാണ്. നോക്ക് അവളെന്ത് സ്മാർട്ടാണ്. രോഗമുണ്ടെന്ന തോന്നൽ പോലും അവളുടെ മുഖത്തില്ല. നീയും അതുപോലെയാകണം. അത്തരം വിഷമങ്ങൾ നിന്റെയുള്ളിൽ ഉണ്ടെങ്കിൽ അത് മാറാനാണ് ഈ പത്രം ഞാൻ കൊണ്ടു വന്നത്; അച്ഛൻ പറഞ്ഞു. അപ്പോൾ എനിക്കൊരുആഗ്രഹം തോന്നി. അതുല്യയെ ഒന്ന് കാണണം. കൊയിലാണ്ടിയിലാണ് അവളുടെ വീട്. ഞാനും അച്ഛനും കൂടി ബൈക്കിൽ കോഴിക്കോട് തിരുവണ്ണൂർ കോട്ടൺമിൽ റോഡിലുള്ള ഞങ്ങളുടെ വീട്ടിൽ നിന്ന് കൊയിലാണ്ടിയിലെത്തി. അച്ഛൻ എന്നെ എടുത്തുകൊണ്ടാണ് ചെന്നത്. എന്നെ കണ്ടതും അവള് ചിരി തുടങ്ങി. ഞാനങ്ങു തരിച്ചുനിന്നു പോയി. ഞങ്ങൾ പരിചയപ്പെട്ടു. തമാശകളും വിശേഷങ്ങളും പങ്കുവച്ചു. നല്ല കൂട്ടുകാരായി. അതുല്യയാണ് അമൃതവർഷിണിയുടെ കാര്യം പറഞ്ഞത്. അവൾ അതിൽ അംഗമാണെന്നും, സ്നേഹവും കരുതലും തരുന്ന നല്ലൊരു അമ്മയും സഹോദരങ്ങളുമുള്ള സംഘടനയാണെന്നുമൊക്കെ. അങ്ങിനെയാണ് ഞാനും അമൃതവർഷിണിയിലെ കുട്ടിയായത്.

ലതാ നായർ എന്ന ആന്റിയും, അഭിലാഷ്, അനീഷ് എന്ന രണ്ടുപേരുമാണ് അമൃതവർഷിണിയുടെ എല്ലാം. ശരിക്കും പറഞ്ഞാൽ ഞങ്ങളെ പോലുള്ളവർക്ക് താങ്ങും തണലുമാണ് ഈ സംഘടന. കിടന്നുകൊണ്ടു പോലും ചിത്രം വരയ്ക്കുകയും പാട്ടുപാടുകയും ചെയ്യുന്ന അനവധി കലാപ്രവർത്തനങ്ങളിൽ സജീവമായിരിക്കുന്നവരാണ് ഇതിലെ ഓരോ വ്യക്തിയും.

ദൈവം സംഗീതം എന്നൊരു ഔഷധവും ശക്തിയും തന്നിട്ടുണ്ട്. പാട്ട് പാടുമ്പോൾ സ്വയം മറന്ന് അനന്ദിക്കാനും കഴിയുന്നുണ്ട് എന്നാലും ചിലപ്പോഴൊക്കെ തൊണ്ടയ്ക്ക് അസ്വസ്ഥത തോന്നാറുണ്ട്. പാട്ടുപാടുന്നവർ തണുത്തതൊന്നും കഴിക്കാൻ പാടില്ലെന്നലേ പറയാറ് പക്ഷേ ഞാൻ അങ്ങനെയുള്ള ചിട്ടകളൊന്നും പാലിക്കാറില്ല. വർഷങ്ങളായി സംഗീതം പഠിക്കുന്നുണ്ട്. കുടുംബശ്രീയുടെ ഒരു പ്രോഗ്രാമിനാണ് ആദ്യമായി പാടിയത്. അമൃതവർഷിണി തിരുവനന്തപുരത്തു നടത്തിയ ഒരു പ്രോഗ്രാമിൽ ചിത്രചേച്ചിയും എം.ജി ശ്രീകുമാർ സാറും ഒക്കെ വന്നിരുന്നു. അവരെ കാണാൻ കഴിഞ്ഞത് ജീവിതത്തിലെ മഹാഭാഗ്യമായി കാണുകയാണ്.

ഇതൊക്കെയാണെങ്കിലും എനിക്കൊരു സ്വപ്നമുണ്ട് ഒരു പാട്ടു ടീച്ചറാവുക എന്നത്. അതിനുവേണ്ടിയാണ് ഇനിയുള്ള പരിശ്രമം.

വാത്സല്യവർഷം 2012

അമൃതവർഷിണിയുടെ പ്രോഗ്രാം വാത്സല്യ വർഷം 2012 തിരുവനന്തപുരത്തുവച്ചു നടന്നു- ഞാനും അച്ഛനും അമ്മയും കോഴിക്കോട് നിന്ന് നവംബർ 29ന് രാത്രി പുറപ്പെട്ടു. 30-ാം തിയ്യതി പ്രഭാതത്തിൽ തിരുവനന്തപുരത്തെ പ്രോഗ്രാം സ്ഥലത്ത് എത്തി. അന്നു ഞാൻ ആ പ്രോഗ്രാമിൽ പങ്കെടുത്തില്ലായിരുന്നുവെങ്കിൽ ജീവിതത്തിൽ അത് എനിക്ക് വലിയൊരു നഷ്ഠമാകുമായിരുന്നു. അമൃതവർഷിണിയിലെ ലതാ ആന്റിയും അഭിലാഷ് ഏട്ടനും നിർബന്ധിച്ചതു കൊണ്ടാണ് എനിക്ക് അങ്ങിനെയൊരു ഭാഗ്യം ഉണ്ടായത്. അമൃതവർഷിണിയിലെ കൂട്ടുകാരെയെല്ലാം ഒരുമിച്ചു കണ്ടപ്പോൾ എന്റെ മനസ്സിൽ വളരെയേറെ സന്തോഷം ഉണ്ടായി. 30-ാം തിയ്യതി വൈകുന്നേരം പ്രശസ്ത സിനിമാനടൻ സുരേഷ്ഗോപിചേട്ടനും ഞങ്ങളുമായുള്ള ഒരു പ്രോഗ്രാം അവിടെ വച്ച് സുരേഷ്ഗോപിചേട്ടനെ നേരിൽ കാണാൻ കഴിഞ്ഞതും ഒരു ഭാഗ്യമായി ഞാൻ കരുതി സന്തോഷിച്ചു. സുരേഷ്ഗോപിചേട്ടൻ ഞങ്ങളെ ഒരോരുത്തരെയായി പരിചയപ്പെട്ടു. സുരേഷ്ഗോപിചേട്ടനെ കുറിച്ച്



അന്നേരമാണ് സിനിമാനടൻ എന്നതിതിലുപരി നല്ലൊരു മനുഷ്യസ്നേഹികൂടിയാണെന്ന് ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. അദ്ദേഹം ഞങ്ങളുടെ കൂടെ നിന്ന് ധാരാളം ഫോട്ടോകൾക്ക് പോസ്ചെയ്തു. ജീവിതത്തിലൊരിക്കലും മറക്കാനാവാത്ത നിമിഷങ്ങളായിരുന്നു അതെല്ലാം.

ഞങ്ങളുടെയെല്ലാം കാര്യങ്ങൾ അന്വേഷിക്കാനും ആവശ്യമുള്ളതെല്ലാം ഒരുക്കി തരുവാനും അമൃതവർഷിണിയുടെ വളണ്ടിയർമാരുണ്ടായിരുന്നു ഞങ്ങളുടെ കൂടെ - അവരെകൊണ്ട് പ്രോഗ്രാമിനാവശ്യമായതെല്ലാം ചെയ്യിക്കാൻ മുൻപന്തിയിൽ ലതാ ആന്റിയും അഭിലാഷ് ഏട്ടൻ പ്രതാപേട്ടൻ, അനീഷ് എന്നിവരും ജാഗ്രത പുലർത്തി. ഡിസംബർ 1ന് രാവിലെ ടൂർ പോയി . തിരുവനന്തപുരം സിറ്റിയിൽ ഓടുന്ന ഡബ്ബിൾ ഡക്കർ ബസ്സിലായിരുന്നു ഞങ്ങളുടെ യാത്ര. മുകളിൽ തട്ടുള്ള ഇത്തരത്തിലുള്ള ബസ്സുകളും ഞങ്ങൾ കണ്ട ടൂറിസ്റ്റ് കേന്ദ്രങ്ങളും ഇക്കാലമത്രയും ഞങ്ങളെല്ലാം സിനിമകളിൽ മാത്രമാണ് കണ്ടിരുന്നത്. കോവളം, ശംഖുമുഖം, വേളി ഇവിടെയെല്ലാം ഞങ്ങൾ പോയി. ഡിസംബർ 2 ന് കോവളത്ത് ഒരു റസ്റ്റോറന്റിൽ വച്ചായിരുന്നു. അമൃതവർഷിണിയുടെ സമാപന പ്രോഗ്രാം. വിശിഷ്ഠ വ്യക്തികളായി പരിപാടികളിൽ

ശ്രീലേഖക IPS, സംവിധായകൻ രാജസേനൻ, മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ മകൾ അച്ചു ഉമ്മൻ, പ്രശസ്തമാന്ത്രികൻ ഗോപിനാഥ് മുതുകാട്, പ്രശസ്ത സംഗീത സംവിധായകൻ എം ജയചന്ദ്രന്റെ ഭാര്യ എന്നിവരും പങ്കെടുത്തു. ഇവരെയെല്ലാം നേരിട്ട് ജീവിതത്തിൽ ഒരിക്കലും കാണാൻ സാധിക്കുമെന്ന് കരുതിയതല്ല. ഒരു സാധാരണ പ്രോഗ്രാം പോലെ തുടങ്ങി. ഡാൻസ്, പാട്ടുകൾ, ആഘോഷം എല്ലാം ഒരു സ്വപ്നത്തിൽ കാണുന്നതു പോലെ. പരിപാടികളുടെ സമാപനത്തിൽ അമൃതവർഷിണിയുടെ വളണ്ടിയർ ആയ അപർണ്ണ എഴുതി അവൾ തന്നെ പാടിയപാട്ട്. ഇതുവരെ നേരിട്ട് കണ്ടിട്ടില്ലാത്ത വലിയവലിയ ആളുകൾ, ഇതുവരെ കേട്ടിട്ടില്ലാത്ത പാട്ടുകൾ, മ്യൂസിക് ഇൻസ്ട്രുമെൻസ് എല്ലാം കൂടി ഒരു അത്ഭുത ലോകത്ത് എത്തിയതു പോലെ. എന്താ പറയുക. ഇതെല്ലാം ഇങ്ങനെ എഴുതി വെക്കാൻ മാത്രമുള്ള സന്തോഷം ഒന്നുമല്ല ഉണ്ടായത്. അത് അനുഭവിച്ചറിഞ്ഞ കാര്യമാണ്. ഇങ്ങനെയോരു ഭാഗ്യം ഞങ്ങൾക്ക് തന്നത് അമൃതവർഷിണിയാണ്. അതിന് ഏറ്റവും കൂടുതൽ നന്ദി പറയാനുള്ളത് ലതാ ആന്റി ,അഭിയേട്ടൻ, അനീഷ്, പ്രതാപ് ഏട്ടൻ എന്നിവരോടാണ്. അമൃതവർഷിണി ഇത്രക്കും ഉയർച്ച പ്രാപിച്ചതും ഇവരിലൂടെ തന്നെ.

അമൃതവർഷിണിയിൽ എത്തിയ ശേഷമാണ് എന്റെ അതേ അവസ്ഥയുള്ള ധാരാളം പേർ ഉണ്ടെന്ന് മനസ്സിലായത്. രോഗമല്ല ജന്മനാൽ കിട്ടിയ ഒന്ന് എന്നതിലുപരി മറ്റുള്ളവർ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് പോലെ തന്നെയാണ് ഞാനും. എനിക്കും ഈ ലോകത്ത് ചെയ്യാൻ ധാരാളം കാര്യങ്ങളുണ്ട്.

**അഭിപ്രായം:**

ജീവിതത്തിൽ പ്രതിസന്ധികൾ വരുമ്പോൾ അതിനെ അതിജീവിക്കാൻ കഴിയുന്നവർക്കെ വിജയം ഉണ്ടാവുകയുള്ളു. എനിക്ക് ധാരാളം സുഹൃത്തുക്കളുണ്ട്. അവരെല്ലാമായി ഫോണിൽ നല്ലൊരു ബന്ധവും കാത്തു സൂക്ഷിക്കുന്നു. എന്ത് വിഷമം ഉണ്ടായാലും, സങ്കടം ഉണ്ടായാലും അതെല്ലാം അവരുമയി പങ്കുവെക്കുകയും ചെയ്യും. അവർ തിരിച്ചും. സംഗീതം പോലെ തന്നെ ഞാൻ സന്തോഷിച്ചിട്ടുള്ള ചില നിമിഷങ്ങളാണ് യാത്രകൾ. ഞങ്ങൾ ഇടയ്ക്കിടെ യാത്രപോകും . വലിയ ഏട്ടത്തിയുടെ ഭർത്താവാണ് അതിന് മുൻകൈ എടുക്കുക. ആദ്യം യാത്ര പോയത് ഊട്ടിയിലും, മൈസൂരിലുമാണ്. അന്നെനിക്ക് 20 വയസ്സാണ്. ഇതിനിടയിൽ എത്രതവണ ഞാൻ യാത്ര ചെയ്തു. അതിലൊന്നും എനിക്കൊരു ബുദ്ധിമുട്ടും ഇല്ല. എന്തിനും തളരാത്ത ഒരു മനസുണ്ടാവണം. ■

## നക്ഷത്രരാജ്യം മാസിക 3-ാം വാർഷികാഘോഷവും കലാപരിപാടികളും 2012

**2012 മെയ് 25-ാം തിയ്യതി 3 മണിമുതൽ കോഴിക്കോട് ടൗൺഹാളിൽ അരങ്ങേറിയ കലാപരിപാടിയുടെ ഒരു ദൃശ്യം**






**ഡാൻസ് ടീച്ചർ ഷീബ സദാനന്ദൻ**

**ഗണപതി നൃത്തം**
**ഷീബ സദാനന്ദൻ, ആര്യമോഹൻ, അനുര ഷാജി ,അപർണ്ണ അയ്യപ്പൻ, ഷരിഗ ഗിരീഷ്**

കഥ

# ഇരുട്ടിലേക്കൊരു തീർത്ഥയാത്ര

അഷിത കാവുംവട്ടം



മുൾവേലിക്കടുത്ത് നിന്ന് ഒരാൾ മുരടനക്കി. മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിൽ സാമൂഹ്യപാഠം പുസ്തകം വായിക്കുകയായിരുന്നു അന്ന. അവൾ പുസ്തകത്തിൽ നിന്നും തല ഉയർത്താതെ ഇരുട്ടിൽ വന്നു നിൽക്കുന്ന രുപത്തോട് പറഞ്ഞു. അകത്ത് ആളുണ്ട്.

അയാൾ മുന്നോട്ട് വെച്ച കാൽ തിരിച്ചെടുത്ത് വീടിനോട് ചേർത്ത് കെട്ടിയ ചായ്പ്പിലേക്ക് ഇരുട്ടിലൂടെ നടന്നു.

പെണ്ണെ..., ആ വിളക്കിന്റെ തിരി ലേശം താഴ്ത്തിക്കേ... മുഖം കാണിക്കാതെ അയാൾ വിളിച്ചു പറഞ്ഞു. അന്ന വിളക്കുതിരി താഴ്ത്തി. കടലാസിലെ അക്ഷരങ്ങൾ ഒരു കറുത്ത രേഖയായ് അവളുടെ കൺമുന്നിൽ നിരന്നു.

അകത്ത് വഴിതെറ്റിപോയവളുടെ ശരീരം തേടി വന്നവരിലെ അഗ്നി കെടുത്തുമ്പോൾ നിശബ്ദതയെ മറികടന്ന് പുറത്തേക്ക് ഇരച്ചെത്തുന്ന അവ്യക്തമായ പുലമ്പൽ.... അന്നയ്ക്ക് അന്യമായിരുന്നു അത്. അന്ന പുസ്തകം മടക്കിവച്ച് ഇരുന്ന ഇരുപ്പിൽ പുറകോട്ടോന്നു നിരങ്ങി ഭിത്തിയിലേക്ക് ചാഞ്ഞിരുന്നു. ചായ്പ്പിൽ നിന്നും അക്ഷമയുടെ വാക്കുകൾ പരസ്പരം ഉരസുന്ന ശബ്ദം കേട്ടപ്പോൾ ഇടം കണ്ണിട്ട് അന്ന ചായ്പ്പിലേക്ക് നോക്കി.

ഇരുട്ടിൽ ജ്വലിച്ചിരുന്ന അയാളുടെ കണ്ണുകൾ കണ്ടപ്പോൾ അന്ന തന്റെ നോട്ടം പിൻവലിച്ചു. ആ അഗ്നിയുടെ അർത്ഥം ഇപ്പോൾ അന്നയ്ക്കറിയാം. അന്ന എപ്പോഴും അങ്ങനെയായിരുന്നു. തന്നെ കീഴ്പ്പെടുത്താനുള്ള അവസരങ്ങൾ കാണാൻ തുടങ്ങിയാൽ അവൾ കണ്ണുകൾ പിൻവലിച്ച് നോട്ടം ശൂന്യതയിലേക്കാക്കും. പിന്നെ അവൾക്കു പോലും നിശ്ചയമില്ലാത്ത വഴികളിലൂടെയായിരിക്കും അവളുടെ യാത്ര. അങ്ങനെ അതിർത്തികൾ നിരാകരിച്ച് അവൾ യാത്ര തുടരും. പിന്നിലേക്ക് ഓടി മറയുന്ന കാലം ഉള്ളം കൈയ്യിലെ തെളിഞ്ഞ രേഖകൾ പോലെ..... ഓർമ്മകൾ നേർത്ത വരകളായ് അവളെ മടക്കയാത്രയുടെ പാതയിലേക്കെത്തിച്ചു.

മുല്ല പൂവിന്റെയും, ചാന്തിന്റെയും, കരിമഷിയുടെയും ഗന്ധം വീണ്ടും അന്നയ്ക്ക് ചുറ്റും പരന്നു. അജ്ഞാതമായ ഇരുകാലികളുടെ കാൽപ്പാടുകൾ പതിഞ്ഞ മുറ്റത്തെ പുഴിമണൽ, തിരിതാഴുകയും ഉയരുകയും ചെയ്യുന്ന മണ്ണെണ്ണ വിളക്കിന്റെ നിസ്സഹായത,അടച്ചു തുറക്കുമ്പോൾ ഉണ്ടാകുന്ന മരവാതിലിന്റെ വിലാപം... മുറിക്കുള്ളിൽ നിന്നും തെറിക്കുന്ന അസ്പഷ്ട്ടമായ വാക്കുകൾ, എഴുതി ചേർക്കപ്പെട്ട നിയമം പോലെ മുറിക്കുള്ളിൽ നിന്നും ഇടയ്ക്കിടെ ഉയരുന്ന ശിൽക്കാരങ്ങൾ.....!

ചായ്പ്പിനടുത്തെ മുറുകുന്ന കാലൊച്ചകൾ അന്നയുടെ ചിന്തകളെ പാടെ മുറിച്ചുകളഞ്ഞു. ഒക്കെ ആവിശ്യമില്ലാത്ത ചിന്തകളാണ്. ഛെ...! അന്നയ്ക്ക് ചിരിയും കരച്ചിലും ഒപ്പം വന്നു. അവൾ പാടുപ്പെട്ട് അതടക്കി.

അകത്തെ കതക് പാതിതുറന്ന് ഷർട്ടിന്റെ ബട്ടൺസ് ഓരോന്നായ് ഇട്ടുകൊണ്ട് ഒരു രൂപം പുറത്തേക്ക് വന്നു. അന്ന വാതിലിന്റെ വിടവിലൂടെ ഉള്ളിലേക്ക് നോക്കി. അമ്മ കണ്ണാടിക്കു മുന്നിൽ നിന്ന് അഴിഞ്ഞ മുടി വാരികെട്ടുകയാണ്.

ചായ്പ്പിൽ നിന്ന ആൾ രൂപം കോലായിലേക്ക് കയറി നിന്ന് തലയിൽ കെട്ടിയ മുണ്ട് അഴിച്ചു മാറ്റി . വിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ ആ മുഖം അന്ന ഞെട്ടലോടെ കണ്ടു. രാമൻ കുട്ടി മാഷ് ആദ്യമായി ക്ലാസ് മുറിയിൽ വെച്ച് ദേവദാസിയുടെയും, ഗണികയുടെയും അർത്ഥം പറഞ്ഞു തന്ന തന്റെ ഗുരുനാഥൻ..., അർത്ഥമറിയാത്ത വാക്കിനെ കുറിച്ചറിയാൻ അന്ന് താനും കാതു കൂർപ്പിച്ചിരുന്നു. അർത്ഥമറിഞ്ഞപ്പോൾ തന്റെ മുഖം കുനിഞ്ഞതും, തെക്കേ വീട്ടിലെ

നിർമ്മലചേച്ചി എന്ന് ആരോ പിറു പിറുത്തുകൊണ്ട് ഉദാഹരണമായി പറഞ്ഞപ്പോൾ ക്ലാസിൽ കൂട്ടചിരി ഉയർന്നതും. ആ പൊട്ടിചിരിയുടെ താളഘോഷങ്ങളിൽ അവളുടെ കണ്ണുനീർ അനാഥമായി തീർന്നു. പിടിക്കപ്പെട്ട കള്ളിയെപൊലെ തല ഉയർത്താനാവാതെ എത്രനേരം അങ്ങനെ.... ആ സമയത്ത് തന്റെ നേർക്ക് ഒരു സഹതാത്തിന്റെ നോട്ടം പോലും ഇല്ലായിരുന്നു.

ഉച്ചയ്ക്ക് കരഞ്ഞുകലങ്ങിയ മുഖത്തോടെ ക്ലാസ്മുറിയിൽ തനിച്ചിരിക്കിമ്പോൾ രാമൻകുട്ടിമാഷ് വന്നു. അന്ന കരയണ്ട.... അയാൾ അവളുടെ തുടകളിൽ തഴുകി പറഞ്ഞു. അന്ന ആ കൈ പെട്ടന്ന് തന്നെ തട്ടി മാറ്റി.

നീ പരീക്ഷാഫീസ് അടച്ചില്ലേ..... , ഇല്ല.

അതെന്താ നീ അമ്മയോട് ചോദിച്ചില്ലേ.... അന്ന മറുപടി മൗനത്തിൽ ഒതുക്കി നിന്നു.

സാരമില്ല, ഞാൻ അടച്ചോളാം.... നീ നിന്റെ അമ്മയോട് ഞാനിന്ന് വരുമെന്ന് പറഞ്ഞേക്ക്... അയാൾ അവളുടെ പുറത്ത് ഒരു പ്രത്യേക രീതിയിൽ കൈവിരലുകൾ ഓടിച്ചു കൊണ്ട് അവളുടെ മുഖത്തേക്ക് നോക്കി. അന്ന വെറുപ്പോടെ മുഖം തിരിച്ചു. അകന്ന് മാറി സ്ക്കൂൾ മുറ്റത്തേക്കോടി.

വീട്ടിൽ അപ്പൻ കാച്ചുന്ന ചാരായ തുള്ളികളുടെ മണമാണ് രാമൻകുട്ടിമാഷിന്റെ വിയർപ്പിനെന്ന് അന്നയ്ക്ക് തോന്നി. അവൾക്ക് ജീവിതത്തിൽ ഇഷ്ടമില്ലാത്ത മണം ഏതാണെന്ന് ചോദിച്ചാൽ ഉത്തരം ഒന്നെ ഉള്ളു. അത് ആ മണം മാത്രമാണ്. അന്നയ്ക്ക് ഓക്കാനം വന്നു.

അതിഥിയായ് വന്ന അവസാനത്തെ പകൽ മാന്യനും പോയി. തിരക്കിട്ടുപോയ അയാളുടെ കാലടി ശബ്ദം കേട്ട് അന്ന ഉണർന്നു.എപ്പോഴാണ് ഉറങ്ങിപോയതെന്ന് അവൾക്ക് നിശ്ചയമില്ലായിരുന്നു.

പോയി അകത്ത് കെടന്നുറങ്ങടീ...... വാതിലടച്ചിട്ടു വേണം എനിക്കൊന്നുറങ്ങാൻ.

അന്ന കെട്ടുപോയ മണ്ണെണ്ണ വിളക്കും, പുസ്തകവുമായി അകത്തേക്ക് നടന്നു.

പിറ്റേന്ന് സ്ക്കൂളിലേക്ക് നടക്കുമ്പോൾ അന്ന ചിന്തിച്ചത് രാമൻകുട്ടിമാഷിന്റെ മുഖത്തേക്ക് താൻ എങ്ങനെ നോക്കും എന്നതാണ്. ചെമ്മൺ പാത ടാറിട്ട റോഡിനെ മുട്ടുന്ന ഭാഗത്തിന്റെ നേരെ മുന്നിലാണ് സ്ക്കുളിലേക്കുള്ള ഗേറ്റ്. റോഡിന്റെ അരികിലായി ചെറിയ കൈതോടുണ്ട്. മഴക്കാലമായതിനാൽ അതിൽ വെള്ളം നിറയെ മീനുണ്ടാവും. അന്ന തോട്ടിലേക്ക് എത്തി നോക്കി. പരൽ മീനുണ്ട് വാലാട്ടികളിക്കുന്നു. അന്ന തിരിഞ്ഞു നടന്നു.

പ്രതീക്ഷിച്ചപോലെ വിസിലിന്റെ ശബ്ദം കേട്ടപ്പോൾ അന്ന മതിലിന്റെ അരികിലേക്ക് നോക്കി.

പീപ്പിമാമൻ പതിവു തെറ്റിക്കാതെ അവിടെ തന്നെ നിൽപ്പുണ്ടായിരുന്നു. അയാൾ അവളെ നോക്കി വീണ്ടും വിസിലടിച്ചു. ഉണ്ടക്കണ്ണും, കട്ടിപുരികവും, ചുവന്ന തൊപ്പിയും, തെറിച്ചു നിൽക്കുന്ന കട്ടിമീശയും വെളുങ്ങനെ ചിരിച്ചു കുടവയറുമായി നിൽക്കുന്ന അയാളെ അന്ന പീപ്പി മാമൻ എന്നാണ് വിളിക്കാറ്.

സ്ക്കൂൾ ഗേറ്റിന്റെ മതിലിനരികിൽ അയാൾക്ക് ബലൂൺ കച്ചോടമാണ്. ഒരു മാസത്തോളമായി അയാൾ വന്നിട്ട്. എന്നും അന്നയെ നോക്കി അയാൾ പീപ്പിവിളിക്കും. ആ വിളികേട്ടാണ് അന്ന അയാൾക്ക് പീപ്പിമാമൻ എന്ന പേരിട്ടത്.

അയാൾ അന്നയെ അടുത്തേക്ക് വിളിച്ചു. അന്ന ചെന്നപ്പോൾ അയാൾ ഒരു കയറുള്ള പീപ്പിയെടുത്ത് അവളുടെ കഴുത്തിലണിയിച്ചു.

ഇത് അന്നകുട്ടിക്ക് മാമന്റെ വക സമ്മാനം.

തിരിഞ്ഞു നടന്ന് സ്ക്കുളിന്റെ പടികൾ കറുമ്പോൾ അയാൾക്ക് തന്റെ പേര് എങ്ങനെ കിട്ടി എന്ന് അന്ന ചിന്തിച്ചു.

നെഞ്ചിൽ നിന്നും ഒരു ഭാരം ഇറങ്ങിപ്പോയപോലെയാണ് അന്ന സ്ക്കൂൾ വിട്ട് ഇറങ്ങിയത്. കാരണം ഇന്ന് രാമൻകുട്ടിമാഷ് ലീവിലായിരുന്നു. ഗേറ്റിനരികിൽ പീപ്പിമാമനുണ്ട്. അന്ന അയാളോട് ചിരിച്ചു. ഇടവഴിലൂടെ വേണം വീട്ടിലെത്താൻ. അവൾക്ക് കൂട്ടുകാർ അധികമാരും ഇല്ലാത്തതിനാൽ തനിച്ചാണ് യാത്ര.

വൈകുന്നരം സ്ക്കൂൾ വിട്ടാൽ അവൾ വീട്ടിലേക്ക് വരുന്നത് ആരും തന്നെ നടന്നുപോകാൻ ഇഷ്ടപ്പെടാത്ത ചെളി നിറഞ്ഞ പുഴവക്കത്തു കൂടേയാണ്. നിറയെ തെങ്ങിൻ തോപ്പും, കൈതോടും, പുഴയും നിറഞ്ഞ ആ സ്ഥലം അന്നയ്ക്ക് ഏറെ ഇഷ്ട്ടമാണ്. കാണിയിൽ നിറയെ ആമ്പൽ പൂത്തിട്ടുണ്ടാവും. അന്നയ്ക്ക് ഒരുപാട് ഇഷ്ഠമാണ് ആ പൂത്ത ആമ്പലിന്റെ മണം. അരികിലായി ചുവന്ന കാട്ടുതെച്ചിപൂക്കളും, അവയ്ക്കിടയിൽ ചോരതുള്ളി ഉറഞ്ഞു കൂടിയ പോലെ തെച്ചിപ്പഴവും നിറഞ്ഞു നിൽക്കുന്നുണ്ടാവും. അന്ന നടന്നു ആരും ശ്രദ്ധിക്കാത്ത കറുകപുല്ല് നിറഞ്ഞ പുഴയോരത്തു കൂടെ. അവൾ പായലും ചമ്മിയും വകഞ്ഞുമാറ്റി പുഴയിലേക്കിറങ്ങി . അയമ്പകാടിനടുത്ത് മീൻ പിടിക്കുന്ന അയ്യപ്പുട്ടി ചേട്ടന്റെ ചെറിയ തോണി കയറുകൊണ്ട് കെടി നിർത്തിയിട്ടുണ്ട. ഓളങ്ങളാൽ അത് പതുക്കെ ഉലയുന്നുണ്ടായിരുന്നു. അന്ന അക്കരെയുള്ള കൈതക്കാട്ടിലേക്ക് നോക്കി. കൈത പൂത്തിട്ടുണ്ടായിരുന്നില്ല. അവൾക്ക് ഏറെ നിരാശ തോന്നി. ഓളങ്ങൾ അവളുടെ പാവാട തുമ്പ് നനച്ചു. അന്ന കരയിലേക്ക് കയറി.

കൈതകാടിന് അടുത്തു തന്നെയാണ് അവൾക്ക് പേരറിയാത്ത ആ മരമുള്ളത്. ഇലകൾ മുഴുവനായും കൊഴിഞ്ഞു നിൽക്കുന്ന ആ മരത്തേ നോക്കി നിൽക്കാൻ അവൾക്ക ഏറെ ഇഷ്ടമാണ്. കഴിഞ്ഞകൊല്ലമായിരുന്നോ..... അറിയില്ല എന്നോ മുത്തശി പറഞ്ഞിരുന്നു അത് പണ്ട് ഇല്ലപറമ്പായിരുന്നെന്ന്. മുത്തശ്ശിയെ കുറിച്ചോർത്തപ്പോൾ അന്നയ്ക്ക് സങ്കടം തോന്നി. അങ്ങിങ്ങായി നരച്ച മുടിയും, ഉയരം കുറഞ്ഞ്,ചുണ്ടിൽ നിന്നും ഇറ്റി വീഴുന്ന മുറുക്കാൻ തുപ്പൽ ഉടുമുണ്ടാൽ തുടച്ച്, ഇടയ്ക്കിടെ ചുക്കി ചുളിഞ്ഞ കൈകൊണ്ട് കാതു ചൊറിഞ്ഞ് സ്ക്കൂൾ വിട്ടുവരുന്നതുവരെ തന്നെ കാത്തു നിൽക്കാറുണ്ടായിരുന്നു മുത്തശ്ശി.

മുത്തശ്ശിയുടെ ചെവിയുടെ അറ്റത്ത് വലിയ ഒരു ഓട്ടയാണ്. ആ ഓട്ടയ്ക്കുള്ളിൽ വിരലിട്ടു കളിക്കാൻ തനിക്ക് ഒരുപാടിഷ്ട്ടമായിരുന്നു. ഒരിക്കൽ ആ കളിക്കിടയിൽ മുത്തശ്ശിയുടെ തല നിറയെ നരച്ചമുടിയാണെന്നു പറഞ്ഞ് കളിയാക്കിയിരുന്നു.

അത് മരണം ചിരിക്കയാണെന്റെ അന്നകുട്ടീ ന്നും പറഞ്ഞ് മുത്തശ്ശി ചിരിച്ചു. പിന്നെ ഒരു മാസം തികഞ്ഞില്ല. ആരോടും പറയാതെ ഒരു വെള്ളിയാഴ്ച്ച രാവിലെ മുത്തശ്ശി മരിച്ചു.

അന്ന ഒരിക്കൽ കൂടി മരങ്ങളെ നോക്കി തിരിഞ്ഞു നടന്നു. അവൾ ഏറെ ആശിച്ചിരുന്നു ആ പറമ്പിലേക്കൊന്നു പോകാൻ. ആ കാടിനുള്ളിൽ ചതുരത്തിൽ ഒരു കിണറുണ്ടെന്നും അതിൽ പണ്ട് നമ്പൂരിമാർ കുഴിച്ചിട്ട സ്വർണ്ണമുണ്ടെന്നും മുത്തശ്ശി തന്നെയായിരുന്നു പറഞ്ഞു തന്നത്. അന്നു മുതൽ ആ കാട്ടിനുള്ളിലെ നിശബ്ദതയിലും വന്യമായ ഏകാന്തതയിലേക്കും ഇറങ്ങി ചെല്ലാൻ അവൾ ആശിച്ചു.

അന്ന വീട്ടിലെത്തി തോളിൽ നിന്നും പുസ്തക സഞ്ചി ഇറക്കി വെച്ച് അടുക്കളയിലേക്ക് ചെന്നു. പിൻ ഭാഗത്തു നിന്നും പുക ഉയരുന്നുണ്ടായിരുന്നു. അവൾ അവിടെക്ക് എത്തി

Car A/c Repairing

Ac Survicing and Gas Filling

Jeeva Electricals

Automotive Tubular Batteries




Y.M.C.A., Cross Road, Calicut - 1

Mob: 9747844474, 0495 - 2768441

DUST FREE PAINTING BOOTH

Mech World



FOUR WHEELER WORKSHOH

Manari, P.O. Thiruvannur. Mob: 9447158913

DUST FREE PAINTING BOOTH ACCIDENT REPAIR

DUST FREE PAINTING BOOTH, ACCIDENT REPAIR

Workshop:

DESHAPOSHINI COMMUNITY HALL, P.O. KUTHIRAVATTAM, CALICUT - 16

മാതാ ഏജൻസീസ്

മെഷിൻ ഉപയോഗിച്ച് കാട്, പുല്ല് വെട്ടൽ, കോൺക്രീറ്റ് കട്ടിംഗ്, മരം മുറിക്കൽ, ടൂൾസ് വാടകക്ക് കൊടുക്കുന്നു.

പ്ലംബിംങ്ങ് & സാനിറ്ററി വർക്കുകൾ ചെയ്തുകൊടുക്കുന്നു.



Mob: 9387029919, 9287306802

Velliparamba, 5th Mile, Calicut - 8

സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണ്ണിച്ചർ




അർപണ സെന്റർ, കോഴിക്കോട്, ഫോൺ: 0495 2353022

സി.എം. സുന്ദരൻ - 9388412430

ഗ്ലാസ്, പ്ലൈവുഡ്, ഫർണിച്ചർ, ഫൈബർഡോർ, ഹാർഡ്‌വേർ, കിച്ചൺ ക്യാബിനറ്റ്,
അക്വേറിയം, ഗ്ലാസ്സ് ബെന്റിംഗ്, കളറിംഗ്, ബവലിംഗ്, എച്ചിങ് വർക്സ്



സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണിച്ചർ പൊറ്റമ്മൽ, ഫോൺ: 3299956

നോക്കി. തട്ടു തട്ടായി അടുക്കി വെച്ച കലത്തിനിടയിലെ മെലിഞ്ഞ പൈപ്പിലൂടെ ചാരായം തുള്ളി തുള്ളിയായി ഇറ്റി വീഴുന്നത് അന്ന കണ്ടു.അതിനരികിലായി അപ്പനും കൂട്ടരും ഇരുന്ന് ചീട്ടു കളിക്കുകയാണ്. കുടിവെള്ളമെടുത്ത് അന്ന ചുണ്ടോടടുപ്പിച്ചു. ഗ്ലാസിൽ നിന്നും വാറ്റു ചാരായത്തിന്റെ ഗന്ധം അവളുടെ മൂക്കിനുള്ളിലാക്ക് ഇരച്ചു കയറി. അവൾ ഗ്ലാസ് തിരിച്ചു വെച്ചു.

രാത്രി സഞ്ചിതുറന്ന് അന്ന പുസ്തകങ്ങളെയും വക്കുകീറിയ കൈതോല പായയിൽ നിരത്തി പഠിക്കാനിരുന്നു. പുസ്തകത്തിൽ ആരുടേയോ നിഴൽ കണ്ട് അന്ന തിരിഞ്ഞു നോക്കി. പിന്നിൽ അടുത്ത വീട്ടിലെ വറീതേട്ടനായിരുന്നു.

മോളെ...., ആ വിളക്കൊന്നു തന്നെ... അവിടെ വെളിച്ചം പോരാഞ്ഞിട്ട് ഇരുട്ടിൽ ചീട്ട് കാണുന്നില്ല. അയാൾ വിളക്കെടുത്തു നടന്നു.

നിലാവിന്റെ കണ്ണു മങ്ങിയതിനാൽചുറ്റിലും ഇരുട്ടായിരുന്നു. അന്നയ്ക്ക് ഒന്നും കാണാൻ കഴിഞ്ഞില്ല. അവൾ പുസ്തകം കൈകൊണ്ട് തിരഞ്ഞ് ഓരോന്നായ് പെറുക്കി അകത്തേക്കു നടന്നു. ഒരു പായ വിരിച്ച് അതിൽ കിടന്നു, ആരോടും പരാതിയില്ലാതെ.....!

മണ്ണു തേച്ചു മിനുക്കിയ ചുമരിനോട് ചേർന്ന് ഒരു മിന്നാമിനുങ്ങ് വട്ടമിട്ട് പറക്കുന്നുണ്ടായിരുന്നു. ഇളം പച്ച നിറത്തിലുള്ള ആ വെളിച്ചം ഇടയ്ക്കിടെ മിന്നിക്കൊണ്ടിരുന്നു. ആരോ തനിക്കു വേണ്ടി കൊടുത്തു വിട്ട ആ ഇത്തിരി വെട്ടത്തെ അന്ന ഒരു പുഞ്ചിരിയോടെ നോക്കി നിന്നു.

രാവിലെ അന്ന ഉണർന്നത് പതിവിലും വൈകിയാണ്. മുഖത്തെ മറച്ച മുഷിഞ്ഞ പുതപ്പ് അവൾ പതുക്കെ നീക്കി. പുരപ്പുറത്തെ ഓല വിടവിലൂടെ സൂര്യ പ്രകാശം അവളുടെ മുഖത്തടിച്ചു. അന്ന മുഖംതിരിച്ച് എഴുന്നേറ്റു. മുറ്റത്തു കിടക്കുന്ന ഒരുഭാഗം കോടിയ അലൂമിനിയം ബക്കറ്റിൽ നിന്നും വെള്ളമെടുത്ത് മുഖം കഴുകി അടുക്കളയിൽ ചെന്ന് വക്കുപൊട്ടിയ ഗ്ലാസിൽ കട്ടൻ ചായ ഒഴിച്ചു കുടിച്ചു.

വൈകി എഴുന്നേറ്റതിനാൽ സമയം ഒന്നിനും തികഞ്ഞിട്ടുണ്ടായിരുന്നില്ല. പ്രാതൽ കഴിക്കാതെ സ്ക്കൂൾ സഞ്ചിയും പുറത്തിട്ട് അവൾ സ്ക്കൂളിലേക്ക് ഓടി. ബന്ധങ്ങളുടെ വിലക്കുകൾ ഇല്ലാത്തതിനാൽ അവൾക്ക് ആരോടും യാത്ര പറയേണ്ടി വന്നില്ല. നേരം വൈകിയെങ്കിലും സ്ക്കൂൾ ഗേറ്റിന്റെ പടിയെത്തിയപ്പോൾ അന്നയ്ക്ക് തിരിഞ്ഞു നോക്കാതിരിക്കാൻ കഴിഞ്ഞില്ല.

ഉണ്ട് പതിവു ചിരിയുമായി പീപ്പിമാമൻ അവിടെ നിൽക്കുന്നുണ്ട് . അയാൾ അവളെ കൈ നീട്ടി മാടി വിളിച്ചു. അന്നയ്ക്ക് പോകാതിരിക്കാൻ കഴിഞ്ഞില്ല. അവൾ അടുത്തു വന്നപ്പോൾ അയാൾ ഒരു പൊതി അഴിച്ച് അവൾക്കു നേരേ നീട്ടി. അന്നയ്ക്ക് അവളുടെ കണ്ണുകളെ വിശ്വസിക്കാനായില്ല. കൺചിമ്മിതുറക്കുന്ന ഒരു പാവകുട്ടി....! ഹായ്..... അവളതിനേ ചേർത്തു പിടിച്ചു. മോൾക്ക് ഇഷ്ടായൊ... ഉം, ഒരു പാടിഷ്ടായി.

എങ്കിൽ മോളിതെടുത്തോ. അന്നയ്ക്ക് ആദ്യമായി കിട്ടിയ സ്നേഹ സമ്മാനമായിരുന്നു അത്.എന്നും മദ്യം മണക്കുന്ന ചുണ്ടുകളുടെ ഉമ്മകൾ മാത്രമായിരുന്നു ഇതുവരെ അന്നയ്ക്ക് കിട്ടിയ സമ്മാനങ്ങൾ. അന്ന സ്ക്കൂളിൽ നിന്നോ വീട്ടിൽ നിന്നോ ആ പാവകുട്ടിയെ കിട്ടിയ കാര്യം പറഞ്ഞില്ല. ഒരു പക്ഷെ അത് നഷ്ടപ്പെട്ടേക്കാം എന്ന ഭയം കൊണ്ടാവാം..?

രാത്രി , അരണ്ട വിളക്കിന്റെ വെളിച്ചത്തിൽ അവളാ പാവയെ എടുത്ത് തന്റെ കീറപായയിൽ വെച്ചു. കരയണ്ടാട്ടോ അന്ന പാവയുടെ പുറത്ത് താളം കൊട്ടി. പുറത്ത് പതിവു ബഹളങ്ങൾ നടക്കുന്നുണ്ടെങ്കിലും അന്ന മറ്റൊരു ലോകത്തായിരുന്നു. നീ നിന്റെ അമ്മയേയും അച്ഛനേയും കാണാഞ്ഞിട്ടാണോ കരയുന്നത്?

അതോ അതോ നിനക്കും എന്നെ പോലെ അച്ഛനില്ലേ വാവേ ...? നീ വിചാരിക്കും ഞാൻ അപ്പാന് വിളിക്കുന്നതാരെയാണെന്ന്...? അത് രണ്ടു കൊല്ലം മുൻപ് താനിക്കൽ കാവിലേ ഉത്സവത്തിനു വന്നതാ ന്റെ അപ്പൻന്ന് പറയുന്ന ആള്. പിന്നെ പോയില്ല.

അന്നയ്ക്ക് തന്റെ അച്ഛനാരാണെന്ന് അറിയില്ലായിരുന്നു. വേലിക്കലൂടെ വന്നു കയറുന്ന പലരുടേയും മുഖത്ത് അന്ന തന്റെ പിത്രത്വം മുഖസാദൃശ്യത്തിലൂടെ തിരഞ്ഞിരുന്നു. പക്ഷേ അവൾ തീർത്തും പരാജയപ്പെട്ടു.

അങ്ങനെ ചിന്തിച്ചും കിന്നാരം പറഞ്ഞും അവളാ പാവ കൂട്ടിയോടൊപ്പം ഉറങ്ങി.

പിറ്റേന്ന് സ്ക്കൂൾ ഗേറ്റിന്റെ അരികിൽ ബലൂണും പീപ്പിയും ഒന്നുമില്ലാതെ പീപ്പിമാമൻ നിൽക്കുന്നത് കണ്ടു. അയാൾ അവളുടെ അടുത്തേക്ക് വന്നു.

മോള് വരുന്നോ മാമന്റെ കൂടെ, മാമന്റെ വീട്ടിൽ അന്നകുട്ടിയെ പോലെ ഒരുപാട് കുട്ടികളുണ്ട്. നല്ല ഉടുപ്പും, നല്ല ഭക്ഷണവും കളിപ്പാട്ടോം എല്ലാം കിട്ടും. മോള് വരുന്നോ...?

അന്നയുടെ കണ്ണുകൾ വിടർന്നു. ഈ പറഞ്ഞതൊക്കെ അന്നയുടെ സ്വപ്നങ്ങളിൽ മാത്രം ഒതുങ്ങിയ ആഗ്രഹങ്ങളായിരുന്നു.

ഞാൻ വരട്ടെ മാമന്റെ കൂടെ..... ?

പിതൃതുല്ല്യമായ വാത്സല്യത്തോടെ അയാൾ അവളുടെ നെറ്റിയിൽ ഉമ്മവെച്ചു. നിമിഷനേരം കൊണ്ട് അന്നയുടെ മുഖത്ത് സങ്കടത്തിന്റെ നിഴൽ വീണു.

ഞാൻ വരുന്നില്ല മാമാ..., ന്റെ പാവകുട്ടി... അയാളൊന്നു ഞെട്ടി. പിന്നെ പറഞ്ഞു അതിനെന്താ, മാമന്റെ വീട്ടിൽ അതിനേക്കാൾ വലിയ പാവകളുണ്ടല്ലോ...? അയാൾ അവളെ ചേർത്തു പിടിച്ച് ആൽമരത്തിനു താഴെ നിർത്തിയിട്ട കാറിനു നേരെ കൈ നീട്ടി വിളിച്ചു.

ജൻമ ബന്ധങ്ങളുടെ കണ്ണികൾ അവൾക്കുചുറ്റും ഇല്ലാത്തതിനാൽ ആരോടും യാത്ര പറയാനില്ലാതെ അന്ന അയാൾക്കൊപ്പം കാറിൽ കയറി. പൊടി പറത്തികൊണ്ട് ആ വാഹനം അന്നയെപോലെ രക്ഷപ്പെട്ടു എന്ന ആശ്വാസത്തോടെ എന്നെന്നേക്കുമായി അവിടെ നിന്നും ഓടി. വളവുകഴിഞ്ഞപ്പോൾ ഡ്രൈവർ പിൻ സീറ്റിലേക്ക് തിരിഞ്ഞു നോക്കി.

എന്ന സാർ ഇത് , ഇന്തമാതിരി ചിന്ന കൊളന്തയേകൊണ്ട് ബിസിനസ് ചെയ്യുന്നത് റൊമ്പ കഷ്ടം.

ഇല്ല സാമീ..., ഇവർക്ക് താൻ ഇപ്പോൾ മാർക്കറ്റ്. ഇപ്പാൾ വരുന്ന കസ്റ്റമേഴ്സിന് പ്രിക്കോഷൻസ് എടുത്താലും ഭയങ്കര പേടിയാ വല്ല സിഫിലിസോ, എയിഡ്സോ മറ്റോ വരുമെന്ന്. ഇവരാണെങ്കിൽ ഒന്നും പേടിക്കാനില്ലല്ലോ. ഫ്രഷ് അല്ലേ. അയാൾ പൊട്ടിച്ചിരിച്ചു.

അന്ന വരാൻ പോകുന്ന നല്ല ഉടുപ്പുകളെ കുറിച്ചോർത്ത് മയങ്ങി തുടങ്ങി. അയാൾ തന്റെ പോക്കറ്റിൽ നിറയുന്ന ആയിരങ്ങളുടെ നോട്ടിനെ കുറിച്ചോർത്ത് അവളെ ചേർത്തുപിടിച്ച് കണ്ണുകളടച്ചു.

അങ്ങ് ദൂരെ, പിന്നിട്ട വഴികളിലൊരിടത്ത് കറുക പുല്ലും, കൈതക്കാടും, പേരറിയാത്ത മരവും ഒന്നു വിതുമ്പിയോ...? അമാവാസിക്കപ്പുറത്തെ പൗർണ്ണമിയെ തേടി, അന്നയും അവളുടെ കൊച്ചുകൊച്ചു സ്വപ്നങ്ങളും മുന്നിൽ വരാനുള്ളത് അനന്തമായ തമസ്സാണെന്നറിയാതെ യാത്ര തുടർന്നു............

# ഒരുമ റസിഡൻസ് അസോസിയേഷൻ
## കൊമ്മേരി, കോഴിക്കോട് - 7

## 2013 ജനുവരി 13-ാ തിയ്യതി ഞായറാഴ്ച
## 2-ാം വാർഷിക ആഘോഷവും കലാപരിപാടികളും



കൈതപ്രം വിശ്വനാഥൻ ഉദ്ഘാടനം ചെയ്യുന്നു. സമീപം കൗൺസിലർ ടി.പി. കോയ മൊയ്തീൻ, കവിതാ അരുൺ എന്നിവർ സമീപം



സംഗീത നാടക ആവിഷ്കരണം ഒരുമ റസിഡൻസ് വനിതാവിംഗ് ടീം



തിരുവാതിരക്കളി ടീം




ഭൂതപ്പാട്ട് നാടകാവിഷ്ക്കരണം



ജില്ലയിലെ രോഗികൾക്ക് രക്തദാനം (38 പ്രാവിശ്യം) നൽകിയ സ്റ്റുഡിയോ ലാൽ ഷൈജുവിനെ ആദരിക്കൽ ചടങ്ങ്



ഒപ്പന ടീം അജിത & പാർട്ടി



സംഗീത നാടക ആവിഷ്കരണം ഒരു ദൃശ്യം



ആംഗ്യപ്പാട്ട്
അഷിക ഷൈജു




സിനിമാറ്റിക് ഡാൻസ്
D/o. ഒരുമ വിനോദ്

യാത്രാവിവരണം

# രാജവീഥി



ഭാസിമലാപറമ്പ്

# സോക്കർസിറ്റിയിൽ ഇന്ത്യൻ പതാക

മുൻലക്കം തുടർച്ച ലേഖനം.....

എഴുപത്തെട്ടുകാരനായ ചെസാരെയെ കണ്ട പ്പോൾ മനസ്സ് ഒരു നിമിഷം വല്ലാതെ വികാരം കൊണ്ടു എഴുപതാം വയസ്സിൽ 2002 കൊറിയ - ജപ്പാൻ ലോകകപ്പിൽ പാരാഗ്വായ് ടീമിനെ പരിശീലിപ്പിച്ച കോച്ച്. ഫ്രാൻസ് 98 ലോകക പ്പിൽ ഇറ്റലിയുടെയും കോച്ചായിരുന്നു. അന്ന് മകൻ പൗലോ മാൾഡിനി നയിച്ച ഇറ്റലി അദ്യ മത്സരത്തിൽ ചിലിക്കെതിരെ റോബർട്ടോ ബാജിയോയുടെ അവസാനമിനുട്ടുകളിലെ പെനാൽട്ടി ഗോളിന് സമനിലയോടെ രക്ഷപ്പെട്ടതും കമറൂണിനെതിരായ രണ്ടാം മത്സരത്തിൽ ടീം ഫോർമേഷനെപ്പറ്റിയുണ്ടായ വിവാദവും തുടർന്ന് മനസ്സിലെത്തി. കമ റൂണിനെതിരെ മൂന്നുഗോളുകൾക്കാണ് ഇറ്റലി വിജയിച്ചത് മത്സരാനന്തരമുള്ള പത്രസമ്മേള നത്തിലാണ് ചെസാരെയെ ആദ്യമായി മുഖാ മുഖം കാണുകയും പരിചയപ്പെടുകയും ചെയ്തത് .

ഫ്രീകിക്കിൽ നിന്ന് ഗോളടിച്ചു കൊണ്ട് ഫ്രീകിക്ക് സ്പെഷ്യലിസ്റ്റ് ഗോളി എന്ന ലോകഫുട്ബോളിൽ ചരിത്രമെഴുതിയ ഷിലാവർട്ടായിരുന്നു 2002ൽ പാരാഗ്വായ് ക്യാപ്റ്റൻ ദക്ഷിണകൊറിയയിലെ സോഗിപോ സ്റ്റേഡിയത്തിൽ ജർമ്മനിക്കെതി രെ 88-ാം മിനുട്ടിൽ പിണഞ്ഞ ഗോളിന് പാരാ ഗ്വായ് പ്രീ-ക്വാർട്ടറിൽ പുറത്തായി.

ജർമ്മൻനായകന്ന് സൈക്കർ ഒളി വർ ന്യൂവെലിന്റെ പിറന്നാൾ സമ്മാനം എന്നായിരുന്നു ആ മത്സര റിപ്പോർട്ടിന് നൽകിയ തലക്കെട്ട്. ജർമ്മൻ ക്യാപ്റ്റൻ ഒലി വർകാന്റെ ജന്മദിനത്തിലാണ് മത്സരം നടന്ന ത്. മത്സരാനന്തരമുള്ള പത്രസമ്മേളനത്തിൽ ഒരു ചോദ്യമെറിഞ്ഞു:

അവസാനനിമിഷങ്ങളിൽ ഗോൾവഴങ്ങുന്നത് കോച്ചിങ്ങിലേ പിഴവുകൾകൊണ്ടല്ലെ? ഒരു നിമിഷം ആലോചിച്ചശേഷമായിരുന്നു മാൾഡിനിയുടെ മറുപടി.

പരാജയത്തിന്റെ ഉത്തരവാദിത്തം ഞാനേറ്റെടുക്കുന്നു; ഗോളി കുറ്റക്കാരനല്ല. അത് കഴിഞ്ഞ് മൂന്നാം ദിവസം ദെയ്ജോൺ



ചെസാരെ മാൾഡിനിയുടെ കൂടെ ലഖകൻ

സ്റ്റേഡിയത്തിൽ ഇറ്റലി- ദ-കൊറിയ പ്രീ- ക്വാർട്ടർ ഫൈനൽ കാണാൻ ചെസാരെ മാൾഡിനിയും എത്തി. മകൻ പൗലോ മാൾഡിനി ലോകകപ്പിൽ ഇറ്റലിയെ രണ്ടാം തവണ നയിക്കുകയാ യിരുന്നു. 1962, 1966 ലോകകപ്പുകളിൽ കളിച്ച തന്റെ റിക്കാഡ് മകൻ ആവർത്തിക്കുന്നത് കാണുവാൻ ഒരു പിതാവിന്റെ ഉദ്വേഗപൂർവ്വ മായ വരവ്. സ്റ്റേഡിയത്തിൽ സീറ്റ് കണ്ടെത്തുവാൻ വിഷമിച്ച ചെസാരെയെ വളണ്ടിയർ മീഡിയാട്രിബ്യൂണിന്ന് തൊട്ടടുത്ത ഗ്യാലറിയിലാണ് എത്തിച്ചത്. മീഡീയാ ട്രീബ്യൂണിൽ നിന്ന് സാവ കാശം എഴുന്നേറ്റ് വളണ്ടിയറുടെ അനുവാദത്തോടെ ചെസാരെ മാൾഡിനിക്കോപ്പം ഇരുന്ന് ഫ്രാൻസ് 98 ലെ പരിചയം പുതുക്കി ക്കൊണ്ട് മത്സരം കവർ ചെയ്യാൻ അങ്ങിനെ സാധിച്ചു. എക്സട്രാ ടൈമിലെ ഗോൾഡൻ ഗോൾ നിയമമനുസരിച്ച് ദ-കൊറിയ ഇറ്റലി ക്കെതിരെ വിജയം കൊയ്തപ്പോൾ ചെസാരെ പ്രതികരിച്ചതിങ്ങി നെ.

ഈ പരാജയത്തിന്റെ ഉത്തരവാദിത്തവും ഞാനേറ്റേടു ക്കാം. പൗലോ എന്റെ മകനാണ് അവന്റെ പരാജയം എന്റെതു കൂടി യാണ്.

ഗോൾഡൻ ഗോൾ വീണത് പൗലോയുടെ വീഴ്ച്ചകൊണ്ടാ യിരുന്നില്ലെങ്കിലും, സ്പോർട്ടിങ്ങ് സ്പിരിറ്റുള്ള ഒരു പിതാവിന്റെ വാക്കുകളായിരുന്നു! മൂന്നാം മിനുട്ടിൽ കൊറിയക്ക് ലഭിച്ച പെനാൽറ്റികിക്ക് ഗോളി ബുഫൺ രക്ഷപ്പെടുത്തുകയും പതി നെട്ടാം മിനുട്ടിൽ വിയേരിയുടെ ഗോളിൽ ലീഡുനേടുകയും



# നക്ഷത്രഫലം

## 2013 ജനുവരി മുതൽ 2013 ഡിസംബർ വരെ വിവിധ നക്ഷത്രങ്ങളിൽ ജനിച്ചവരുടെ വാർഷിക സാമാന്യഫലം.


## കോവൂർ വേണുഗോപാല പണിക്കർ



(അറിയപ്പെടുന്ന പാരമ്പര്യ ജ്യോൽസ്യനും ഗുരുവായൂർ ദേവപ്രശ്നം പ്രതിനിധിയുമാണ് കോവൂർ വേണുഗോപാല പണിക്കർ. പ്രശസ്ത ജ്യോൽസ്യൻ പി. ശങ്കുണ്ണി പണിക്കരുടെ മകനും അഖിലകേരള ജ്യോതിഷ താന്ത്രികസഭയുടെ ജനറൽ സെക്രട്ടറിയുമാണ്. 1983ൽ നടന്ന വേൾഡ് ആസ്ട്രോളജിക്കൽ കോൺഫറൻസിൽ പ്രാതിനിധ്യം അറിയിച്ചിട്ടുണ്ട്. ഫോൺ: 9495846516)


**അശ്വതി:** ബന്ധുജനസഹായം, സംഘടനാസാമർഥ്യം, ദാമ്പത്യകാര്യസാഫല്യം. വിവാദകാര്യങ്ങളും, ശനിപരമായ വിഷമങ്ങളും, ആരോഗ്യപ്രശ്നങ്ങളും, യന്ത്രവാഹനദോഷങ്ങളും ഉണ്ടാവുന്നതാണ്.

**ഭരണി:** ആലോചനാശക്തിയും, അണികളുടെ എതിർപ്പും, കർമ്മവ്യാപാരവികസനവും, മൽസരവിജയവും, വിവാഹസമ്മതവും, രക്ഷിതാക്കൾക്ക് രോഗവും, കുടുംബസന്തോഷവും ഉണ്ടാവുന്നതാണ്.

**കാർത്തിക:** മേലധികാരികളുടെ ഔദാര്യം, സാമ്പത്തികനേട്ടം, പരീക്ഷണവിജയം, വിവാഹകാര്യപ്രാപ്തി, അധ്വാനവർധന, സന്തോഷയാത്ര, ശത്രുക്കളുടെ ഉപദ്രവം ഫലങ്ങളാണ്.

**രോഹിണി:** പൊതുജനപ്രീതി, സാമ്പത്തിക ഉണർവ്, ഉത്തമസുഹ്ദ്ലാഭം, അധികാരവർധന, വിവാഹതീരുമാനം, പഠനത്തിൽ ഉൽസാഹക്കുറവ്, സഹോദരപിന്തുണ ഉണ്ടാവുന്നതാണ്.

**മകീര്യം:** ഉദ്യോഗത്തിൽ മേൻമ, രാഷ്ട്രീയവിജയം, ആകുലചിന്ത, കാര്യപ്രതിബന്ധം, വിമർശനസ്വഭാവം, ദാമ്പത്യഗുണസിദ്ധി, രക്ഷിതാക്കളുടെ സഹായവും ഉണ്ടാകുന്നതാണ്.

**തിരുവാതിര:** കുടുംബത്തിൽ സന്തോഷം, സന്ധിസംഭാഷണനേട്ടം, സാമ്പത്തിക ഉയർച്ച, അണികളുടെ അംഗീകാരം, ദാമ്പത്യപൊരുത്തസിദ്ധി, സുഹൃദ്സമാഗമം, വ്യാപാര വിപുലീകരണം എന്നിവ ഉണ്ടാകുന്നതാണ്.

**പുണർതം:** വൈവാഹികനേട്ടം, പൂർവസുഹൃത്തുക്കളുടെ സഹായം, അനുമോദനലബ്ധി, അനാവശ്യ ചെലവുകൾ, മക്കൾക്ക് ഉയർന്ന ഉദ്യോഗക്കയറ്റം, പുണ്യതീർത്ഥാടന ഗുണവും ഉണ്ടാവുന്നതാണ്.

**പൂയ്യം:** ജോലിയിൽ സന്തോഷം, രോഗങ്ങൾക്ക് ആശ്വാസം, ജാതകപ്പൊരുത്തലബ്ധി, വിമർശനസ്വഭാവം, സഹോദരസഹായം. പണത്തിൽ ശ്രദ്ധക്കുറവും ഉണ്ടാവാം.

**ആയില്യം:** പ്രശസ്തിവർധന, യന്ത്രവാഹനഗുണം, കുടുംബാംഗങ്ങളുടെ ഉയർച്ച, സുഖാരോഗ്യവർധന, അപവാദത്തിൽ നിന്നു മോചനം, താംബൂലനിശ്ചയ ചടങ്ങുകളും, ധൈര്യവീര്യവർധനയും ഉണ്ടാകും.

**മകം:** സാമ്പത്തിക പ്രശ്നപരിഹാരം, കൃഷിയിൽ നിന്ന് ആദായം, ഏഷണിക്കാരുടെ ഉപദ്രവങ്ങൾ, ആലോചനാശക്തിക്കുറവ്, പരാജയഭീതി, സ്വജനപിൻബലം, വിവാഹാന്വേഷണ പുരോഗതി എന്നിവ ഫലത്തിൽ വരാം.

**പൂരം:** പഠനത്തിൽ ഏകാഗ്രത, വിവാഹാന്വേഷണം, കുടുംബാരിഷ്ടത, സംഘടനാസാമർഥ്യം, സഹപ്രവർത്തകരുടെ വിരോധം, യന്ത്രവാഹനനേട്ടം, അസൂയാലുക്കളുടെ ഏഷണിയും ഉണ്ടാവുന്നതാണ്.

**ഉത്രം:** ദാമ്പത്യപൊരുത്ത ലബ്ധി, പഠനത്തിൽ ഉൽസാഹം, സ്ഥിരവരുമാനം, സംഭാഷണചാതുരി, പ്രവർത്തനപുരോഗതി, മേലധികാരികളുടെ ഗർവും, യാത്രാമംഗളവും ഉണ്ടാവുന്നതാണ്.

**അത്തം:** പാരിതോഷിക ലബ്ധിയും, ഉത്തരവാദിത്തവർധനയും, സാമ്പത്തിക പ്രതിസന്ധിയും, ദാമ്പത്യസുഖാനുഭവങ്ങളും രക്ഷിതാക്കളുടെ സഹായവും, വ്യാപാരവികസനവും ഉണ്ടാകുന്നതാണ്.

**ചിത്തിര:** ഗുരുജനാനുഗ്രഹങ്ങളും, കുടുംബത്തിൽ അച്ചടക്കവും. സഹോദര പുരോഗതി, വിവാഹ പരിശ്രമ വിജയം, ശത്രുക്കളിൽ നിന്ന് ഉപദ്രവം, അനുകൂല മറുപടി, തൊഴിൽരംഗത്ത് ഉയർച്ചയും ഉണ്ടാവുന്നതാണ്.

**ചോതി:** ഉത്തമസുഹൃദ്ലാഭം, അപവാദസാധ്യത, അണികളുടെ എതിർപ്പ്, ദേഹാരിഷ്ടത, വിവാഹാന്വേഷണ പുരോഗതി, പരീക്ഷാവിജയം എന്നിവ ഉണ്ടാവുന്നതാണ്.

**വിശാഖം:** സംഘടനാസാമർഥ്യം, സാമ്പത്തികഭദ്രത, വിവാഹനിർവഹണം, രോഗാരിഷ്ടത, വ്യവഹാരവിജയം. വിമർശന സംഭാഷണവും, ശത്രുക്കളുടെ ഉപദ്രവങ്ങളും ഉണ്ടാവുന്നതാണ്.

**അനിഴം:** ആരോഗ്യതൃപ്തിയും, ദൈവീകകാര്യങ്ങളിൽ തൽപ്പരതയും. വ്യഥാപവാദങ്ങളിൽ നിന്ന് രക്ഷ, പഠനത്തിൽ ശുഷ്കാന്തി, സ്വജനങ്ങൾക്ക് അരിഷ്ടത, അനാവശ്യചെലവുകൾ, വിവാഹാന്വേഷണ പുരോഗതിയും ഉണ്ടാവുന്നതാണ്.

**തൃക്കേട്ട:** വിവാഹതീരുമാനം, സുഹൃദ്സഹായം, ശാരീരികപ്രസന്നത, കുടുംബാംഗങ്ങളുടെ ഉയർച്ച, സാമ്പത്തിക ഉയർച്ച, സംഭാഷണചാതുരി, സഹോദരങ്ങൾക്ക് ഐശ്വര്യങ്ങൾ എന്നിവയുണ്ടാകും.

**മൂലം:** ധൈര്യവീര്യവർധന, ശാരീരികപ്രസന്നത, വിവാഹാന്വേഷണ ഗുണസിദ്ധി, സംഘടനാ പിൻബലം, രക്ഷിതാക്കൾക്ക് വിഷമം, ജീവിതനിലവാര ഉയർച്ച, കലഹങ്ങൾ എന്നിവയുണ്ടാവും.

**പൂരാടം:** മനപ്പൊരുത്തസിദ്ധിയും, സ്വജനാരിഷ്ടതകളും, കർമ്മ-വ്യാപാര നേട്ടവും, ഉദ്യോഗത്തിൽ മേൻമയും, സർക്കാർ ആനുകൂല്യങ്ങളും, സാമ്പത്തിക അവശതകളും, പഠനത്തിൽ ശ്രദ്ധക്കുറവും, ജാതകപ്പൊരുത്തസിദ്ധിയും, ഉണ്ടാവുന്നതാണ്.

**തിരുവോണം:** വിദ്യാഭ്യാസ പുരോഗതി, വിവാഹാന്വേഷണ സംതൃപ്തി, യാത്രാകാര്യവിഘ്നം, ശാരീരികാരിഷ്ടതകൾ, അനാവശ്യചെലവുകൾ എന്നിവ ഫലം.

**അവിട്ടം:** സജ്ജനമാന്യത, കാര്യപുരോഗതി. വിവാഹാലോചനകളും, പ്രശസ്തിലാഭവും, പഠനത്തിൽ ശ്രദ്ധക്കുറവും ഉണ്ടാവുന്നതാണ്. ചതയം: ശാരീരികപ്രസന്നത, കാര്യപുരോഗതി, സുഖാരോഗ്യവർധന, ഉത്തരവാദിത്തവർധന എന്നിവ ഉണ്ടാവും.

**പൂരോരുട്ടാതി:** അധ്വാനഫലസിദ്ധി, സാമ്പത്തികനേട്ടം, വിവാഹാന്വേഷണ സംതൃപ്തി, സഹോദരങ്ങൾക്കു ഭാഗ്യം, പ്രവർത്തനപുരോഗതി, യന്ത്രവാഹനഗുണസിദ്ധി എന്നിവയുണ്ടാവുന്നതാണ്.

**ഉത്രട്ടാതി:** കുടുംബസന്തോഷം, വ്യാപാരമാന്ദ്യം, അപ്രതീക്ഷിത ധനച്ചെലവ്, ദാമ്പത്യപൊരുത്തസിദ്ധി, ധൈര്യവീര്യവർധന, രക്ഷിതാക്കൾക്ക് അരിഷ്ടത എന്നിവ ഫലം.

**രേവതി:** സാമ്പത്തികപുഷ്ടി, വ്യാപാരത്തിൽ വെല്ലുവിളി, രോഗസമാധാനം, ഉദ്യോഗക്കയറ്റം, പഠനത്തിൽ ഉൽസാഹം എന്നിവ ഉണ്ടാകുന്നതാണ്.



അലസാൻഡ്രോ ആൾട്ടോബെല്ലിയുടെ കൂടെ ലഖകൻ

ചെയ്ത ശേഷമാണ് ഫുൾടൈമിന്ന് രണ്ടു മിനുട്ടുമാത്രമുള്ളപ്പോൾ സമനിലഗോളും എക്സട്രാടൈമിൽ ഗോൾഡൻ ഗോളും വഴങ്ങി ഇറ്റലി പുറത്തായത്. പക്ഷേ പ്രതിരോധ ശൈലി പിഴച്ചു എന്നാണ് ചെസാരെ ചിന്തിച്ചത്.

ആൾടൊബെല്ലിക്കു നേരെ കൈവീശുമ്പോൾ എസ്പാന 82 ലോകകപ്പ് ഫൈനലിൽ പശ്ചിമ ജർമ്മനിക്കെതിരെ ഇറ്റലിയുടെ കപ്പ് വിജയത്തിൽ നിർണ്ണായകപങ്ക് വഹിച്ച ആൾടൊബെല്ലിയുടെ ഗോൾ കൺമുന്നിൽ നൃത്തം ചെയ്തു - ഇറ്റലിയുടെ മൂന്നാം ഗോൾ ! കൂട്ടുകാരൻ കാബ്രിനി പെനൽറ്റി കിക്ക് നഷ്ടപ്പെടുത്തിയ ഞെട്ടൽ മനോവീര്യമാക്കിയ ഗോൾ ! ആൾടൊബെല്ലിയെ സൗത്താഫ്രിക്കയിലെ മറ്റു വേദികളിൽ വെച്ച് ഇതിനുമുമ്പ് തന്നെ കണ്ടു മുട്ടുകയുണ്ടായി. അഭിമുഖം നടത്തി രണ്ടുപേരും ഒന്നിച്ചുള്ള ഫോട്ടോ ക്യാമറയിൽ പകർത്തുകയും ചെയ്തിട്ടുണ്ട് - ഇന്ത്യയിൽനിന്ന് മറ്റാർക്കും ലഭിക്കാത്ത ഭാഗ്യം ! ഒരു ഗൾഫ് സ്പോർട്സ് ചാനലിന്റെ കമന്റേറ്റർ എന്ന നിലയ്ക്കാണ് ആൾടൊബെല്ലി സൗത്താഫ്രിക്കയിൽ എത്തിയിരിക്കുന്നത്. ചെസാരെ മാൾഡിനിയും മീഡിയക്കാരനായിട്ടാണ് എത്തിയത്.

രണ്ടുപേരോടും ഐ.എം വിജയനെപറ്റി ഒരു ചെറു വിവരണം നൽകി-ഇന്ത്യൻ ഫുട്ബോളിന്റെ യശസ്സുയർത്തിയ ഫോർവേഡ് എന്നാണ് വിശേഷിപ്പിച്ചത്. വിജയന്റെ കൂട്ടുകാരേപറ്റിയും വിവരിച്ചു കൊടുത്തു.

ഗോപുവിനേയും കൂട്ടുകാരേയും കണ്ട ഉടനേ സൗത്താഫ്രിക്കയിൽ ഇന്ത്യൻ കാണികളോ എന്ന് മാൾഡിനിയും ആൾടൊബെല്ലിയും അത്ഭുതപ്പെട്ടു. ഇന്ത്യയുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി സൗത്താഫ്രിക്കയിൽ ഒരു ഫുട്ബോൾ ടീമിന് രൂപം നൽകിയ കഥ അപ്പോൾ അവരുടെ മുന്നിൽ അവതരിപ്പിച്ചു. ആ യഥാർത്ഥ കഥ ക്ഷമയോടെ ശ്രവിച്ചശേഷം രണ്ടു പേരും ഒരു ചോദ്യമുന്നയിച്ചു:

എന്നിട്ടും ലോകഫുട്ബോളിൽ ഇന്ത്യ എവിടെ നിൽക്കുന്നു.

ഐ.എം വിജയനേയും ഇന്ത്യൻ ഫുട്ബോളിനേയുംപറ്റി അവരോട് വിശദമായി സംസാരിക്കുമ്പോൾ അവരുടെ ശ്രദ്ധ സ്റ്റേഡിയത്തിന്റെ വിശാലമായ അങ്കണത്തെപറ്റിയായി.

ഇത് കാണുമ്പോൾ നമുക്ക് ഒന്നു പന്ത് തട്ടിയാലോ എന്ന് തോന്നുന്നില്ലെ? എല്ലാവരും കളിക്കാരായിരുന്നുവല്ലോ- ജീവിതാവസനംവരേ കളി കാണാനാഗ്രഹിക്കുന്നവർ ! വളരെ വളരെ അകലങ്ങളിലുള്ള നാം ഇവിടെ കണ്ടുമുട്ടാൻ കാരണമായതും അതുകൊണ്ടല്ലെ.

അതു കേട്ടപ്പോൾ 2008 ൽ സൂറിക്കിലെ ലെപ്സിഗ്രൗണ്ട് സ്റ്റേഡിയത്തിൽ യൂറോകപ്പ് മീഡിയാസെന്ററിൽ വെച്ച് തന്റെ പതിനൊന്നാം യൂറോകപ്പ് കവറേജിനേത്തിയ, പതിനൊന്ന് ലോകകപ്പ് കവർചെയ്ത സീനിയർ ജേണലിസ്റ്റ് റൊമാനിയക്കാരനായ നിക്കൊളായ് മുണ്ട്യേനുവിന്റെ വാക്കുകൾ വീണ്ടും കേൾക്കുന്ന പ്രതീതിയായിരുന്നു.

ആ വാക്കുകൾ ഓർമ്മിച്ചു കൊണ്ട് ആ ഫുട്ബോൾ ഇതിഹാസ പുരുഷന്മാർക്കൊപ്പം നിൽക്കുമ്പോൾ ഓർമ്മകൾ പിന്നോട്ടു പറന്നു- കളി നാളുകളിലേ കൊച്ചു യാത്രകളിൽ തുടങ്ങി ലോകഫുട്ബോളിന്റെ രാജവീഥികളിലേക്ക് മനസ്സ് ഊളിയിട്ടു..... മനക്കണ്ണിനുമുന്നിൽ നിരന്ന ചിത്രങ്ങൾ വികാരവായ്പ്പോടെ വീണ്ടും വീണ്ടും നോക്കി.....

കോഴിക്കോട് മാനാഞ്ചിറ മൈതാനത്തേ തെക്കെ പോസ്റ്റിൽ 1950കളുടെ മധ്യത്തിലോരിക്കൽ ഒരു ബാക്ക് സിസ്സർഷോട്ടിലൂടെ ഗോൾ നേടിയ, ഇന്ത്യൻ ഫുട്ബോളിൽആയിരം ഗോളുകളടിച്ച, കറുത്ത സുമുഖനായ ബംഗാളിയുവാവിന്റെ മുഖം.....മേവലാൽ എന്ന ഇന്ത്യയുടെ എക്കാലത്തേയും ഏറ്റവും മികച്ച ഫോർവേഡിന്റെ പുഞ്ചിരിക്കുന്ന മുഖം.

1955 ൽ എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിലെ വടക്കേ പോസ്റ്റിൽ പെനൽറ്റി കിക്കെടുക്കുവാൻ നീണ്ട കാലടികൾ വെച്ചു നടന്നു നീങ്ങുന്ന വെളുത്ത് സുമുഖനായ ഒരു യുവാവിന്റെ മുഖം.... ഇന്ത്യൻ ഫുട്ബോളിലെ ചൈനാഭിത്തി എന്ന് വിശേഷിപ്പിച്ചിരുന്നു കോഴിക്കോട്ടുകാരനായ ടി. എ റഹിമാൻ എന്ന ബംഗാൾ പുലി യുടെ മുഖം.....

കൽക്കത്തയിലേ ഈഡൻ ഗാർഡൻസിൽ പന്തു കൊണ്ട് ഇന്ദ്രജാലം കാണിച്ച ലോകഫുട്ബോളിലേ കറുത്ത മുത്ത്...... 1281 ഗോളുകളടിച്ച പെലെ.....

മെക്സിക്കോയിൽ ആസ്ടെക്കസ്റ്റേഡിയത്തിന് സമീപമുള്ള തണൽ മരങ്ങളും പുൽത്തകിടികൾ നിരത്തിയ വൃത്താകൃതിയിലുള്ള കൊച്ചുകളിസ്ഥലങ്ങളുമുള്ള പാർക്കിൽ ഉയർന്നു നിൽക്കുന്ന മഹാത്മാഗാന്ധിയുടെ പ്രതിമ..........

പാരീസിലെ ലോവ്റേമ്യൂസിയത്തിൽ ലോകപ്രശസ്ത ചിത്രകാരനായ ലിയോനാർഡോ ഡാവിഞ്ചിയുടെ അത്ഭുത രചനയായ മോണാലിസയുടെ മുന്നിൽ ഫോട്ടോക്കു വേണ്ടി നിന്ന നിമിഷങ്ങൾ....

രാജവീഥിയിലെ ഊഷ്മളാനുഭവങ്ങളുടെ പരമ്പരകളിലേക്ക് സ്മരണകൾ ചിറകടിച്ചു.....

(തുടരും)


ഐശ്വര്യ
കോൺക്രീറ്റ് പ്രൊഡക്ട്സ്
എൻ.എച്ച്. ബൈപ്പാസ്, പാലാഴി റോഡ്
വഴിപോക്ക്, കോഴിക്കോട് – 16
Ph: 2352671, 9745105088
9446988308, 9946354595
കട്ടിളകൾ, ജനാലുകൾ, ആർച്ചുകൾ, വെന്റിലേറ്ററുകൾ, ഹൈഡ്രോളിക് ബ്രിക്സ്
പാവിങ്ങ് ഡിസൈനിങ്ങ് ബ്ലോക്ക്, വൈബ്രോ ഡിസൈനിങ്ങ് ടൈൽസ്


Since: 1941
NATIONAL ELECTRICALS
OYITTY ROAD,
CALICUT- 1
Ph: 0495 2721107
E-mail: nationalelectricalsclt@yahoo.in
TOTAL SOLUTION FOR KITCHEN


BASE DESIGNERS &
CONTRACTORS
KOMMERI, CALICUT - 7
Ph: 9447143928, 9895193848
Branch
B&B DESIGNERS & CONTRACTORS
POTTAMMAL, CALICUT - 16


MAS AIR RIFLES
Room No. 6/722, Opp, K.T.C. Hundai Showroom,
Y.M.C.A., Kannur Road, Calicut
Mob: 09387623339, 9349889155
E-mail : mas.airrifles@gmail.com
Original Spares & Guaranted Servicing Available
എക്സ്ചേഞ്ച്, റിപ്പയർ സൌകര്യം
ഉണ്ടായിരിക്കുന്നതാണ്
DEALERS IN ALL KINDS OF AIR GUNS,
AIR PISTOLS ACCESSORIES


കെ.വി. കർട്ടൺസ്
കുതിരവട്ടം ഗവ: ആശുപത്രിക്കു സമീപം,
കുതിരവട്ടം.
കോഴിക്കോട് – 673016
ഫോൺ : 9387421203
9747531203
കർട്ടൺ, സോഫ, കുഷ്യൻ, etc വർക്കുകളും
കർട്ടൺ വാഷിങ്ങും ചെയ്തുകൊടുക്കുന്നു.


FRIENDS
SPRAY PAINTING WORKS
Malaparamba, Kozhikode - 673 009
Mob: 9495411642

നർമ്മകഥ

# ഭ്രാന്ത്.....?



ബി.എസ്. പ്രസാദ്


പശ്ചാത്തലം.....

പ്രശസ്തിക്ക് ഒട്ടും മങ്ങലേൽക്കാത്ത ഒരു മാനസികാരോഗ്യ കേന്ദ്രം......

ഇവിടെയുള്ള കാര്യങ്ങളാണ് ഇപ്പോൾ എഴുതാൻ തോന്നുന്നത്.എനിക്ക് ഇവരുമായി എന്ത് പരിചയം എന്ന് നിങ്ങൾക്ക് തോന്നാം. ഒരാൾക്ക് ഒരാളെ പരിചയപ്പെടാൻ അധികം നേരമോന്നും വേണ്ടല്ലോ? നർമ്മത്തിൽ ചാലിച്ചെഴുതിയാൽ എന്തായാലും എന്നെ സാമാന്യബുദ്ധിയുള്ള ഒരു സാധാരണക്കാരനായി കാണേണ്ട. ഞാൻ ഇവിടുത്തേ ഒരു അന്തേവാസിയാണ്. എനിക്ക് പരിചയമുള്ള, എന്റെ സുഹൃത്തുക്കൾ അവർ ബുദ്ധിഭ്രംശം സംഭവിച്ചവരായി കണക്കാക്കപ്പെടുന്നു.

ആരാണ് സ്ഥിരബുദ്ധിയുള്ളവർ, ഞാൻ, നിങ്ങൾ അല്ലെങ്കിൽ മറ്റയാൾ ? ഇവരാരുമല്ലെന്ന പക്ഷക്കാരനാണ് ഞാൻ. എന്നാലും ഞാൻ വെറുതെ ഇവിടെ ചികിത്സയ്ക്ക് വരുമോ ? അതും പ്രസക്തമായ ഒരു ചോദ്യം.

ഞാൻ കാര്യത്തിലേക്ക് പെട്ടെന്ന് വരാം. ഇത് പ്രത്യേകമായ ഒരു ലോകം. ഇവിടെ ജീവിക്കുന്ന കുറെ ആൾക്കാർ. ഞാൻ ഒരു അന്തേവാസിയായ കാരണം ഞാൻ പറയുന്നത് പകുതിയെങ്കിലും നിങ്ങൾക്ക് ഉൾക്കൊള്ളാം. ഒരു അവസരം ഏതവനുമുണ്ടെന്നപോലെ.



ഞങ്ങൾ കുറെ സുഹൃത്തുക്കൾ താമസിക്കുന്ന ഒരു വീടാണിത്. ഇവിടെ ഞങ്ങളെ പരിചരിക്കാൻ, ഞങ്ങൾക്ക് അന്നവും വസ്ത്രവും തരാൻ, എല്ലാത്തിനും പരിചാരകരുണ്ട്. ഞങ്ങളുടെ സുരക്ഷയ്ക്ക് പോലീസുകാരുണ്ട്. വലിയ വലിയ മന്ത്രിമാർ, സമൂഹത്തിലെ മാന്യ ദേഹ മായി കണക്കാക്കുന്നവർ എല്ലാവരും വീട്ടിലെ ബന്ധുക്കൾ വന്ന് അന്വേഷിക്കുംപോലെ ഒരു ചടങ്ങ് മിനിമം ഗ്യാരണ്ടിയാക്കി സന്ദർശിക്കാറുണ്ട്. അവർക്കെല്ലാം പറയാനുള്ളത് ഒന്ന് മാത്രം. നിങ്ങൾ ഞങ്ങളെ പോലെയാണ്. ചെറിയ ചില മാനസിക വ്യതിയാനം മാത്രമേ നിങ്ങൾക്കുള്ളു. ഇത് വെറും ഒരു ക്ഷണക്കത്തോ കോംപ്ലിമെന്റോ ആയി കാണണ്ട. അവർക്ക് അവരുടെ സ്ഥാനം കണക്കാക്കണ്ടേ; അവരെ സ്വയം ശ്രദ്ധിക്കേണ്ടേ? ഇനിയോരു കാര്യം ഹാസ്യത്തിനായി. ഈയിടെ കണ്ട ഒരു പ്രസംഗത്തിൽ അദ്ദേഹം എന്നൊക്കെ പലരും പറയുന്ന വിരുതൻ പറഞ്ഞതെല്ലാം ശുദ്ധ ഭോഷ്ക്കായിരുന്നു. എന്റെ ശ്രദ്ധയിൽ എന്തുകൊണ്ടും നമ്മുടെ കുടുംബക്കാരനാകാൻ തികച്ചും യോഗ്യത കാട്ടുന്നവൻ (ചില കല്ല്യാണാലോചനകൾക്ക് അന്വഷണം നടത്തും പോലെ)

കാര്യത്തിലേക്ക്.

ഇവിടെ പരമസുഖമാണ് എല്ലാറ്റിനും. അത്യാവശ്യത്തിന് ഭിഷഗ്വരന്മാരുമുണ്ടല്ലോ. ഇനി പറയാൻ പോകുന്ന കാര്യം ഇതൊന്നും തന്നെയല്ല. അസുഖം കുറച്ച് ഭേദമായാൽ ഇവിടെ ചിലരെ പ്രത്യേകമായി പരിഗണിക്കും. ചില ചുമതലകൾ ഏൽപ്പിക്കും. കാര്യമെന്താ? മനസ്സിലായില്ലെ? പറയാം. അവനെ അതിൽ പ്രോത്സാഹിപ്പിച്ചാൽ സ്വന്തം ജോലികളിൽനിന്ന് കുറച്ചെങ്കിലും വിട്ടുനിൽക്കാം. മറ്റുപലതിലേക്കും ഇറങ്ങാം. അഥവാ റൂട്ട് തിരിച്ചുവിടാം.

ഇവിടേയ്ക്ക് യോഗ്യത ലഭിച്ചവനും അല്ലാത്തവനും തമ്മിൽ എന്റെ കണ്ണിൽ ഒരു വ്യത്യാസമേയുള്ളു. ലഭിച്ചവൻ പറഞ്ഞ പണി എടുത്ത് സ്വയം രക്ഷപ്പെടാൻ ആഗ്രഹിക്കുന്നു. മറ്റവൻ ഇവിടത്തെ സുഖലോലുപതയിലേക്ക് സാമർത്ഥ്യത്തോടെ നീന്തിക്കയറുന്നു. എന്നുവച്ചാൽ ബീഡി വലിക്കാം, പരദൂഷണം നടത്താം, ചുമ്മാതിരിക്കാം. പക്ഷേ ഞാൻ ആദ്യഗണത്തിലെ സീറ്റിന് ശ്രമിക്കുകയാണ്. ശ്രമം സത്യം പറഞ്ഞാൽ ഫലിച്ചു.

എന്ത് ശ്രമം? ഇവിടുള്ള മേലാളരുടെ സുഹൃത്താവണം ആദ്യം. അതിന് നമ്മൾ ചിലപ്പോൾ പരിശുദ്ധിയോടെ, ആത്മാർത്ഥതയോടെ എന്തെങ്കിലും പറഞ്ഞാലും അവർ കാണുന്നത് മറ്റോരു രീതിയിലാകും. എന്നാലും നമുക്ക് ഇവിടുന്ന് കരകയറണം എന്നരീതിൽ സുഹൃത്തുക്കളും കുടുംബവും നമ്മേ ക്ലീൻ അയി അംഗീകരിക്കും എന്ന ഉത്തമവിശ്വാസത്തിൽ അതിന് ശ്രമിക്കുന്നു.

ഇനിയുള്ളക്കാര്യം മാനസിക വിഭ്രംശവും അതില്ലാത്തതുമാണ്. എനിക്ക് എന്തായാലും ഈ ഒഫീസിൽ ഒഫീഷ്യലായിത്തന്നെ നിയമനം ലഭിച്ചു. ചായകൊടുക്കുക, വെള്ളം ഭരണിയിൽ നിറയ്ക്കുക, പഴക്കമുള്ള അലമാരകൾ അടുക്കിവെ

## SURPRISE AQUARIUM

കണക്കശ്ശേരി ബിൽഡിംഗ്,
മിനി ബൈപ്പാസ് റോഡ്, മാങ്കാവ് - 673007

നിങ്ങളുടെ സൗകര്യാർത്ഥം അക്വേറിയം വീടുകളിൽ വന്ന് സർവ്വീസ് ചെയ്യുകയും നിർമ്മിച്ചു നൽകുകയും ചെയ്യുന്നു.

മുജീബ്: 9544558822, 9744615436

## GLAMOUR



GENTS WEAR MANKAVE Whole Sale & Retail

*Mob: 9847756569, Naluparambil Complex, Calicut - 7*

Pants, Geans, Shirt, T-Shirts etc....

## India's No - 1
## AKSHAYA WATER PROOFING

29/851, Kottoli, Mavoor Road,Kozhikode - 673016

*Mob : P.P. Pradeep - 9447312616, 9037940457*

*Email: aakshayawaterproof@gmail.com*

ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം
ഗ്യാരണ്ടിയോടുകൂടി ചെയ്തുകൊടുക്കുന്നു.

## സ്നേഹ മ്യാരേജ് ബ്യൂറോ & റിയൽ എസ്റ്റേറ്റ്

അൽ മുബാറക്ക് ബിൽഡിംഗ്,
ഈസ്റ്റ് കോട്ടപ്പറമ്പ്,
പി.ഒ. ചാലപ്പുറം, കോഴിക്കോട് - 2

ഫോൺ : മനോജ് കൊമ്മേരി -9387508708, 8129872760

## KRISHNAN NAIR BROTHERS

DIGITAL STUDIO, VIDEO
Panniyankara, Calicut - 3

**Santhosh : Mob - 9847476660**
**Resi : 2375253**

## Design World

ALUMINIUM FABRICATION
THE SIGN OF GOOD DESIGN



Neythukulangara, Calicut.
Mob: 9847001301- Sreekanth
9747754000- Vinoj, 9562071027- Siraj

All type Aluminium Partitions, Doors, Windows, Kitchen Cabinet, Aluminium Composite Panels,Glass Partitions, Fiber Doors, False Ceiling & Steel Fabrication

## സനു മോട്ടോർസ്

ഒളവണ്ണ ജംഗ്ഷൻ
ടൂവീലർ റിപ്പയറിങ് & സ്പ്രേ പെയിന്റിംങ്
ഫോൺ : 9349596940

ഓം നമഃശിവായ

ദിനേശ് - Mob : 9946309061

## നീലഗിരി പൂജാസ്റ്റോർ

തളിറോഡ് കോഴിക്കോട് - 2
ഫോൺ : 0495 2702176

എല്ലാ പൂജാസാധനങ്ങളും ഇവിടെ കിട്ടും

## ന്യൂകാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ്

മൂരിയാട് റോഡ്
പുതിയപാലം, കോഴിക്കോട്

കാർ സ്പ്രേപെയിന്റിങ്ങ്, ബോഡി വർക്സ്,
എഞ്ചിനീയറിംഗ് വർക്ക്സ്
ഫോൺ : മണി 9846386998

രുചികരമായ ഭക്ഷണ പദാർത്ഥങ്ങൾക്ക്

## ടീ.പി. ടീ സ്റ്റാൾ

കുറ്റിയിൽതാഴം,
കോഴിക്കോട്
മനോജ് 9847915793

പരിശുദ്ധമായ
ഉഴുന്നുമാവിൽ
തയ്യാർ ചെയ്ത

## ശാസ്താപപ്പടം

(കുടിൽവ്യവസായം)
കാവിൽതാഴം, കോഴിക്കോട്

ഫോൺ :
മോഹനൻ - 9895214370

## അതുൽ ഫൂട്ട്‌വേർ

കാളൂർ റോഡ്, കോഴിക്കോട് - 7
ഫോൺ : 9895248453

ക്കുക, ഭക്ഷണം വിളമ്പുക , ബാത്ത്റൂമുകൾ ശുചീകരിക്കുക, ആത്മീയകാര്യങ്ങളിൽ താൽപര്യ മുണ്ടെങ്കിൽ പങ്കെടുക്കുക ഇതൊക്കെ സർവ്വാത്മനാ ചെയ്താലും നല്ല പുസ്തകത്തിൽ കയറിക്കൂടാൻ വീണ്ടും പലതും പരിശ്രമിക്കണം. ഉദാഹരണത്തിന് സിഗരറ്റ് എത്തിക്കുക, ബന്ധുക്കൾ തരുന്ന ചില പാരിതോഷികങ്ങൾ അതേപടി മേലാളർക്ക് നൽക്കുക. നല്ല സാധനങ്ങൾ എന്നു പറ ഞ്ഞാൽ സ്പ്രേ, കുട, ചില തുണി ത്തരങ്ങൾ തുടങ്ങിയവ, എന്നാലേ സാറേ മോളീലെ പ്രീതി കിട്ടൂ.

ഈ ഓഫീസിലെ കാര്യ ങ്ങളാണ് ഞാൻ പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നത്. ഇവിടെ പലതരം ആൾക്കാരുണ്ട്. ഞങ്ങളെപ്പോലെ തന്നെ, ചിലർ ഈ ജോലിയെ തനിക്ക് പറ്റാത്തതാണെന്ന് ചിന്തി ക്കുന്നു. ഉദാഹരണത്തിന് അവ രോട് ആരെങ്കിലും ജോലി എവിടെ എന്ന് ചോദിച്ചാൽ അതിനെ കവർ അപ് ചെയ്യാനായി പറയും. സർക്കാർ ആശുപത്രിയി ലാണെന്ന്.

അപ്പോഴും പ്രശ്നം?

ഏത് സർക്കാർ ആശുപ ത്രിയിൽ?

വീണ്ടും ഉത്തരം മുട്ടില്ലെ മാഷെ?

ചില ആൾക്കാർ വരും. വീട്ടിലെ പല പ്രശ്നങ്ങളും മറന്ന് മനസ്സ് സ്വതന്ത്രമാക്കാൻ. ബാറുക ളിലും ബീച്ചിലുമൊക്കെ പോവും പോലെ. മറ്റു ചിലരുണ്ട് ഓഫീ സിലെ കാര്യം ഒഴിച്ച് തന്റെ സർവീസ് കാര്യങ്ങൾ എന്ന് ശരി യായിക്കിട്ടും എന്ന വേവലാതി യിൽ, ഇനിയും ചിലരുണ്ട്, ഞങ്ങ ളെപോലുള്ളവരെ വേദനിപ്പിക്കാ നും, പരിഹസിക്കാനും. ബാക്കി യുള്ള ന്യൂനപക്ഷം ഞങ്ങളെ ഏറ്റെ ടുക്കാൻ അഥവാ ഞങ്ങളുടെ കാര്യ ങ്ങളിൽ ആത്മാർത്ഥതയോടെ ഇട പെടാൻ ശ്രമിക്കുന്നവരാണ്.

ഇവരിൽ ചിലരെ പരിചയ പ്പെടാം. ഒരാൾ നാം എന്തു പറ യുന്നു എന്ന് കേട്ട് അതിനെ സാധാരണ രീതിയിൽ ഉപദേശം തരും. നല്ല ഒരു സുഹൃത്തിനെ പ്പോലെ അടുക്കും. ചിലർ ചില പ്പോൾ നിങ്ങളെ ഒരു കുടുംബാംഗ മായി കണക്കാക്കി വീട്ടിലേക്ക് വിളിച്ച് സദ്യ വരെ തരും. ഇതാണ് ഗാന്ധിയൻ രീതി അഥവാ സ്വാമി വിവേകാനന്ദ രീതി. ഇതെല്ലാം നല്ല വീട്ടിൽ പിറന്നതുകൊണ്ട് ഉണ്ടാ വാനും ഇല്ലാതിരിക്കാനും സാദ്ധ്യത കൾ ഏറെ?

ഇവർ നിങ്ങളെ പൊതുസ മുഹത്തിലെ ഒരാളായി കാണുന്നു. ഞങ്ങൾ മറ്റ് അന്തേവാസികളെ കാണുംപോലെ. ഈ വിഭാഗ ക്കാർക്ക് അധികം ആഗ്രഹം കാണി ല്ല. ആഗ്രഹങ്ങളാണല്ലോ ഒരു മനു ഷ്യനെ മറ്റു പലതിലേക്കും വഴിതിരി ച്ചുവിടുന്നത്.

ഈയിടെ നമ്മുടെ സുപ്പർസറ്റാർ പറഞ്ഞു. ഞാൻ ഇതു വരെ ജീവിച്ചതൊന്നും പ്ലാനിങ്ങ് ഇല്ലാതെയാണെന്ന്. ഉത്തരത്തിന് ഈയുള്ളവന് ഒരു അവസരം തരൂ. സൂപ്പർസറ്റാറിന് പ്ലാനിങ്ങ് അവിശ്യ മില്ല. കാരണം അയാളുടെ കാര്യ ങ്ങൾ യാന്ത്രികമാണ്. അഥവാ പകുതി മറ്റു പലരും ഏറ്റെടുക്കുന്നു. അതുപോലെതന്നെ രാഷ്ട്രീയക്കാ രനും. ഞങ്ങളെപ്പൊലെയുള്ള കൂട്ടർ അങ്ങനെയല്ലല്ലോ? എല്ലാത്തിനും വേണം ഒരു സർട്ടിഫിക്കറ്റ്. സൂപ്പർസറ്റാർ പറഞ്ഞ കാര്യത്തിൽ ഞാൻ ഇടപെടുകയാണെങ്കിൽ ഒന്ന് പറയാം. അതെല്ലാം തലവരയാണെ ന്ന്. അഥവാ ഇംഗ്ലീഷുക്കാരൻ പറ യുന്നതുപോലെ ഫെയ്റ്റ്. സൂപ്പറു കളും ഒരു പരിധിവരെ ബുദ്ധിഭ്രംശം കാണിച്ചിട്ടുണ്ട് പല അവസരത്തിൽ. ഉദാഹരണത്തിന് കണ്ണാടി കണ്ടാൽ ഇത്തരക്കാർ വെറുതെ വിടില്ലെന്ന ഒരു ഇറ്റാലി യൻ ചൊല്ലുപോലെ.

അതൊക്കെ എന്തുതന്നെ യാലും ഇത്തരം ആൾക്കാർ ഈ ഓഫീസിൽ വിരളം. സമൂഹനന്മ ക്കായി കാത്തുകിടക്കുന്ന പലരും ഉദ്യോഗത്തിലുണ്ട്. അവരെ പക്ഷേ ആർക്കും വേണ്ട. എല്ലാവർക്കും വേണ്ടത് അത്യാഗ്രഹം ബാധിച്ചവ രെ.

ഇനി ചില ഭിഷഗ്വരന്മാ രുടെ കാര്യം. ഞങ്ങളെപോലുള്ളവ രുടെ കാര്യങ്ങൾ (സർവീസ് കാര്യ ങ്ങളല്ല) നോക്കി നടത്താനായി സർക്കാർ ചുമതലപ്പെടുത്തുന്നവർ. തുടക്കത്തിൽ വണ്ടി നന്നായി ഓടും. പിന്നീട് ജോലിയിൽ തന തായ രീതിയിൽ കഴിവുകൾ തെളി യിച്ചുവരുമ്പോൾ വിധം മാറും. മറ്റു പല സ്വകാര്യ ആശുപത്രികളിലെ അവസരങ്ങളിലേക്ക് ചാഞ്ചാടും. ചിലർ അവിടെയും ഇവിടെയുമായി രണ്ടു വേതനത്തിനും അർഹത നേടും. ഇതിനെക്കുറിച്ച് മറുത്ത് ആരെങ്കിലും അവരോട് ഇടപ്പെട്ടു ചോദിച്ചാൽ നമ്മുടെ പ്രിയനടൻ ജഗതി ശ്രീകുമാർ കിരീടം എന്ന സിനിമയിൽ ഒരവസരത്തിൽ പറ യുംപോലെ എന്ത് ലൂട്ടി?

ഇനി ഇവിടേക്കുവരുന്ന പച്ചക്കറികളുടെയും പലവ്യഞ്ജനം പോലുള്ള മറ്റു പലതിന്റെയും മേൽനോട്ടക്കാരനും കരാറുകാരനും ഇടപാടുകാരനും എപ്പോഴും ഊഷ്മള ബന്ധം പുലർത്തുന്നു. അഥവാ ഇവരുടെ ബന്ധം ഒരു ട്രൈഡന്റാ യി (Trident) ഇവിടെ വിലസുന്നു.


ഈയടുത്തകാലത്ത് ഒരു ടിവി ചാനലിന്റെ സംശുദ്ധമായ വാർത്ത കാരണം ഞങ്ങൾക്ക് കുറച്ച് നല്ലകാലം ആസ്വദിക്കാൻ കഴിഞ്ഞു. ഇവിടുത്തെ ഭക്ഷ ണകാര്യങ്ങൾക്കും ഒരു പ്രത്യേക പട്ടികതന്നെയുണ്ട്. ഈ പട്ടിക പ്രകാരം ഭക്ഷണം എത്തിക്കുകയാ ണെങ്കിൽ ഞങ്ങൾക്ക് ലഭിക്കന്നത് ഒരു സമാജികന്റെ മെനു വിനോട് കിടപിടിക്കുന്ന തരത്തിലുള്ളതാണ്. പക്ഷേ അതിലെല്ലാം കുറവ് വരുന്ന കാരണം പലപ്പോഴും കാര്യങ്ങൾ താളം തെറ്റുന്നു. നിർഭാഗ്യവശാൽ ഭക്ഷണത്തിൽ എന്തെങ്കിലും വിഷാം ശമോ മറ്റോ ഉണ്ടായാൽ നമ്മുടെ ഷവർമ വധക്കസിൽ ലഭിച്ച പരിഗ ണനപോലും പ്രതീക്ഷിക്കണ്ട.


ഇവിടെയുള്ള മരുന്നിന്റെ കാര്യവും തഥൈവ. നിത്യോപയോഗ മരുന്നുകളും വിറ്റാമിൻ ഗുളികകളും പുറത്തുള്ള പലരുടെയും ആരോഗ്യര ക്ഷയ്ക്കായി വഴിമാറ്റപ്പെടുന്നു. ചിലർ വീട്ടിലുള്ള വലർത്തുമൃഗങ്ങൾക്കും വിറ്റാമിൻ എത്തിക്കുന്നു.

ഈ മായാലോകത്ത് വെറു തെയിരുന്ന് ആലോചിക്കുമ്പോൾ ഉത്തരം കിട്ടാത്ത ഒരു ചോദ്യം മാത്രം അവശേഷിക്കുന്നു. യഥാർത്ഥ മാന സികരോഗം ആർക്കാണ്? ഞങ്ങൾക്കോ അതോ സമുഹത്തിൽ തന്നെയുള്ള മറ്റുള്ളവർക്കോ? കാലം പറഞ്ഞുതരും എല്ലാത്തിനുമുള്ള ഉത്തരം. കാത്തിരുന്ന് കാണാം.

ഒരു അർദ്ധവിരാമം

●





മഞ്ഞപ്ര ഉണ്ണികൃഷ്ണൻ

# വേരുകൾ തേടുന്നവന്റെ വഴി

ഇന്നലേയും സൂര്യൻ ഉദിക്കുകയും അസ്തമിക്കുകയും ചെയ്തിരുന്നു. ഇന്നും അത് പോലെതന്നെ. നാളെയും അങ്ങനെ തന്നെയാവുമല്ലോ. ഇങ്ങനേയൊരു കണ്ടുമുട്ടൽ അവിചാരിതമാണെന്നിരിക്കേ, താര ചോദിച്ചു. പൂക്കൾക്കും നക്ഷത്രങ്ങളെപ്പോലെ ചിമ്മാനാണോ മോഹം. തിളങ്ങുന്ന നക്ഷത്രങ്ങൾക്കും തുറിച്ചു നോക്കാനാണല്ലോ ആഗ്രഹമെന്നയാൾ കരുതി.

ഞാൻ താരയെ കാണുന്നു, ഗർവിന്റെ തീക്ഷ്ണതയായിരുന്നില്ല, അവൾ. കേവലം ദുഃഖത്തിന്റെ നെരിപ്പോട് പുകയുന്ന, ചിതലെടുത്ത ഒരു കടലാസുകഷണമായിരുന്നു. കൂട്ടിവായിക്കുന്തോറുമിടയ്ക്ക് നഷ്ടപ്പെട്ടിരുന്ന അക്ഷരങ്ങളുടെ വികലമായ ആകൃതി ഓരോ പ്രതലത്തിലും വച്ച് പരിശോധിക്കയായിരുന്നു, ഞാൻ.

എനിക്ക് ഞാൻ നഷ്ടപ്പെടുന്ന മുഹൂർത്തങ്ങൾക്ക് കനത്ത ഭാരം താങ്ങേണ്ടി വന്നപ്പോൾ അത്താണിയായി അവൾ മാറി. എന്തിനാണാവോ താനിവിടെ എത്തപ്പെട്ടത്? വെറും സാഹചര്യത്തിന്റെ ദുർനിമിഷങ്ങളല്ല അതിനു കാരണം. നിർബന്ധത്തിനു വഴങ്ങി, ആശയദൗർബല്യം ഉറകുത്താത്ത ഹൃദയത്തിന്റെ തേങ്ങലുമായിട്ടാണ് അയാൾ അങ്ങോട്ട് ചെന്നത്.

കറുത്ത മേഘങ്ങളേയും പേറി കടന്നുപോകുന്ന കാറ്റിന്റെ അലകൾ ഉമ്മവയ്ക്കുന്ന ചെമ്പൻ കുന്നിനു താഴെ വിസ്തൃതമായ പാടശേഖരത്തിലൊറ്റപ്പെട്ട്, തേക്കുപാട്ടിന്റെ ഈണം പുതച്ചു കിടന്ന ഗ്രാമത്തിന്റെ മൂലയിലായിരുന്നു വീട്. ചെമ്മൺ പാതകളിൽ വണ്ടി ചക്രങ്ങൾ തേഞ്ഞ് കട്ടക്കല്ലുകൾ പൊടിയുന്ന മർമ്മരങ്ങളുടെ താളങ്ങളിൽ ആ ഗാനം ഒഴുകി വന്നപ്പോൾ ഏതോ അജ്ഞതയുടെ താഴ് വരയിൽ യുഗങ്ങൾക്കപ്പുറം മനസ്സ് പറന്നു ചെന്നു. ഒരു സൗഹൃദബന്ധത്തിന്റെ ആഴവും പരപ്പും മാത്രം കണ്ട്, അപരിചിതത്തിന്റെ തേങ്ങലിൽ നിന്നും മുക്തി നേടുവാനായിരുന്നല്ലോ താനിവിടെ വന്നത്. അദ്യമാദ്യം വിമ്മിട്ടത്തിന്റെ, വീർപ്പുമുട്ടലിന്റെ ഉരുകിയോലിച്ച ലാവ, മരണമെന്ന ദുഃഖസത്യത്തെ പുണരാൻ വേണ്ടി ആത്മഹത്യയെക്കുറിച്ച് പോലും ആലോചിച്ചു കൊണ്ട് ഇന്ന്, നാളെ, നാളെ.....

ഇടയ്ക്കുവച്ചായിരുന്നു ഈ സുഹൃത്തിനെ പരിചയപ്പെട്ടത്. സാമ്യങ്ങളുടെ ഉൾച്ചേലകൾ വലിച്ചു മാറ്റുമ്പോൾ എന്തായിരുന്നു, വൈകൃതം. അയാളെന്തിനായിരുന്നു, തന്നെ കണ്ടുമുട്ടിയത്? തന്നിലീ ഗദ്ഗദം പങ്കുവച്ചത്? ചെന്നപാടെ അയാൾ വിളിച്ചു. താരേ രണ്ടു കപ്പ് ചായ, ഒന്ന് മധുരം കുറച്ച്. തനിക്ക് മധുരം കുറവു മതിയെന്നങ്ങനെ മനസ്സിലാക്കി ? താര അയാളുടെ ഭാര്യ, സ്വപ്നങ്ങളുടെ ചിതമ്പലുകൾ അടർന്ന് രക്തത്തിന്റെ നിറം വറ്റി നിറം നഷ്ടപ്പെട്ട ഞരമ്പുകളുള്ള പെൺകുട്ടി. ചായ എത്തിയപ്പോൾ തനിക്ക് തന്നതിൽ നിറയെ മധുരമായിരുന്നു അയാൾക്ക് മറിച്ചും. കുറ്റപ്പെടുത്തുക ശരിയല്ലെന്ന് എനിക്ക് തോന്നി ഞാനയാളോട് ചോദിച്ചു.

താര - തന്റെ ഭാര്യ എന്തു ചെയ്യുന്നു ഇപ്പോൾ

സ്വപ്നത്തിലെവിടേയോ തനിക്ക് നഷ്ടപ്പെട്ടുപോയ പട്ടുനൂലിഴകൾ നെയ്യാൻ വന്നതാണോ ഈ കുട്ടി.

സാർ. ആ പുസ്തകം ഒന്നു കാണട്ടെ.

മനസ്സിൽ കരിയിലകൾ കത്തിയെരിയുമ്പോൾ ആവർത്തനങ്ങളുടെ വിരസത.

സാർ! ഞാനധ്യാപകനല്ല, ഇംഗ്ലീഷുകാരനുമല്ല. എന്റെ ചരിത്രം ആവശ്യമാണെന്ന് എനിക്ക് തോന്നി. പിന്നെന്താ വിളിക്കേണ്ടത്? എന്നായി അവൾ.

എനിക്കൊരു മറുപടി - എന്തും? നമുക്ക് യോജിച്ചത്. ഗ്രാമീ

ണതയിലാണ് ഞാൻ ജനിച്ചതും ജീവിച്ചതും. എന്റെ പേര്-

അല്ലെങ്കിൽ തനിക്കെന്തു പേര്? ആർക്കും എന്തും വിളിക്കാവുന്ന പേര്. ഓരോ പരിചയപ്പെടലിനും താനോരോ പേരാണ് പറയാറ്.

യഥാർത്ഥത്തിൽ എനിക്കതിന് കഴിഞ്ഞില്ല. ഞാൻ മിഥുൻ. മിതു എന്നു വിളിച്ചാലും ധാരാളം. ചരിത്രത്തിലേക്ക് കടക്കുന്നതിനുമുമ്പേ വാക്കുകൾവീണുടഞ്ഞു. വീണുടഞ്ഞ വാക്കുകൾ നഷ്ടപ്പെട്ടപ്പോൾ പുതിയ വേരുകൾ തേടുകയായിരുന്നു, ഞാൻ. സ്വന്തമായി ഒന്നുമില്ലാത്ത എവിടെയോ എറിഞ്ഞുടയ്ക്കപ്പെട്ട സ്ഫടികചീളു പോലെ-

പത്തായപ്പുരയിൽ നിന്നും നെല്ല് അളന്ന് വിൽക്കുവാൻ ആജ്ഞാപിക്കുമ്പോൾ, കൊച്ചു പേങ്ങന്റെ വായിൽ നുരകുത്തിയ പാത, ഒരുപെരുത്ത് സൂര്യാസ്തമനങ്ങൾക്കു ശേഷം ഈ കറുത്ത വാവിന്റെ ഏറ്റിറക്കങ്ങൾക്കും ആരതി തേടിയെത്തിയതാണ് കൂട്ടീ! എന്റെ കഥയാരംഭിക്കാൻ ഞാൻ വെമ്പുകയായിരുന്നു. എഴുത്തോലകളിൽ കരിപുരട്ടി മാത്രം ലിപികളെ കടം വാങ്ങുമ്പോൾ അശ്വാരൂഢന്റെ വാൾമുനയേറ്റുപിടഞ്ഞ മനസ്സിൽ രക്തം കട്ടിയായിരുന്നു. വീണ്ടും ആണ്ടിറങ്ങാതെ കൃഷ്ണശിലയെപ്പോലെ കഠിനമായ ദുഃഖങ്ങളിൽ ആർക്കാണ് ചലനമുണ്ടാക്കാൻ കഴിയുക. ദിനാന്തങ്ങളിൽ മെഴുകുതിരിപോലെ ഉരുകിത്തീർന്നു . പിന്നെയും ഓർത്തു. നാളെയും സൂര്യനുദിക്കും. അസ്തമിക്കും.

പ്രഭാതങ്ങളുടെ രക്തധമനികളിൽ കുമിഞ്ഞുകൂടുന്ന മലമടക്കുകളുടെ അവർണ്ണനീയസൗന്ദര്യം എനിക്ക് ലഹരി പകർന്നു. പിന്നെയും ഞങ്ങളുടെ പരിചയം വളർന്നു. ഒരു കറുത്ത ബിന്ദുവായ് ജീവിതം മാറാതിരുന്നപ്പോൾ നിലച്ചുപോകാത്ത ഏതോ ധ്വനി എന്നിൽ വലയം ചെയ്തിരുന്നു. എന്റെ പ്രിയപ്പെട്ട അനിയത്തീ! ഞാനെത്ര കൊതിച്ചു.

ഞാനൊറ്റയ്ക്കാണെന്ന തോന്നൽ മാഞ്ഞു. ഏതോ നിശബ്ദതയുടെ ഇരുണ്ട മുഖത്തു നിന്നും വലിച്ചുനീക്കിയ കരിമ്പടം പോലെ മാനം കറുത്തു . ആ കറുപ്പിൽ ഏതോ വെള്ളിരേഖ പടരുന്നതും ഞാൻ കണ്ടു. അവൾ ഒരു കൊച്ചുകുട്ടിയായിരുന്നു.

താരാ - ഞാൻ വിളിച്ചു.

മിതുവേട്ടാ - വിളിപ്പാടുകളിൽ ഘനനം ദൈന്യതയായിരുന്നില്ല. സ്നേഹത്തിന്റെ ഞരമ്പുകൾ തടിച്ചു.

നിനക്കെങ്ങനെ പരിചയപ്പെടാൻ, സ്നേഹിക്കാനായി താരേ? മറുപടി. നാം വേർപിരിയേണ്ടവരല്ലല്ലോ. ഏതോ തീരത്ത് ഇരുകണികയായ് വേറിട്ടു പോയതാവാം.

ദാ.....താരേ, നീയാ പക്ഷികളെ കണ്ടോ? എന്തൊരു സൗന്ദര്യമാണവയ്ക്ക് -

പക്ഷേ.....

ഏട്ടനോളം സൗന്ദര്യം ഒന്നിനുമില്ല. അങ്ങ് ഒരു വലിയ മനുഷ്യനാണ്. അല്ല. മനുഷ്യനല്ല. ദൈവമാണ്? കരിങ്കൂവളത്തിന്റെ മിഴികളിൽ നീരോലിപ്പുകൾ വറ്റിയിരുന്നില്ല. പറയു, അനിയത്തീ, നിനക്കെന്താണ് ദുഃഖം? ദുഃഖത്തിന്റെ കനത്ത ഭാരം മറന്നുവച്ച നിമിഷങ്ങളുടെ ഉറവുകൾ കണ്ടെത്തുകയായിരുന്നു പെൺകുട്ടി.

താര, നീയൊരു കൊച്ചു കുട്ടിയല്ലെന്നോർക്കണം. കഴിയില്ല ഏട്ടാ..... ഞാനൊരു കൊച്ചു കുട്ടിയല്ലേ, ഏട്ടന്റെ അനിയത്തി. സമൂഹത്തിലതിന് സ്ഥാനമില്ല കൂട്ടീ. താരെ നീ കരുതുന്നതു പോലെ സ്വതന്ത്രരല്ല നാം.

വേണ്ട, നാമിതു പൊട്ടിയ്ക്കണം. ഏട്ടാ.....ഈ ബന്ധം ഇനിയും പാടില്ല! താരെ, നീ വിവാഹിതയാണെന്നോർക്കണം. നിനക്ക് ഭാവി നിന്റെ സ്വന്തമാണ്.

എന്റെ മിതുവേട്ടനില്ലാതെ എനിക്കെന്താണ് സ്വന്തമായുള്ളത്.

അനർഗ്ഗള സംഗീതത്തിന്റെ ധ്വനി പടരുന്ന പുഴയുടെ വക്കിൽ നമുക്ക് പോകാം.

പുറപ്പെടുമ്പോൾ എവിടെയോ സമൃതി പേടകത്തിലേക്ക് നയിക്കപ്പെടുന്ന അന്വർത്ഥതയുടെ കൂടുണ്ടായിരുന്നു. കൂട്ടിൽ ചിലമ്പുന്ന കിളികൾ എന്തായിരുന്നു ചിലച്ചത്?

സാന്ത്വനത്തിന്റെ പൊരുളാണോ നാം തേടേണ്ടത്. താരാ, നിന്റെ ശിരസ്സുകൾ താഴുന്നു. നീ നീയല്ലാതാവുന്നു. പരിഭവം നിഴലായി പുറകേ പായുന്നു. ഈ മണൽപ്പുറത്തിരുന്ന് നീ പാടൂ താരെ, താരെ നീ പാടു. ആ പാട്ടിന്റെയീണത്തിൽ എന്റെ മുക്തി വിലയിക്കട്ടെ!

മണൽപ്പുറത്തുവച്ച് എത്രയെത്ര കഥകൾ നീ പറഞ്ഞു. സ്നേഹത്തിന്റെ ഭാഷ്യം കൈവശപ്പെടുത്തി, ദുര മൂത്ത മണൽതരികൾ വെള്ളത്തിലേക്കെറിഞ്ഞു. ആ തരംഗങ്ങളിൽ ഒഴുകി നടന്ന മണൽതരികൾ.

താരെ, നിനക്ക് നല്ല ഭാവിയുണ്ട്. നീയെന്നെ മറക്കും ഇല്ലേ?

ഉടനേ. വേദന അണപൊട്ടി.

എവിടെയോ കമ്പികൾ വലിഞ്ഞുമുറുകി.

പാടത്തിന്റെ ഒറ്റ വരമ്പിലൂടെ ഞങ്ങൾ നടന്നപ്പോൾ തന്റെ പാദങ്ങളുടെ പാടലുകൾ പൊടി പറ്റിയപ്പോൾ അവൾ ചോദിച്ചു.

ഏട്ടാ എത്ര നിർമ്മലമാണാപാദങ്ങൾ?

അപ്പോൾ ഹൃദയമോ. തന്റെ മറുചോദ്യം. അവളിൽ നനവുണർത്തി.

ഹൃദയം കാണാനൊക്കുമോ?

അവൾ വീണ്ടും ചൊദിച്ചു.

കാണാത്തത് വിശ്വസിക്കാനാവില്ല അല്ലേ?

പിന്നെയും ശിഖരങ്ങളിലെ ഞാന്നിറങ്ങുന്ന വേരുകൾ പോലെ എവിടെയോ മുട്ടി ഉരസുന്ന സംഭാഷണങ്ങൾ.

നിനക്ക് സമൂഹത്തെ ഭയമില്ലേ താരെ? അയാൾ ചോദിച്ചു.

സമൂഹം! ഏട്ടനാണ് സമൂഹത്തെ ഭയം.

മനസ്സിൽ തനിക്ക് സമൂഹത്തെ അല്പം പോലും ഭയമുണ്ടായിരുന്നില്ല. ഇരുണ്ട വനാന്തരങ്ങളിൽ ആദിമനുഷ്യന്റെ ഉറകുത്താത്ത ഹൃദയത്തിലും ആ തേങ്ങലായിരുന്നല്ലോ?

നമുക്ക് നടക്കാം - ഞാൻ പറഞ്ഞു.

വേണ്ട - പരീക്ഷയല്ലേ ഏട്ടാ.....

ഓ..... നിന്റെയൊരു പരീക്ഷ. താനിങ്ങനെ പറയണമെന്ന് തോന്നി - നിനക്ക് പോസ്റ്റുഗ്രാഡുവേഷൻ വേണമല്ലൊ - ഓ ഞാൻ ഡോക്ടറേറ്റ് തന്നിരിക്കുന്നു. കളിക്കാൻ എന്തോരു രസമായിരുന്നു.

ഇന്ന് —

ഹാസ്യത്തിലെ ദുഃഖം —

പരീക്ഷയ്ക്കുശേഷം താൻ കാണുമ്പോൾ താര പരിക്ഷീണിതയായിരുന്നു.

ഞാൻ പറഞ്ഞു. പരീക്ഷയ്ക്കുശേഷം നിന്റെ ജീവിതം ജീവിതം നഷ്ടപ്പെടരുത്. ഡോക്ടറേ കാണൂ മരുന്ന് വാങ്ങികഴിക്കൂ. ഞാൻ കൂടി വരാം.

യാത്രയുടെ ഓർമ്മകൾ പുളകം പൂണ്ടു.

നാളെ..........നാളെ..........

നാളെ നമുക്ക് പോകണം താരെ.

എങ്ങോട്ടെങ്കിലും

എങ്ങോട്ടായാലും നീ






ആറെട്ട് ചാനലുകളിൽ
പാചക പരിപാടിം
അവതരിപ്പിക്കുന്നുണ്ട്
പുള്ളിക്കാരത്തി
കുത്തിയിരിപ്പ്
സമരം
വർഷം 20
പാചക
വാതക
സിലിണ്ടർ
അനുവ
ദിക്കുക


ഡോക്ടറുടെ
കാണാതെ പോയ
മൊബൈൽ കണ്ടു
പിടിച്ചു.... ഇന്നലെ
ഓപ്പറേഷൻ നടത്തിയ
ആളിന്റെ വയറ്റിൽ
റിംഗ് ചെയ്യുന്നു.
DOCTOR


ശവശരീരം എടുക്കാൻ
എന്താ ഇത്ര ധൃതിയെന്നോ?
ചുറ്റിനുമിരുന്നു കരയുന്ന
സ്ത്രീകൾക്ക് മണിക്കൂറിന്
250 രൂപയാ.. അതാണ്
താമസിപ്പിക്കാൻ പറ്റില്ലെന്ന്
പറഞ്ഞത്---


നീ ഭാര്യയുമായുള്ള
ട്രെയിൻ യാത്ര ഒഴി
വാക്കി ബസ്സിൽ യാത്ര
ചെയ്യാൻ തീരുമാനി
ച്ചതിനു കാരണം?
അപകടകരമായ
തൊന്നും തന്നെ
ട്രെയിനിൽ കൊണ്ടു
പോകാൻ പാടില്ലെ
ന്നാ റെയിൽവേയുടെ
മുന്നറിയിപ്പ്






വരില്ലേ? ഏട്ടൻ വിളിച്ചാൽ ഞാൻ വരാതിരിക്കോ?

പിറ്റേ ദിവസം ഞങ്ങൾ യാത്ര തിരിച്ചു. കിലോമീറ്റർ കാണിക്കുന്ന ദൂരക്കുറ്റിയ്ക്കരികിൽ ബങ്ക് ഷോപ്പിൽ നിന്നും ജൂസ് വാങ്ങി കഴിക്കുമ്പോൾ എന്തോരു രസമായിരുന്നു. തിക്കി തിരക്കി ബസ്സിൽ കയറുമ്പോഴും ഏതോ വരാനിരിക്കുന്ന ശ്വാസം മുട്ടലായിരുന്നു.

ഓ.......അനിയത്തീ, നീ വിയർത്തു പോയല്ലേ.

സാരമില്ലേട്ടാ -

ആസ്പത്രിയിലെത്തി ഡോക്റെ കാണാൻ ചീട്ടിന് കുറിക്കുമ്പോൾ

പേര് ---

വയസ്സ് ---

അപ്പോൾ മിതുനുമായുള്ള ബന്ധം - ഡോക്ടറുടെ അന്വേഷണം.

എന്റെ അനിയത്തി

താര -ഇ/ീ. മിതുൻ പരിശോധനയ്ക്കുവേണ്ടി കാത്തുനിന്നു മടുത്തപ്പോൾ പോപ്പിൻസ് മിഠായിയുടെ പൊതികൾ ചോർത്തി മധുരം നുകർന്നു. തിരിച്ചുപോരുമ്പോൾ ഉന്മേഷത്തിന്റെ കായൽ ശാന്തമായിരുന്നു. മറ്റോരു കാലവർഷത്തെ ഭയന്നുകിടന്ന കായലിൽ ഒരു വെള്ളം ഇറങ്ങിയിരുന്നു.

കാലത്തിന്റെ ഒഴുക്ക് കയങ്ങളിൽ ഊളിയിട്ടിരിക്കുന്ന സായാഹ്നങ്ങളോട് വിടപറഞ്ഞുവന്ന വസന്തം. പൂക്കുകയും കായ്ക്കുകയും ചെയ്യുന്ന മരങ്ങളുടെ ശിഖരങ്ങളിൽ ഇലകൾ പൊഴിയ്ക്കാനെത്തിയ ശിശിരം. വേർപാടിന്റെ ഉറ കുത്തുന്ന വേദനകളിൽ ഒരു ദുഃഖസ്മൃതിയുടെ കാര്യം കൈമോശം വന്ന രാത്രികളെ പുണരുമ്പോഴായിരുന്നല്ലോ, വീണ്ടും സ്വപ്നങ്ങൾ ആരംഭിച്ചത്.

പിന്നീടെന്നോ ഞങ്ങൾ വീണ്ടും കണ്ടത് ഞാനോർക്കുന്നില്ല. വ്യക്തിയുടെ വികലതകളിൽ അസ്വാരസ്യം നഷ്ടപ്പെട്ട പലയാമങ്ങളും കടന്നുപോയല്ലേ? ഖേദിച്ചിട്ടെന്തുകാര്യം? അതേ. വേദനയുടെ കുരുക്കുകളിൽ നഷ്ട്ടപ്പെടുന്നതും ഈ സ്വാസ്ഥ്യം തന്നെയല്ലേ.

എന്തിനായിരുന്നു കൂടുകൾ കൂട്ടിയത്.

എന്തിനായിരുന്നു, കൂടുകൾ കൂട്ടിയത്.

ചിറകറ്റ ഈ പക്ഷിക്ക് പിറകേ, ചിറകുമായി നീയെന്തിനു വന്നു?

ഇന്നെല്ലാം തേങ്ങലോടെ ഓർക്കേണ്ടിവന്നിരിക്കുന്നു. എങ്കിലും നഷ്ടപ്പെടുന്നതിന്റെ വ്യത്യാസം അഴക്കാൻ ഏതളവുകോലാണുള്ളത്.

താനൊരിക്കൽ പറഞ്ഞു. ഈ കാലത്തിനും വിധിക്കുമപ്പുറം വികാരാർദ്രത കൈമോശം വരും കൂട്ടീ.

അന്നെല്ലാം അവൾ കളിയാക്കി.

ജിഹ്വ - വേദാന്തം.

അതേ ഈ വേദാന്തങ്ങളിൽ നാം കണ്ടു മുട്ടേണ്ടത് അതു തന്നെയാണ്. ഒരു പിടി സൂര്യാസ്തമനങ്ങൾക്കുശേഷം പിന്നെയും സുഹൃത്തിനെ കാണുമ്പോൾ സ്മൃതി പേടകത്തിൽ നിറച്ചിരുന്ന ത്രാസത്തിന്റെ വേരറ്റ ഏതോ വികാരം പൊടുന്നനെ വന്നു വീണു. മുറിവേറ്റ പക്ഷിയെപ്പോലെ അന്നെല്ലാം തന്റെ മനസ്സിൽ വേദന ഒഴുക്കി.

എന്നിട്ടും - അതെ എന്നിട്ടും താരക്കു വേണ്ടി തന്റെ ജന്മത്തിന്റെ അസ്തിത്വാവബോധത്തിലുയർന്ന സ്മേരമുഹൂർത്തങ്ങളെ കാത്തുകഴിഞ്ഞു. നൊച്ചിഴയുന്ന ആകാശത്തിലെ വെള്ളി മേഘങ്ങൾക്കപ്പുറത്തേക്ക്, മനസ്സു പായുമ്പോഴും ആലോചിക്കാതിരുന്നില്ല, എത്ര നാൾ?

തുടരും



കഥ



# പുസ്തകങ്ങളെ പ്രണയിക്കുന്ന കുട്ടി

ആർ.എസ്. റഊസ് പുല്ലഴി

അക്ബർ എന്ന മനുഷ്യൻ എന്റെ ആരാണ്? എന്താവാം അയാളോട് ഇത്ര അഭേദ്യമായ ഒരു ബന്ധം ഉടലെടുക്കുവാൻ കാരണം. വർഷങ്ങളുടെ സൗഹൃദം കൂടിയില്ല. എന്നിട്ടും യുഗങ്ങളുടെ അടുപ്പം.

ഏറെക്കുറെ എല്ലാ ദിവസവും വീട്ടിൽ വരും. അക്ബർ വരാത്ത സായാഹ്നം തള്ളിനീക്കുക വളരെ ബുദ്ധിമുട്ടാണ്. ഭക്ഷണം നേരെചൊവ്വേ ഇറങ്ങില്ല. അക്ബർ എത്തിയാൽ എന്റെ ഉൽസാഹം ഇരട്ടിക്കും. എത്രയോ വട്ടം ഇവിടെ വന്നിരിക്കുന്നു. ഒരു പ്രാവശ്യം പോലും എന്റെ വീട്ടിൽ...... എന്ന് ഒരിക്കലും പരിഭവം ഭാവിച്ചിട്ടില്ല അക്ബർ.

വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന ഇനത്തിൽ പെട്ട ഗൗരവക്കാരനായ ഒരു പുസ്തക വായനക്കാരനാണ് അക്ബർ. ഒത്തിരി പഠിത്തമൊന്നുമില്ല. ജോലി കൂലിപ്പണി. എങ്കിലും പരന്നവായന അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്നു വേറിട്ടു നിറുത്തുന്നു.

പുസ്തകം വായിക്കാനുള്ള കൊതി കൊണ്ടാണ് എന്നെ പരിചയപ്പെട്ടത്. നാട്ടിൽ വായനശാലയില്ല. അപ്പോൾ വേറെന്തു ചെയ്യാൻ. ഏതു വായനശാലയിലുള്ളതിലും കൂടുതൽ പുസ്തകം എന്റെ ശേഖരണത്തിലുണ്ടല്ലോ? മൂഷികനില്ലാത്ത ദേശത്തുനിന്ന് - മൂഷികനുള്ള പ്രദേശത്തേക്കു പൂച്ച ഇരപിടിക്കുവാൻ പോകുന്നത് സ്വാഭാവികം.

എടുക്കുന്ന പുസ്തകം ചുളിവു പോലുമില്ലാതെ എനിക്കു മടക്കിത്തരുന്ന ഏക വ്യക്തി അക്ബറാണ്.

അക്ബറിന്റെ മകനും ഭയങ്കര പുസ്തകപ്രേമിയാണ്. അവൻ എന്റെ മകന്റെ സഹപാഠി. അങ്ങനെയാണ് ബാപ്പയും മകനും മനസിലാക്കിയത് എന്റെ വീട്ടിൽ പുസ്തക ശേഖരമുണ്ടെന്ന്.

മുഖാമുഖം സന്ദിച്ചിട്ടില്ലെങ്കിലും അക്ബറിന്റെ മകനോട് അവാച്യമായ വാത്സല്യം ഉള്ളിൽ രൂപം കൊണ്ടു. പഠിക്കുവാൻ ഏതു കോപ്പനും സാധിക്കും. പക്ഷേ നല്ലൊരു സഹൃദയനാവുക?

ആ കൊച്ചൻ അപൂർവ്വമായേ വീട്ടിൽ വന്നിട്ടുള്ളൂ. അപ്പോൾ ഞാൻ സ്ഥലത്തുണ്ടായിരുന്നില്ല. അവനെ പരിചയപ്പെടണമെന്നത് വലിയ അഭിലാഷമാണ്. ബുദ്ധിയും - ബോധവുമുള്ള ചെറുക്കന്മാരുമായി ഇടപെഴകുന്നത് ഒരു മഹാഭാഗ്യമല്ലേ?

എന്റെ മകൻ നിയാസ് പാഠപുസ്തകമല്ലാതെ-വേറെ ഒരു ബുക്കും പൊടി തട്ടുവാൻ തൊടുന്നത്പോലും ഞാൻ കണ്ടിട്ടില്ല!

അക്ബറിന് മകനെ സംബന്ധിച്ചുവളരെ മതിപ്പാണ്. മകന്റെ വീരസ്യം സന്ദർഭമുണ്ടാക്കി വിസ്തരിക്കുവാൻ അക്ബർ സമർത്ഥനാണ്. മകന്റെ വായനാനുഭവങ്ങളാണ് ഏറെയം വിളമ്പുക!

ആ ചെറുക്കൻ എന്റെ ശേഖരണത്തിലുള്ള ഏതാണ്ടെല്ലാം വായിച്ചുതീർത്തിരിക്കുന്നു. മിടുമിടുക്കൻ!

എന്നിട്ടും ഇതേവരെ നേരിൽ കാണുവാൻ ഒത്തിട്ടില്ല. നോക്കിക്കോ-ഒരു ദിവസം അറിയിക്കാതെ അക്ബറിന്റെ വീട്ടിൽ ചെല്ലും. ബാപ്പയും മകനും ഞെട്ടട്ടെ!

അക്ബറിന്റെ വീടു സന്ദർശിക്കുവാൻ ഒരു തീയതി നിശ്ചയിച്ചുറപ്പിച്ചിരുന്നതാണ്. പക്ഷേ അന്നേ ദിവസം പൊടുന്നനെ പൊട്ടിവീണ ചില്ലറ തിരക്കുകൾ നിമിത്തം അതു നടന്നില്ല. അടുത്ത ദിവസം ഒരു ഒഴിവു വീണു കിട്ടിയപ്പോൾ ഞാൻ അത്യന്തം ആഹ്ലാദിച്ചു. ഇന്ന് സ്കൂൾ അവധിയാണ്. കട്ടായം -വായനാവിധ്വാൻ വീട്ടിൽ കാണേണ്ടതാണ്.

നിയാസിന് അക്ബറിന്റെ പെര എവിടെയാണെന്ന് തെല്ലും അന്തമുണ്ടായിരുന്നില്ല. എങ്കിലും അവനേയും ഞാൻ കൂടെ കൂട്ടി-ഒരു



കൂട്ടിന്.

നല്ല ചങ്ങാതി-ഇക്കാലത്തെ പിള്ളേർ ഒക്കെ ഇമ്മാതിരിയാണോ? ആത്മമിത്രത്തിന്റെ വീടുപോലും....?

ഒരു ഓട്ടോ പിടിച്ച് വളരെ നേരം കറങ്ങിയാണ് അക്ബറിന്റെ പെര കണ്ടുപിടിച്ചത്.

ഒരു സാധാരണക്കാരന്റെ പകിട്ടുപോലുമില്ല ഓടിട്ട ആ വീടിന്. ഞങ്ങൾ വീടിന്റെ ഉമ്മറത്തേക്കു നടന്നു. ഉമ്മറത്ത് ഒരു കളിപ്പാവയെ പൂത്താനിക്കുന്നു നിയാസിന്റെ പ്രായം തോന്നിപ്പിക്കുന്ന ഒരു പയ്യൻ. അവന് ബുദ്ധിക്കെന്തോ തകരാറുണ്ടെന്ന് പെരുമാറ്റത്തിൽ നിന്നു വ്യക്തം.

ഈ സൂക്കേടുള്ള കുട്ടി അസ്ക്കറിന്റെ....? വീട്ടിലെ പരസഹസ്രം വിശേഷങ്ങൾ എന്നോട് പറഞ്ഞിട്ടുണ്ട് അക്ബർ. എന്തേ ഇവനെ പറ്റി സൂചിപ്പിച്ചില്ല? ഒരുപക്ഷേ ഇവൻ അയൽപക്കത്തെ- താമസക്കാരനാവും. അല്ലെങ്കിൽ ബന്ധു!

(ശേഷം പേജ് 37ൽ)

കഥ

# ഡയാനയും പ്രണയവും ചില മുറിപ്പാടുകളും



കെ.പി. സുധീര

മൂന്നു തവണ ക്ലോക്കിന്റെ മണി മുഴങ്ങി. അപ്പോഴും ഭരത്ദാസ് ഉണർന്ന് കിടക്കുക തന്നെ ആയിരുന്നു. കട്ടിലിന്റെ ഇടതുവശത്ത്, കൈത്തലത്തിൽ മുഖമർപ്പിച്ച് ചേർന്നു കിടന്നിരുന്ന ഡയാന ചെറുതായൊന്ന് അനങ്ങി. അദ്ദേഹം ശ്രദ്ധിച്ചു. ഒരു വല്ലാത്ത വിളർച്ച അവളുടെ മുഖത്ത് പ്രകടമായിരുന്നു. ജനാലയ്ക്കൽ നിന്ന് കൈനീട്ടുന്ന നിലാവിന്റെ നേർത്ത വെളിച്ചത്തിൽ. നിരന്തരം ഫേസ്പാക്കണിഞ്ഞ് തൊലിയിൽ വീണ ചുളിവുകൾ തെളിഞ്ഞു കാണാം.

ഒരു പ്രശസ്ത നർത്തകിയായ ഡയാനയ്ക്ക് മോഹിപ്പിക്കുന്ന ഒരു അംഗപ്പൊരുത്തം ഉണ്ടായിരുന്നു. വെണ്ണക്കല്ലിൽ തീർത്ത ഒരു ശിൽപ്പ ചാതുരി ഈ മുപ്പത്തിനാലിലും അവളിൽ നിറഞ്ഞു നിൽക്കുന്നു.

ആദ്യം കണ്ടപ്പോൾ ഭ്രമിച്ചു പോയത് അവളുടെയീ അംഗസുഷമയിലാണോ, അതോ കണ്ണുകളുടെ മാന്ത്രിക ഭാവങ്ങളിലോ ?

കൃഷ്ണാ നീ ബേഗനേ ബാരാ എന്ന് വിരഹയാതനയോടെ കൈമാടി വിളിച്ചത് കഷ്ടകാലത്തിന് താനിരുന്ന ഭാഗത്തേക്ക് നോക്കിയായിരുന്നു.

നന്ദകിഷോർ ശർമ്മയായിരുന്നു ഓർഗനൈസർ. നിർബന്ധിച്ചപ്പോൾ പരിപാടിക്ക് പോകേണ്ടിവന്നതാണ്. നൃത്തരൂപങ്ങളോട് എന്തോ തനിക്ക് അകാരണമായ വിപ്രതിപത്തി ഉണ്ടായിരുന്നു. എന്നിട്ടും ചില നൃത്തങ്ങൾ കാണുവാൻ ഇതുപോലെ പോകേണ്ടി വന്നിട്ടുണ്ട്. നിത്യ നിത്യ യുടെ ഉദ്ഘാടനത്തിന് പോയപ്പോൾ ശർമ്മിള ബിശ്വാസിന്റെയും, നർത്ത്ക യുടെ പരിപാടിയിൽ മഞ്ജുഭാർഗവിയുടെയും നൃത്തങ്ങൾ കണ്ടിട്ടുണ്ട്. ഭരതനാട്യവും തില്ലാനയും കുച്ചിപ്പുടിയും. ഏന്തായാലും നൃത്തം അധികനേരം കണ്ടിരുന്നിട്ടില്ല. ശാന്തയുടെയും, ധനഞ്ജന്റെയും നൃത്തമാണ് അൽപ്പമൊന്ന് മനസ്സിൽ പതിഞ്ഞു പോയത് .

വൈജയന്തിക്ക് നൃത്തം ജീവനായിരുന്നു. ഋഷികേശും വർഷയും ഗുജറാത്തി കുടുംബം. അവരുടെ ഒപ്പമാണ് അവളുടെ നൃത്തം കാണൽ. പിന്നെ ഇടയ്ക്ക് ഓഫീസിൽ നിന്ന് സ്ഥിരം സഹകാരിയും, സഹചാരിയുമായ മിസ്റ്റർ ഭട്നാകറിനൊപ്പം.

വേണ്ട...... ഓർത്തു തുടങ്ങിയത് ഡയാനയുടെ നൃത്തത്തെക്കുറിച്ചാണ്. അവൾ വ്യത്യസ്തമായ അംഗചലനങ്ങളുടെ ഉടമയായിരുന്നു. നൃത്തം തീർന്നു കഴിഞ്ഞിട്ടും നർത്തകിയുടെ ഗൂഢസ്മിതങ്ങൾ പായിച്ച വൈദ്യുതി ദേഹത്തിൽ ആഘാതമായി ശേഷിച്ചു. അപ്പോഴാണ് അറിയിപ്പുണ്ടായത്.

അപ്രതിമനായ നിരൂപകനും, പത്രപ്രവർത്തകനുമായ ഭരത്ദാസ് നർത്തകി ഡയാനയ്ക്ക് ഉപഹാരം സമ്മാനിക്കുന്നതാണ്. ഭരത്ദാസ് ചെറിയ അത്ഭുതത്തോടെ തലയുയർത്തിയപ്പോൾ ശർമ്മ പുഞ്ചിരിതൂകി, കണ്ണിറുക്കി.

എത്ര പേർക്ക് ഈ കൈകൊണ്ട് ഉപഹാരം കൊടുത്തിരിക്കുന്നു! പക്ഷേ മനസ്സിവിടെ എന്തിനാണ് ഒരു മയിൽപ്പേടയുടെ ആനന്ദത്തോടെ നൃത്തം ചെയ്യുന്നത്.?

കളിച്ച് വിയർത്ത ദേഹത്തോടെ, മുഖത്ത് കൂടെ ഒലിക്കുന്ന ചായത്തോടെയാണ് അൽപ്പം കിതപ്പോടെ ഡയാന വന്നു നിന്നത്. പുരസ്കാര ദാനം കഴിഞ്ഞ് പിൻസ്റ്റേജിലേക്ക് രണ്ടുപേരും പിന്മാറി. ഗ്രീൻറൂമിലേക്കുള്ള ഇടനാഴിയിൽ ശർമ്മ പരിചയപ്പെടുത്തിയപ്പോൾ വിരൽ കൊണ്ട് വിയർപ്പ് വടിച്ചുകളഞ്ഞ് അവൾ കൈകൂപ്പി, പുഞ്ചിരിച്ചു. ചുണ്ടുകൾക്കിരുവശത്തും നെറ്റിയിലും ആഴത്തിലുള്ള ചുളിവുകൾ. ചെറുപ്പകാരിയല്ല ഈ നർത്തകിയെന്ന് മനസ്സിലായി. എന്നാലും മനസിലെന്തോ മിന്നൽപ്പിണരുകൾ പുളഞ്ഞു.

ശരി ഇനിയും കാണാം സഹോദരീ,

ഭരത്ദാസും കൈകൂപ്പി. മെടഞ്ഞിട്ട നീണ്ട തലമുടി വെട്ടിച്ച് ഡയാന തിരിഞ്ഞപ്പോൾ ആ അംഗസുഭഗതയിൽ അന്തംവിടുന്ന ഭഗത്ദാസിന് നേരേ കുനിഞ്ഞുകൊണ്ട നന്ദകിഷോർ രഹസ്യം പറഞ്ഞു : ദിൻ മേ സിസ്റ്റർ, രാത് മേ ബിസ്റ്റർ. (പകൽ സഹോദരിയും രാത്രി കിടക്കവിരിപ്പും) ശർമ്മയുടെ ശൃംഗാരച്ചിരി അൽപ്പം ജാള്യതയുണ്ടാക്കി.

എന്തു പറ്റിയെടാ ഭരത് തനിക്ക്.

ഏയ്, ചുമലുകൾ ചലിപ്പിച്ചപ്പോൾ എന്തിനോ ഉള്ള് വിറച്ചു പോയി. തനിക്കിന്ന് എന്താണ് പറ്റിപ്പോയത്?

"പക്ഷേ, ഒരു വിധത്തിലും അടുക്കാത്ത പാർട്ടിയാണ്. സ്വഭാവം ക്ലീൻ ക്ലീൻ. നല്ല പഠിപ്പുണ്ട്. നൃത്തത്തിന്റെ ഭ്രാന്ത് മുഴുത്ത് വിവാഹം വേണ്ടേന്ന് പറഞ്ഞ് നടക്കുന്നു. ഇവളുടെ ഒരു ആരാധകൻ പിറകെ ഭ്രാന്തെടുത്ത് നടക്കുന്നുണ്ട് വർഷങ്ങളായി. പക്ഷേ കല്യാണം കഴിഞ്ഞാൽ നൃത്തം നിർത്തണം. സുമുഖൻ, സുന്ദരൻ. ഉയർന്ന ജോലി, ഉത്തമ സ്നേഹം. പക്ഷേ പെണ്ണ് സമ്മതിക്കണ്ടേ?

നന്ദകിഷോർ ഒരാവശ്യവുമില്ലാതെ ഉറക്കെ പൊട്ടിചിരിച്ചു . എന്നിട്ട് പതുക്കെ ചോദിച്ചു:

"നൃത്തം നമ്മുടെയൊക്കെ ഹരമാണെങ്കിലും സ്വന്തം പെണ്ണിനെ നമ്മള് വിടോ ഈ ആട്ടത്തിന്?"

അരക്കെട്ട് ശൃഗാരത്തോടെ ഒന്നു വെട്ടിച്ചുകൊണ്ടാണ് അവസാനത്തെ വാക്കുകൾ പറഞ്ഞത്. ഛെ

ഭരത് വണ്ടി കൊണ്ടുവന്നിട്ടില്ലല്ലോ. പോകാൻ തിരക്കുണ്ടാവും. ഈ പെണ്ണ് കേരളാഹൗസിൽ രണ്ടു ദിവസം കാണും. നാളെ ഏതോ രണ്ടു പ്രോഗ്രാം കൂടി ഉണ്ട് കാലത്തും വൈകിട്ടും. പെണ്ണ് നല്ല തറവാട്ടുകാരിയാണ്. കൂടെ ജ്യേഷ്ഠനും ഉണ്ട് അവൾക്ക് എൽ.ഐ.സി യിൽ ഉയർന്ന ഉദ്യോഗം. പിന്നെ.....

എന്തിനാണ് ശർമ്മ വീണ്ടും വീണ്ടും കുടുംബചരിത്രങ്ങൾ വിസ്തരിക്കുന്നത്.? ആളിന്ന് നല്ല മൂഡിലാണ്. രണ്ടോ മൂന്നോ ലാർജ് വിഴുങ്ങിയിരിക്കണം. മുഖം വല്ലാതെ ചുവന്നിരിക്കുന്നു.

സത്യം പറയാം സ്നേഹിതാ ഈ പെണ്ണ് ഉടുത്തൊരുങ്ങി പൈജാമാ സൂട്ടിൽ മുമ്പിൽ വന്നു നിന്നപ്പോൾ ശരീരകാന്തി കണ്ട്

എല്ലാവിധ ഇൻഡസ്ട്രീയൽ ജോലികൾക്കും സമീപിക്കുക

# ശാരദ



## ഇൻഡസ്ട്രീയൽസ്



കാളൂർ റോഡ്, മാങ്കാവ്
കോഴിക്കോട് – 673 007
**Mob: 9846412070**

## P.V. ENTERPRISES

**DEALERS IN ELECTRICAL & PLUMBING MATERIALS**

17/1894/A6, Abba Arcade Building,
East Kottaparamba,
G.H. Road, Kozhikdoe-1.
**Ph:0495 4025101, 3042762 Mob: 9387338100**

## Universal College

**MANKAVE, CALICUT - 7**

***Classer for: Spoken English, Computer & Accountancy***

**Contact No: 9387524341, 9895647906**

## MANAMKULAM ENTERPRISES

Chalappuram P.O., Calicut-673 002, Kerala
**Ph: Off: 2302884, Res: 2301916 Mohammed Ashraf: 9847755130**

**ANCHOR PLYWOOD**

Dealers: Plywoods, Laminated Sheets, Black Boards, Aluminium Items, Hardware, Timbers etc.

## SREELAKSHMI ENTERPRISES

**MANKAVE, CALICUT**

Ph: 9847005566, 9847140046

Dealers of: Jhonson & Jhonson

## Highness Cool Refrigeration & Air Conditions

**NEAR POST OFFICE, MANKAVE, CALICUT - 7**

***(Service for Airconditioner, Refrigerator, Washing Machine, Spray Painting,etc.)***

***Mob: 9349810003***

## AIWA TAILORING

**(GENTS)**

***Sreevalayanad,***
***Kozhikode - 673007***
***Ph: Baiju : 9037164023***

## Ammu Distributors

**Joudha Building, 5/2697H,**
**Rajeev Nagar Coloney, Near Swimming Pool**
**Calicut - 673004**
**Mob : Suresh Babu. M. - 9447722358**
**Ofi - 0495 2770086**

**Authorised of Balco PVC Conduits & Pipes**



## അനഘ കിണർ വർക്സ്

മാത്തറ, കോഴിക്കോട് (ഖാദി രജിസ്ട്രേഷൻ)
ഫോൺ : പ്രസന്ന കുമാർ – 9349626616
വിജിത്ത് – 8129358510, 9895059457

കിണർ, വാട്ടർടാങ്ക്, സെപ്റ്റി ടേങ്ക്, റെഡിമെയ്ഡ്മതിൽ, സ്ലാബുകൾ, etc...
Branch : പാലക്കാട് – കൊല്ലംങ്കോട്, പന്തീരാങ്കാവ്, H.O. മാത്തറ, പി.ഒ. ഗുരുവായൂരപ്പൻ കോളേജ്
NB: വലിപ്പം കൂടിയ കിണറുകളും നിർമ്മിച്ചുകൊടുക്കുന്നു.

ഞാനങ്ങ് അന്തിച്ചുപോയി. എന്തോരു സ്റ്റക്ച്ചർ!

കേട്ടപ്പോൾ ആ ചതഞ്ഞ മുഖത്ത് പരത്തിയോരു അടികൊടുക്കാനാണ് തോന്നിയത്. ഛെ, വഷളൻ, ലമ്പടൻ. മുഖത്തേക്ക് ഇരമ്പി വന്ന ദേഷ്യം കാണാതിരിക്കാൻ മുഖം തിരിച്ചുകൊണ്ട് പുറത്തേക്ക് നോക്കി.മഴയോ ?

ദില്ലിയിലെ മഴ പ്രണയ പ്രകർഷങ്ങളുടെ മഴയാണ്. എല്ലാവരും ജോലി നിർത്തി മഴയുടെ സൗന്ദര്യത്തെ കണ്ണുകളാൽ വാരിപ്പുണർന്നു. മുകളിലത്തെ പടിയിൽനിന്ന് ഭരത്ദാസ് മഴയത്തേക്ക് ചാടിയിറങ്ങി.

ബദ്മാൾ പാഗൽ എന്ന് ശർമ്മ ഉറക്കെ വിളിച്ചുപറയുന്നത് ശ്രദ്ധിച്ചില്ല. ഏതോ ലഹരി തലയ്ക്ക് പിടിച്ചു കഴിഞ്ഞിരുന്നു. പക്ഷേ, പനിച്ചു കിടന്നത് ഒരാഴ്ചയാണ്.

ഭരത്ദാസ് പുറത്തേ നിലാവിൽ നിന്ന് കണ്ണുകൾ പിൻവലിച്ച് പാതിയെരിഞ്ഞ സിഗരറ്റിലേക്ക് നോക്കി. വൈജയന്തിയുടെ താക്കീത് ഓർമ്മവന്നു.

ഇനി ഒരഞ്ചു കൊല്ലം കൂടി ഈ ധൂമപാനം തുടർന്നാൽ പിന്നെ വേഗം തന്നെ തെക്കെത്തൊടിയിൽ അന്തിയുറങ്ങാം. ഡോക്ടറല്ലെ അന്നു പറഞ്ഞത്?

കേൾക്കുന്നവർക്ക് സ്നേഹശാസനയാണെന്ന് തോന്നാമെങ്കിലും ശബ്ദത്തിൽ അതിന്റെ കണികയുണ്ടായിരുന്നില്ല. കുറെക്കാലം ഒന്നിച്ച് ജീവിച്ച് മടുക്കുമ്പോൾ എല്ലാ ദമ്പതികളും ഇങ്ങനെയൊക്കെയാവുമോ?

സ്നേഹം ഒരു കടങ്കഥയായത് എത്രവേഗത്തിലായിരുന്നു! ഈ കുടുക്കിൽ നിന്നൊന്ന് രക്ഷപ്പെട്ടാൽ മതിയെന്ന് നാഴികയ്ക്ക് നാൽപ്പത് വട്ടം പറയും വൈജയന്തി.

എനിക്ക് ജോലിയുണ്ട്. മകൻ ഹോസ്റ്റലിലും പിന്നെന്തിന് വലിച്ചു നീട്ടുന്നു? ഏച്ചു കൂട്ടിയാൽ മുഴച്ചിരിക്കും! അവൾ തരുണിന്റെ കാര്യം പറയുമ്പോ ഹൃദയം നടുങ്ങിപ്പോകുന്നു. അകം നീറുന്നൊരു വേദനയായിരിക്കുന്നു മകൻ.

സിഗരറ്റ് കൊണ്ട് കൈപൊള്ളിയപ്പോൾ അയാൾ ഞെട്ടി കുറ്റി താഴെയിട്ടു. എത്രാമത്തെതാണ് ഇത്? ഇന്ന് ആഹ്ലാദിക്കേണ്ട രാത്രിയാണ്. പ്രണയസാഫല്യത്തിന്റെ രാത്രി. ക്ലേശങ്ങൾ നിറഞ്ഞ, വിരഹദുരിതത്തിന് ശേഷം വന്നെത്തിയ രാത്രി. ക്ലേശങ്ങൾ അതേ, ശരിക്കും ക്ലേശങ്ങൾ തന്നെയാണ്, പ്രശസ്തരായ ഇരുവർക്കും സമൂഹം കനിഞ്ഞു നൽകിയ പാരിതോഷികം.

പുറത്ത് പരന്നൊഴുകുന്ന നിലാവിന്റെ ക്ഷീരസാഗരം. പുഴക്കരയിൽ കെട്ടിയുണ്ടാക്കിയ ആ ചെറിയ കുടിൽ ആഗ്രഹപൂർത്തിയുടെ മറ്റോരു സാഫല്യം.

പുഴവക്കിൽ നമ്മുടെ സ്ഥലത്ത് കെട്ടിയുണ്ടാക്കിയ കുടിലിലാവണം ആദ്യരാത്രി എന്ന് വൈജയന്തിയുമായുള്ള പ്രണയം വളർന്നപ്പോൾ, പ്രണയം ശാരീരികാകർഷണങ്ങളിലേക്ക് കടന്നപ്പോൾ പറഞ്ഞിരുന്നു. എന്നാൽ വിവാഹം പൊടുന്നനെ ആയിരുന്നു. രണ്ടാളും അരദിവസത്തെ ലീവെടുത്തു. ചാന്ദിനിചൗക്കിലെ ചെറിയ ഗൗരീശങ്കർ മന്ദിറിൽ വെച്ച് അങ്ങോട്ടുമിങ്ങോട്ടും ഓരോ തുളസിമാലയിട്ടു. ഏതോ മന്ത്രങ്ങൾ പാതി സംസ്കൃതത്തിലും പാതി ഹിന്ദിയിലും ഉച്ചത്തിൽ ചൊല്ലിക്കൊണ്ട് തടിയനായ പൂജാരി രണ്ടു കൈയും ബന്ധിപ്പിച്ചു. മന്ദിറിനെ വലം വെച്ചു. മുകളിലുള്ള അമ്പലമണി മുട്ടി. തീർഥത്തിൽ ചാലിച്ച ചന്ദനം നെടുനീളത്തിൽ തൊട്ടു തന്നു. വൈജയന്തിക്ക് സിന്ദൂരരേഖയിൽ കുങ്കുമമിട്ടു, കഴിഞ്ഞു. നൂറിന്റെ നോട്ട് ആ നിവർത്തിയ കൈയ്യിൽ വെച്ചു കൊടുത്തപ്പോൾ തലയുയർത്താതെ രണ്ടു വിരലുകൾ ഉയർത്തികാട്ടി, ഇരുന്നൂറ്.

അവിടുന്നായിരിക്കണം ജാള്യതകളുടെ, പൊരുത്തക്കേടുകളുടെ ആരംഭം. (വിവാഹം രജിസ്റ്റർ ചെയ്യാം,



പിന്നെ എന്നായിരുന്നു തീരുമാനം. അതു പിന്നെ നടന്നില്ലെന്ന് മാത്രം.) കല്ല്യാണം കഴിഞ്ഞ് ഹോസ്റ്റലിലേക്ക് മടങ്ങുക. നാട്ടിൽ ചെന്ന് അമ്മയുടെ കാൽ തൊട്ട് വന്ദിച്ചതിനു ശേഷം തുടങ്ങാം വിവാഹജീവിതം, എന്നും ഉറപ്പിച്ചു.

നിനക്കിഷ്ടമുള്ള ഏത് പെണ്ണിനെ കെട്ടിയാലും അമ്മയ്ക്ക് സമ്മതം. പക്ഷേ, കൃഷ്ണവേണിയെ ആയിരുന്നു അമ്മ ഉള്ളിൽ നിനക്ക് കണ്ടു വെച്ചത് എന്നായിരുന്നു അവസാനത്തെ കത്തിൽ അമ്മ എഴുതിയത്. കൊണ്ട്ചെന്ന് കാണിച്ചുകൊടുക്കാം, ആ എണ്ണയൊലിക്കുന്ന നാടൻ പെണ്ണിനേക്കാൾ എത്ര ഭേദമാണ് ഈ പരിഷ്കാരിപ്പെണ്ണ് എന്ന്.

നാട്ടിൽപ്പോക്ക് വൈജയന്തി സമ്മതിച്ചില്ല. വിവാഹപ്പിറ്റന്ന് തന്നെ ദില്ലിയിലെ ഒരു മോഡറേറ്റ് ക്ലാസ്സ് ഹോട്ടലായ ശീശ്മഹൽ ഗസ്റ്റ് ഹൗസിൽ ദാമ്പത്യം ആരംഭിച്ചു. മധുരം പോരാത്ത മധുവിധു. സ്നേഹം, പരിലാളന, പരിരക്ഷ ഇത് കൊതിച്ച ഭരത്ദാസിന് അവയൊന്നും കിട്ടിയില്ല. സ്നേഹിച്ചില്ല എന്ന് പറഞ്ഞുകൂടാ. പക്ഷേ, വൈജയന്തി വളരെ പ്രായോഗികമതിയായിരുന്നു. അവളുടെ വീട്ടുകാർക്ക് ഈ വിവാഹം എതിരില്ല. എന്നാൽ നാട്ടിൻപുറങ്ങളോട് പരമപുച്ഛം.

സുൻഹരി മോസ്കിനപ്പുറത്തെ തെരുവിലെ വാടകവീട്ടിൽ താമസം തുടങ്ങിയിട്ടും സ്നേഹത്തിന്റെ തരളഭാവങ്ങൾ അവളിൽ ഉണർന്നില്ല. സ്നേഹദരിദ്രമായ ഈ ജീവിതം എങ്ങനെ ഒന്നവസാനിപ്പിക്കാം എന്ന് ചിന്തിക്കുമ്പോഴാണ് അവളുടെ ഗർഭരഹസ്യം അറിഞ്ഞത്.

അമ്മയുടെ അടുത്തേക്ക് ഇനിയെങ്കിലും പോകണം. അയാൾ വാശി പിടിച്ചു . നാട്ടിൽ സാഹിത്യ സാസ്കാരിക മേഖലക ളിൽ ഏറെ പ്രസംഗങ്ങൾക്ക് ക്ഷണം കിട്ടിയ സമയമായിരുന്നു. ഇവി ടുത്തെ ഉദ്യോഗം കളഞ്ഞ് അവിടെ ഏതെങ്കിലും പത്രത്തിൽ കയറികൂടി നാട്ടിൽത്തന്നെ കഴിയാനും സ്വകാര്യ മായൊരു മോഹമുണ്ടായിരുന്നു, വൈജയന്തിയോട് പറഞ്ഞില്ലെങ്കി ലും.

മോർണിങ് സിക്ക്നസ്സും, ഗർഭകാല ആലസ്യങ്ങളുമായി വീട്ടി ലേക്ക് പോയ വൈജയന്തി തിരികെ വാടകവീട്ടിലേക്ക് വന്നത്, തരുണിന് ഒരു വയസ്സെത്തിയപ്പോഴാണ്. അപ്പോഴേക്കും പത്രപ്രവർത്തനത്തി ലും, നിരൂപണങ്ങളിലും സാഹിത്യ ത്തിലും മുഴുകി പുതിയൊരു ആന്ത രിക പ്രപഞ്ചം അയാളും സൃഷ്ടിച്ചു കഴിഞ്ഞിരുന്നു. ആറാം വയസ്സിൽ തരുണിനെ ഹോസ്റ്റലിലേക്ക് അവൾ മാറ്റിയപ്പോഴും മനസ്സിന് അധികം ഗ്ലാനി ഉണ്ടായില്ല. എന്നാലും വളർന്നു വന്നപ്പോൾ അവൻ ഹോസ്റ്റ ലിലിരുന്ന് ഗൃഹാതുരത്വത്തോടെ അമ്മയ്ക്കെഴുതുന്ന കത്തുകൾ താൽപ്പര്യത്തോടെ പിന്നെയും പിന്നെയും വായിച്ചിരുന്നത് അയാളാ യിരുന്നുവല്ലോ. കുട്ടിയുടെ ചുമതല അവൾ ഏറ്റു. പരസ്പരം പിരിഞ്ഞു പോകുമ്പോൾ, അവൾ വികാരരഹി തയായി പറഞ്ഞത്, എന്നും സൗഹൃ ദത്തോടെ കാണാം, ശത്രുത അരുത് എന്നായിരുന്നു.

പിന്നീട് വർഷങ്ങൾ കഴി ഞ്ഞാണ് ഡയാനയെ പരിചയമായ ത്, അവളുമായി കത്തിലൂടെ ഏറെ അടുത്തപ്പോഴാണ് അഗ്നിസ്ഫു ല്ലിംഗം പോലെ ഈ ആശയം. ഇവളെ.... ഈ സ്നേഹമതിയായ പെണ്ണിനെ എനിക്ക് വേണം വേണം.

ഡയാനക്ക് ഇങ്ങോട്ട് തീരാത്ത സ്നേഹമായിരുന്നു. വളരെ ക്ലേശിച്ച് ദീർഘയാത്രക്ക് ശേഷം കാണാൻ ചെല്ലുമ്പോൾ നൃത്തം ചെയ്യുന്ന കണ്ണുകൾ. ആരതി ഉഴിയുന്ന നോട്ടങ്ങൾ. ജീവിതം പൊള്ളുന്ന മണൽക്കാടാവുമ്പോൾ തീർഥജലത്തിന്റെ തണുപ്പും സ്വാദു മായി ഒരു സ്നേഹബന്ധം. ഡയാന യുടെ ഹൃദയത്തിന് അളക്കാനാ വാത്ത അഗാധത ഉണ്ടായിരുന്നു. അതു നിറച്ചു സ്നേഹവും.

ഡയാനക്ക് ദില്ലിയിലേക്ക് മാറ്റം കിട്ടിയത് അയാളുടെ സ്വാധീനം കൊണ്ടു തന്നെ ആയിരു ന്നു. എവിടെയൊക്കെയാണ് ചുറ്റി നടന്നത്! ഒരു ദിവസം ഇന്ത്യാഗേറ്റിന് ചുറ്റും നടന്നാൽ, അടുത്ത ദിവസം കൊണാട്ട്പ്ലേസിലും പോകും, കുത്തബ്മിനാറും ഇസ്ലാം മോസ്ക്കും നടന്നു കണ്ടു. സദാ ലാളിക്കപ്പെട്ടു കഴിയാനുള്ള മോഹം ഭരത്ദാസിനെ വീണ്ടും മോഹിപ്പിക്കുകയായിരുന്നു. എന്ത് സ്നേഹമുള്ള പെണ്ണ്.

നാൽപ്പത്തിരണ്ട് കഴിഞ്ഞ പ്പോഴാണല്ലോ തന്നിൽ സ്നേഹം പുഷ്പിച്ചത് എന്നായിരുന്നു അയാൾ അത്ഭുതപ്പെട്ടത്. നിരൂപണരംഗത്ത് അയാൾ ഒരു ധീഷണാശാലി തന്നെ ആയിരുന്നു. കൂടുതൽ പുസ്തകങ്ങൾ ഇറങ്ങി. ഡയാനക്കും പരിപാടികൾ കൂടി.

ജാഗ്രത്തിലും സ്വപ്ന ത്തിലും സുഷുപ്തിയിലും പ്രേമപ്ര കർഷത്തിന്റെ അഗ്നിശുദ്ധി. എല്ലാ വികാരങ്ങളോടും കൂടി സ്നേഹിക്കു വാൻ, എല്ലാ ആവേശത്തോടും കൂടി അണയുവാൻ അകം നീറ്റുന്ന ദിവസ ങ്ങൾ. ദൂരെ എവിടെയെങ്കിലും പോകേണ്ടി വന്നാൽ പൊടുന്നനെ ഉണരുന്ന വിരഹാഗ്നിയിൽ തപിച്ച് യാത്രപോലും മാറ്റി വെച്ചിട്ടുണ്ട്. ജീവി തത്തിന്റെ അർഥം ഈ സ്വയം സമർപ്പ ണമാണെന്ന് അവർ അറിയുകയായി രുന്നു.

പക്ഷേ, പ്രണയത്തിന്റെ ചെമ്പനീർക്കാടുകളിൽ അപകടങ്ങ ളുടെ മൈനുകളും ഒളിച്ചിരിപ്പുണ്ടായി രുന്നു. സമുദായം, മതം, വീട്ടിൽ നിന്നുള്ള എതിർപ്പുകൾ, ജോലിസ്ഥ ലത്തും പൊതുരംഗത്തും ഒരു ജനത തിയുടെ വിമർശനവും പരിഹാസവും എതിർപ്പിന്റെ മുള്ളുകളായി. എന്തു കാമ്പുള്ള മനുഷ്യൻ ! പക്ഷേ ഇങ്ങനെ യൊക്കെ ആയല്ലോ.

വിവാഹത്തിലുള്ള തീരു മാനം ഉറച്ചു. ഡയാനയെ ഒരു ഗൗരവം നിറഞ്ഞ ചർച്ചയിലേക്ക് അയാൾ നയി ച്ചു.

നിന്റെ സ്നേഹപ്രസാദ ത്താൽ ഉണർന്നുപോയ ഒരു ഹൃദയ മാണ് എന്റെത്. എന്നാൽ ഡയാന, എനിക്ക് നിന്റെ ഭാഗത്ത് നിന്ന് ചില ഉറ പ്പുകൾ കിട്ടേണ്ടതുണ്ട്. ഒരിക്കൽ തീയിൽ വീണ പൂച്ചയാണ് ഞാൻ. ഞാനെല്ലാം പറഞ്ഞിട്ടില്ലെ? എന്തു വില കൊടുത്തും ഈ പ്രിയങ്കരമായ നിധിയെ സ്വന്തമാക്കണം. എന്ന് ഡയാന ഉള്ളിൽ ജാഗ്രത പൂണ്ടു. അങ്ങേയറ്റത്ത് ജീവന്റെ വിലപോലും. എനിക്ക് വേണ്ടി ചില ത്യാഗങ്ങൾ നീ ചെയ്യേണ്ടിവരും. ചെയ്യില്ലേ?

അനേകം ആരാധകരുടെ ഭ്രാന്തെടുത്ത അപേക്ഷകളെക്കാൾ ഉള്ളുണർത്തുന്ന അപേക്ഷയാണ് ഇത്. താൻ ജീവിതത്തിന്റെ ഒരു തിരി വിൽ എത്തി നിൽക്കുകയാണ്. യൗവ നകാന്തി ഇനി അധികമില്ല. പക്ഷേ, താൻ നൃത്തം ചെയ്യും, ആവും വരെ നൃത്തം ചെയും. തനിക്ക് നൃത്തം, ജീവന്റെ നൃത്തം തന്നെയാണ്. ഒരു മോക്ഷപ്രാപ്തി. തന്നെ വേണ്ടാത്ത ഒരു ലോകത്തെ തള്ളിമാറ്റികൊണ്ട് ഒരു പറന്നുയരൽ. ഡയാന ദീർഘ മായി നിശ്വസിച്ചു.

നീണ്ട മൗനത്തെ തുളച്ചു കൊണ്ട് ഭരത്ദാസിന്റെ ശബ്ദം: നീ മതത്തിന്റെ വേലിക്കെട്ട് പൊളിച്ച് പുറത്ത് വരേണ്ടി വരും.

ഈ ശബ്ദം അവളെ ശരിക്കും നടുക്കി. വിദ്യയുടെയും സംസ്കാരത്തിന്റെയും ധ്വജാധരി. മത മൗലികവാദങ്ങൾ മാനുഷികതയെ ഹനിക്കും എന്ന് പ്രസംഗിക്കുന്നവൻ. ആ ആളോ ഇത്?

"ഇനിയുമുണ്ട് ഡയാന ഉപാധികൾ ഭരത്ദാസ് തുടർന്നു."

"നീ നിന്റെ കുടുംബ ബന്ധ ങ്ങൾ മറക്കണം. അതുപോലെത്തന്നെ നിന്റെ നൃത്തവും."

തണുത്ത ആ ശബ്ദത്തിന് ഇടിനാളിന്റെ മൂർച്ച ഉണ്ടായിരുന്നു. ഡയാനയുടെ അന്തരാത്മാവ് നടുങ്ങി. ജീവിത സമസ്യകളിൽ സാധനയും സാധകവുമായത് ഏതൊരു ചിലങ്കാ ധ്വനിയാണോ, അത് മറക്കണമെന്നോ? ഏത് തരം കലയും അമൃതാണ്. അതിനെ പോഷിപ്പിക്കേണ്ടതാണ് നമ്മുടെ ധർമം എന്ന് എഴുതിയവനോ ഇത്?

ഡയാന എതിർപ്പോടെ തല യുയർത്തി. ഭരത്ദാസിന്റെ യാചി ക്കുന്ന കണ്ണുകൾ. അത് ചോദിക്കുക യാണ് വരില്ലെ? വരില്ലെ? ധർമ്മവും യുക്തിയും നീതിയും എല്ലാം നിഷേധി ച്ചുകൊണ്ട് ഒരു പ്രണയിതാവ്. സ്നേഹത്തിന്റെ യുക്തി എല്ലാറ്റിനും മീതെ ആയിരുന്നു. ജീവിതം ഒരു ഉടഞ്ഞ കണ്ണാടിയായി ചിതറിത്ത കർന്നിരുന്നു. പക്ഷേ, പ്രിയങ്കരമായ ഒരു മുഖം അന്വേഷിക്കുന്നു:

വരില്ലേ വരില്ലേ? മുറിവേ റ്റവന്റെ വേദനയോടെ നിസ്സഹന്റെ ഖേദത്തോടെ സ്നേഹത്തിന്റെ എല്ലാ ഹൃദയ നൈർമല്യത്തോടെയും അവളെ ക്ഷണിക്കുകയാണ്.

ഭീതിദമായ ഒരു ഏകാന്തത ഡയാന ചുറ്റിപ്പിടിച്ചു. എന്നാൽ, കാപ ട്യമില്ലാത്ത ഒരു ഏകാന്ത ഹൃദയത്തെ, ആത്മാവുകൊണ്ടും മസ്തിഷ്കം കൊണ്ടും ഒറ്റപ്പെട്ടുപ്പോയ ഈ പ്രതിഭാ ശാലിയെ രക്ഷപ്പെടുത്തുക തന്നെ വേണം. അവസാനിച്ചു പോകാത്ത ഈ സ്നേഹത്തിന്റെ മഹത്വത്തിൽ തനിക്കെന്തിന് സന്ദേഹം! ഡയാന കണ്ണുനീരിലൂടെ മന്ദഹസിച്ചു.

ഇത്തവണ ഭരത്ദാസ് ഉറ ക്കെത്തന്നെ ചോദിച്ചു:

വരില്ലേ?

വരാം.

അങ്ങനെ വിവാഹമെന്ന പ്രസ്ഥാന ത്തിലേക്ക് കടന്നു കയറിയിരിക്കുക യാണ് അവർ. ഡയാനയുടെ മുഖത്തെ

നിഴൽപ്പാടുകൾ ഭരത്ദാസിന്റെ ശ്രദ്ധയിൽ പതിഞ്ഞില്ല. അവളുടെ കണ്ണുകളിൽ പിടയ്ക്കുന്ന ശോകജ്വാലകളും അവഗണിക്കപ്പെട്ടു. അന്തസിന് പ്രഹരമേറ്റവളെപ്പോലെ ആ മുഖം വിളർത്തിരുന്നു. നാട്ടിലേക്ക് പോകാനുള്ള വ്യഗ്രതയാൽ ഭരത്ദാസ് ഒന്നും ശ്രദ്ധിച്ചില്ല. അമ്മയുടെ മുമ്പിൽ വെച്ചുള്ള താലി കെട്ടായിരുന്നു അയാളുടെ ചിന്തകളിൽ നിറഞ്ഞു നിന്നത്.

അനേകം വർഷങ്ങൾക്ക് ശേഷം തറവാട്ടുമുറ്റത്ത് കാലുകുത്തിയപ്പോൾ എന്തിനോ ഭരത്ദാസിന്റെ നെഞ്ച് ആനന്ദത്താൽ ഒന്നു പിടഞ്ഞു പോയി. പ്രിയങ്കരമായ ഗ്രാമം, പ്രയപ്പെട്ട മനുഷ്യർ.....

മുറ്റത്ത് നെല്ല് ചിക്കിയിരുന്ന ജോലിക്കാർ രണ്ടുപേരേയും കണ്ടു. കൂട്ടായിയും കേളുവും ചിരുതയും പതിവുപോലെ വിനയത്തോടെ വായ് പൊത്തുന്നതിന് പകരം അൽപ്പം പരിഹാസത്തോടെ മുഖം തിരിച്ചു. അമ്മ കാറിന്റെ ശബ്ദം കേട്ട് ഓടിവന്നുവെങ്കിലും നിറഞ്ഞ വെറുപ്പോടെ അകത്തേക്ക് തന്നെ നടക്കുകയാണ്.

ഡയാനയെ പുറത്തെ കസേരയിൽ ഇരുത്തി, ഭരത്ദാസ് പിന്നാലെ നടന്നു.

ഒരു അന്യ ജാതിക്കാര്യേക്കെട്ട്യാൽ ഞാൻ സഹിക്കാം, ദാസേ. പക്ഷേ, മറ്റേ കുട്ടീടെ ശാപം തട്ടിയാൽ കരിഞ്ഞു പോവില്യേ കുട്ട്യേ ഈ ജീവിതം? ഒരു ആട്ടക്കാരിക്ക് വേണ്ടി സ്വന്തം ഭാര്യേം കുട്ട്യേം കളയാൻ തോന്നീല്യേ നിനക്ക്.

അമ്മ ഒരു മുന്നറിയിപ്പുമില്ലാതെ പൊട്ടിക്കരഞ്ഞു. ഭരത്ദാസ് പുറത്ത് തടവി പറഞ്ഞുകൊണ്ടിരിന്നു. വൈജയന്തിയുമായുള്ള വിവാഹദുരന്തത്തിന്റെ കഥ. പിന്നീടുണ്ടായ അനാഥത്വം. ഡയാന ഇപ്പോൾ സുസ്മിതയാണെന്ന് ബോധ്യപ്പെടുത്തി. ഇപ്പോഴാണ് ജീവിതത്തിൽ ആനന്ദമെന്തെന്ന് താനറിയുന്നതെന്ന് അറിഞ്ഞപ്പോൾ അമ്മ കണ്ണുനീർ തുടച്ചു. ഡയാനയേ അകത്തേക്ക് വിളിച്ചു. എന്നിട്ടും അമ്മ ഏതോ കുരിശു ചിഹ്നങ്ങൾ അവളുടെ നെറ്റിയിൽ തിരയുക തന്നെ ആയിരുന്നു.

താലി കെട്ടു നടന്നു. ജോലിക്കാർക്കെല്ലാം സദ്യ ഉണ്ടായി രാത്രിയിൽ നിറനിലാവത്ത് പുഴയിലൂടെ ക്ഷീണിക്കും വരെ തോണിയാത്ര എന്നിട്ട് പുഴക്കരയിൽ പുതുതായുയർന്ന കുടിലിൽ ഉറക്കം. സ്നേഹത്തിന്റെ മധുരങ്ങൾ കവരേണ്ടത് അങ്ങനെ വേണം എന്നതൊരു പഴയ സ്വപ്നം.

പുഴയിലൂടെ യാത്ര തുടങ്ങി. നിലാവിന്റെ നെഞ്ചു കീറി പായുന്ന തോണിയിലിരുന്ന് ഭരത്ദാസ് ആശ്വാസത്തോടെ പുഞ്ചിരിച്ചു. ഏതോ അന്തർവ്യഥകളുടെ ഉൾക്കുളിരിൽ ഡയാനയ്ക്ക് കഠിനമായി തണുക്കുന്നുണ്ടായിരുന്നു. അവളുടെ ശരീരം ചെറുതായി വിറച്ചു. ദീർഘയാത്രയുടെ ക്ഷീണവും, തണുപ്പിലൊരു തോണിയാത്രയും. അവൾ നിർത്താതെ ഛർദിച്ചു.

മതി നമുക്ക് തിരിയെ പോകാം. അവൾ ഛർദിക്കുന്നതിനിടയിൽ ഒരു വിധത്തിൽ പറഞ്ഞൊപ്പിച്ചു.

ആനന്ദത്തിലേക്കുള്ള നിതാന്ത സഞ്ചാരത്തിനിടയിലെ കല്ലുകടി. ഈ നാട്ടിൻപുറവും സ്വച്ഛനീലമായ ആകാശവും, ഹൃദയത്തെ ആനന്ദ നൃത്തം ചെയ്യിക്കുന്നില്ലെ? നിത്യസൂരഭിലമായ ഈ പ്രകൃതിയെ ആഞ്ഞു പുൽകുവാൻ അവൾക്ക് ഒട്ടും കൊതിയില്ലെന്നോ? ഭാവിയിലേക്ക് നീണ്ടു കിടക്കുന്ന ഒരു നിഴൽ കണ്ടിട്ടെന്ന പോലെ അയാൾക്ക് നടുക്കമുണ്ടായി.

അയാൾ തോണി കെട്ടിയിട്ട് കുടിലിനടുത്തെത്തുമ്പോഴേക്കും അവൾ വീട്ടിലേക്കൊടിക്കയറി, ഏതോ നിശാവസ്ത്രം ധൃതിയിൽ എടുത്തണിഞ്ഞ് ഉറങ്ങിക്കഴിഞ്ഞിരുന്നു. ഭരത്ദാസിന് ആ കുടിലാകെ അടിച്ചു നിരത്താൻ മോഹമുണ്ടായി.

അവൾ സമൃദ്ധമായി കരഞ്ഞുകൊണ്ടാണ് ഉറങ്ങിയതെന്ന് ഭരത്ദാസ് അറിഞ്ഞു. പാനപാത്രത്തിലെ മുന്തിരിച്ചാർ കണ്ണുനീർ ഉപ്പ് വീണു കയ്ച്ചു പോകുകയാണോ?

സിഗരറ്റ് കുറ്റി ദൂരെയെറിഞ്ഞ് അയാൾ തല ചെരച്ചു നോക്കി. അവൾ ഒരു ഗാഢനിദ്രയുടെ സംതൃപ്തിയിൽ ആയിരുന്നു. കണ്ണിന്റെ കോണിൽ കണ്ണുനീർ ഉണങ്ങി പൊടിയായിരിക്കുന്നു. അൽപം തുറന്നു പിടിച്ച വായിൽ കൂടി നുരയിടുന്ന ഉമിനീർ. മടുപ്പോടെ അത് നോക്കിയിരുന്നപ്പോൾ ഭരത്ദാസ് അത്ഭുതപ്പെട്ടു.

ഇതിനാണോ ഒരു ലോകത്തിന്റെ മുഴുവൻ എതിർപ്പ് സഹിച്ച് ഈ വിവാഹം നടത്തിയത്.? ഈ കരച്ചിലും, ഈ കൺ കോണുകളിലെ കണ്ണുനീർപ്പോടിയും കാണുവാൻ?

ഉറക്കത്തിൽ എന്തിനോ പുഞ്ചിരിച്ചു കൊണ്ട് ഡയാന തിരിഞ്ഞു കിടന്നു.

---

## പുസ്തകങ്ങളെ പ്രണയിക്കുന്ന കുട്ടി

(പേജ് 32 തുടർച്ച)

അപ്പോൾ അകത്തുനിന്ന് മന്ദഹസിച്ചുകൊണ്ട് ഒരു സ്ത്രീ ഉമ്മറത്തേയ്ക്കു വന്നു.

സ്ത്രീയോട് ഞങ്ങളാരാണെന്ന് അറിയിച്ചു. അക്ബർ പറഞ്ഞ് നല്ലതുപോലെ അവൾക്കു നിശ്ചയമുണ്ട് എന്നേയും നിയാസിനേയും. അക്ബർ മുഖാന്തരം ആ സ്ത്രീയെ ഞങ്ങൾക്കും.

അവൾ അകത്തേക്കു ക്ഷണിച്ചു. ഞങ്ങൾ ക്ഷണം സ്വീകരിച്ചു തിണ്ണയിൽ ഇരുന്നു.

ഈ കുട്ടി.

ഞാൻ സ്ത്രീയോടു തിരക്കി.

തേജസ്സുള്ള ആ സ്ത്രീയുടെ സുന്ദരമായ മുഖം ദുഃഖത്തൽ ഇരുണ്ടു. അവർ കുട്ടിയെ പരിചയപ്പെടുത്തി: മകൻ- അസ്ക്കറിനേക്കാൾ മൂത്തതാണ്. പടച്ചോൻ തരുമ്പഴേ ഇങ്ങനെ തന്നെ. ബുദ്ധി ശരിയല്ല.......

കുറേ ചികിൽസിച്ചു. പക്ഷേ.......

ആ സ്ത്രീ കരച്ചിലിന്റെ വക്കത്തെത്തി. ഞാൻ വിഷയം മാറ്റി- അസ്ക്കറിപ്പോ ഏത് ബുക്കാ വായിക്കണത്?

അപ്പോൾ അവൾ ബുദ്ധിസ്ഥിരതയില്ലാത്ത മകനെ നോക്കി അഭിമാനത്തോടെ - ഇങ്ങളുടെ വീട്ടീന്ന് എട്ക്കണ ബുക്ക് അസ്ക്കറ് ഇവനെ വായിച്ചു കേപ്പിക്കും! ഭയങ്കര ഇഷ്ടാ ഇന്റെ കുട്ടിക്ക് പുസ്തകങ്ങളിലെ കഥകള്! അസ്ക്കറിന് വായനയോട് തീരെ ഭ്രമമില്ല.

ഇതു സന്തോഷമുള്ള കാര്യമല്ലേ? എന്തുകൊണ്ടായിരിക്കും അക്ബർ ഈ സംഗതി മറച്ചുപിടിച്ചത്.

സ്വന്തം മനോവേദനകൾ മറ്റുള്ളവരെ കൂടി അറിയിച്ച് - അതെ. അക്ബർ ചെയ്തതാണ് ശരി.

പുസ്തകങ്ങളെ ആദരിക്കുന്ന ഈ കൊച്ചുമിടുക്കനെ കണ്ടുപഠിക്കുവാൻ ഞാൻ മകനെ ഉപദേശിച്ചു.

പിന്നെ കൂടക്കൂടെ ആ വീട്ടിൽ പോകും. അപ്പോൾ ആ മിടുക്കനായ പയ്യനു സമ്മാനിക്കുവാൻ എന്റെ കയ്യിൽ ഒന്നോ -രണ്ടോ - പുസ്തകങ്ങളും ഉണ്ടാകും!


**നക്ഷത്രരാജ്യം മാസിക**

കഥകൾ, ലേഖനങ്ങൾ, കവിതകൾ, കാർട്ടൂണുകൾ ക്ഷണിക്കുന്നു

**Managing Editor**

**NAKSHATHRA RAJYAM**, P.B. No. 1205, Mankave P.O., Kozhikode - 7 Kerala, India., **Mob:9744233997, 9847649567**

**email: nakshathrarajyam@gmail.com**


SANDEEP DAMODAR
9349414141, 8086441441
For Quality
Studio Portraits & Out Door Groups,
Wedding & Function Flash Photos
in Colour - Black & White & Other
Photographic Services.....
PHOTO SQUARE
M.C. COLLEGE CROSS ROAD, KOZHIKODE - 673011
PHOTOGRAPHY - VIDEOGRAPHY


* Silk - Designer Sarees
* Churidar Materials
* Kids Wears
* Mens Wears
* Night Wears
* Other Textile Items
NAKSHATRA
SILKS & SAREES
P S C Bank Building Pantheerankave
Mob : 9400931425


YES KEY ELECTRICALS &
ENGINEERING WORKS
Puthiyapalam
Calicut
K.P. Sunilkumar
Mob: 9847390950
Ph: 0495-2702073
Resi: 9048594525



ADHITHYAN
ALUMINIUM FABRICATORS
Methottuthazham, Ananthan Bazar
Calicut - 07, Mob: Jijeesh: 9946120321
Fabricators of
Aluminium Doors,
Sliding Windows,
Showcases,
False Ceiling,
Sintex Doors, Fiber Doors,
Structural Glazing
Curtains etc


HASBI TOURS & TRAVELS
HASBI
Meenchanda, Areekkad, Calicut - 27
Mob: Sahir - 9895999100
9895350141


OUR Ladies PARK
THE DRESS DESIGNERS & MAKERS
Room No. 14, 1st Floor,
Moffussil Busstand Building,
Mavoor Road,
Kozhikode - 673 004
ഫോൺ: 0495 6410571
ബ്ലൗസ്, ചുരിദാർ
1 മണിക്കൂറിനുള്ളിൽ
തയ്ച്ചുകൊടുക്കുന്നു.

ഓർമ്മ

# മധുരച്ചൂരൽ



സുദീപ് തെക്കേപ്പാട്ട്

വർഷം 1993. തിമർത്തും തകർത്തും മഴ പെയ്തു വീണ ഇടവപ്പാതിക്കാലം. മുറ്റംനിറയെ തുള്ളിത്തെറിച്ച് വെള്ളത്തുള്ളികൾ. പുതുമണം പരന്നൊഴുകിയ ഇടവഴിയിൽ കൊച്ചുകൊച്ചു നീർച്ചാലുകൾ. കുളിരുപകർന്ന് കാറ്റ്. കോഴിക്കോട് മെഡിക്കൽകോളജ് ക്യാമ്പസ് ഗവ. ഹൈസ്കൂളിലെ വിദ്യാഭ്യാസകാലം. വേനലവധി കഴിഞ്ഞ് സ്കൂൾ തുറന്നിട്ട് ആഴ്ചകൾ പിന്നിടുകയാണ്. ആലസ്യമൊഴിയാതെ മനസ്സ് നിശ്ശബ്ദമായി പുതിയ കാഴ്ചകളെ വരവേൽക്കുന്ന സമയം. ഒമ്പത് ഇ ഡിവിഷനിലേക്കാണ് എനിക്ക് കയറ്റംകിട്ടിയത്. അഞ്ചു ഡിവിഷനുകളുള്ള ഒമ്പതാംക്ലാസിലെ ഏറ്റവും ഒടുവിലത്തേത്; പഠനത്തിൽ മോശംപ്രകടനം കാഴ്ചവയ്ക്കുന്നവരെയും വമ്പത്തരം കാട്ടി അധ്യാപകരുടെ കണ്ണിൽക്കരടായവരെയും പല ക്ലാസുകളിൽ തോറ്റുതൊപ്പിയിട്ട് നിരങ്ങിയെത്തിയവരെയുമൊക്കെ ചേർത്ത് ഒരു ഡിവിഷൻ; ദുർഗുണപരിഹാര പാഠശാല പോലെ. കൂട്ടത്തിൽ അൽപ്പസ്വൽപ്പം പഠിക്കുന്ന വിരലിലെണ്ണാവുന്നവരുടെ കൂട്ടത്തിലായിരുന്നു എന്റെ സ്ഥാനം. ‘മൂക്കില്ലാരാജ്യത്തെ മുറിമൂക്കൻ രാജാക്കൻ’മാരുടെ കൂട്ടത്തിലായതിനാലാവണം എനിക്ക് ക്ലാസ് മുറിയിലെ ആദ്യ ബെഞ്ചിൽ ഇരിക്കാനിടം കിട്ടിയത്. അഴികളില്ലാത്ത ജനാലയിലൂടെ ആകാശത്ത് മഴമേഘങ്ങളെ നോക്കിക്കണ്ടും അകലെ കാഞ്ഞിരമരത്തിലെത്തുന്ന ചെമ്പോത്തുകളെ സാകൂതം വീക്ഷിച്ചും സമയംകൊല്ലവേയാണ് അവധിലായിരുന്ന കേശവൻ മാസ്റ്റർ ക്ലാസിലേക്ക് കയറിവരുന്നത്. കറുത്ത്, കണ്ണടവച്ച്, ചന്ദനനിറമുള്ള അലക്കിത്തേച്ച ഷർട്ടിട്ട് മാസ്റ്റർ ഭൂമിശാസ്ത്രത്തിന്റെ ഉള്ളറകളിലേക്ക് കയറിച്ചെന്നു. ടെക്സ്റ്റ്ബുക്ക് വായിച്ച് പാഠഭാഗങ്ങൾ മറിക്കുന്നതിനിടെയാണ് മാസ്റ്ററുടെ വലതുകൈയിലെ ആറാമത്തെ വിരൽ എന്നെ ആകർഷിച്ചത്. തള്ളവിരലിനോട് ചേർന്ന് ഒരു കുഞ്ഞുവിരൽ! ഞാൻ ആദ്യമായാണ് ആറുവിരലുള്ള ഒരാളെ കാണുന്നത്. “ആറുവിരലൻ!”


“അല്ലെടാ... മീശക്കടിയനെന്നാ മൂപ്പരുടെ വിളിപ്പേര്.” തൊട്ടടുത്തിരുന്ന സന്ദീപിന്റെ കമന്റ്.

ഭൂമിശാസ്ത്രപാഠങ്ങൾ ശ്രദ്ധാപൂർവ്വം പഠിപ്പിച്ചുകൊണ്ടിരുന്ന കേശവൻ മാസ്റ്റർക്ക് മുൻ ബെഞ്ചിലിരുന്ന് വിഡ്ഢ്യാസുരനെ പോലെ ഉറക്കെച്ചിരിച്ചിരുന്ന എന്നെ കണ്ടുപിടിക്കാൻ പ്രയാസമുണ്ടായില്ല, സന്ദീപാകട്ടെ താനൊന്നുമറിഞ്ഞില്ലെന്ന ഭാവത്തിൽ ഒരു പൂച്ചക്കുഞ്ഞിനെ പോലെ പതുങ്ങി. “ഗ്രീനിച്ച് രേഖ എവിടെയാണ്?” ചോദ്യം തനിക്കു നേരെയാണ്. ഇതുവരെ പറഞ്ഞുനിർത്തിയ പാഠഭാഗത്തിൽ നിന്നാണ് ചോദ്യം. ഉത്തരംമുട്ടി നിൽക്കവേ മാസ്റ്റർ എനിക്കു മുന്നിൽ വന്നു. എന്റെ കൈത്തണ്ടയ്ക്ക് മുകളിൽ പിടച്ച് നുള്ളാൻ തുടങ്ങി. സഹപാഠികൾ ശ്വാസമടക്കി. ക്ലാസ് നിശ്ശബ്ദം. മാസ്റ്റർ പിടിവിടുന്നില്ല. ദേഷ്യത്തിനിടെ കേശവൻ മാസ്റ്റർ തന്റെ മീശ പല്ലുകൾ കൊണ്ട് കടിക്കുന്നുണ്ടായിരുന്നു. മീശക്കടിയനെന്ന പേരിന്റെ ഉൽഭവം അനാവൃതമാവുകയാണ്. എന്റെ കണ്ണുകളിൽ മഴ കനം വച്ചു തുടങ്ങി. ചൂരൽ കൊണ്ടുള്ള അടിയേക്കാൾ വേദനയുണ്ട് നുള്ളലിന്. വേദന സഹിക്കാനാവാതെ ഞാൻ ജനാലയിലൂടെ ആകാശത്തേക്ക് നോക്കി. കണ്ണിനീരാൽ എനിക്കൊന്നും കാണാൻ കഴിഞ്ഞില്ല. ദിവസങ്ങൾ കടന്നുപോയി. പഠനത്തിൽ കൂടുതൽ ശ്രദ്ധവച്ചതോടെ കേശവൻ മാസ്റ്റർക്ക് ഞാൻ പ്രിയങ്കരനായി. ചെറിയച്ഛന്റെ ആത്മമിത്രം കൂടിയായിരുന്നു മാസ്റ്റർ. കൈയിൽ ആറുവിരലുകളുണ്ടാവുന്നത് ജന്മസൗഭാഗ്യമാണെന്ന് പഴമക്കാർ പറയുന്നത് കേൾക്കാനിടവന്നിട്ടുണ്ട്. കേശവൻ മാസ്റ്ററുടെ കാര്യത്തിൽ അതിനു വിപരീതമായ ചിലതുണ്ടായി. മെഡിക്കൽകോളജ് ആശുപത്രി ജീവനക്കാരിയായിരുന്ന അദ്ദേഹത്തിന്റെ ഭാര്യ മരിച്ചതറിഞ്ഞ് ഞങ്ങൾ വിദ്യാർഥികൾ കൂട്ടത്തോടെ ആശുപത്രി ക്വാർട്ടേഴ്സിൽ ചെന്നതും അവിടെ കേശവൻ മാസ്റ്റർ മൃതദേഹത്തിനരികിൽ തണുത്തുറഞ്ഞ് നിന്നതും കനപ്പെട്ട ഓർമ്മയായി മനസ്സിലിപ്പോഴും തെളിഞ്ഞുനിൽക്കുന്നു. മാസ്റ്ററിപ്പോൾ എവിടെയാണ്? അറിയില്ല എനിക്ക്. അതിവേഗം തിരിയുന്ന സമയസൂചികയ്ക്കൊപ്പം ജീവിതത്തെ ചേർത്തുവയ്ക്കാനുള്ള തത്രപ്പാടിൽ പലതും വിസ്മൃതിയിലാഴുന്നു. ആഹ്ലാദം പകർന്നും പശ്ചാത്തപമായും തിരുത്തൽശക്തിയായും ചിലത് ജ്വലിച്ചു നിൽക്കുന്നു. ഒരു കാര്യം ഉറപ്പാണ്. ജീവിതത്തെ രാഗസാന്ദ്രമാക്കുന്ന ഓർമ്മകൾക്കിന്നും പത്തരമാറ്റാണ്.


*********

KINETIC WORLD
Manolody complex, Mankave,
Calicut - 673007
Harris Mob : 9895806484

ലേഖനം



# പാർശ്വ ഫലങ്ങൾ



മനോജ്

വേരോടലിന്റെ ദാർശനികത നിലനിൽപുശാസ്ത്രം തന്നെയാണ്. പക്ഷെ അതൊരിക്കലും വൃക്ഷസ്ഥലികളിൽ പാർശ്വഫലങ്ങളായ അകാലമരണത്തെ ഉണ്ടാക്കാറില്ല. മണ്ണിന്റെ നനവുതേടുന്ന വൃക്ഷത്തിന്റെ വേരുകൾ അതതു നിമിഷങ്ങൾക്കുവേണ്ടവ മാത്രമാണ് സ്വീകരിക്കുന്നത് സംഭവികപ്പെടുന്ന ഭക്ഷണങ്ങളാകട്ടെ അറ്റതികലത്തിന്റെ സൂക്ഷിപ്പുകളുമാണ്. മൃഗചേതനയിൽ ഇരപിടിക്കുക നിലനിൽപ്പിന്റെ ശാസ്ത്രമാകുന്നെങ്കിലും അനാവശ്യമായ കരുതിവെയ്പ്പുകളില്ല. ഇരവിഴുങ്ങിയ മൃഗീയത വീണ്ടും വെറുതെ യാതൊന്നിനേയും കൊന്നുതിന്നാറില്ല.

ആധുനിക ജീവിത ക്രമങ്ങൾ മനുഷ്യവംശത്തിന്റെ മുരടിപ്പുകൾക്ക് നിതാനമാകുകയാണ്. അവനുവേണ്ടി മറ്റാരോ ചിന്തിക്കുന്നു. അവനുവേണ്ടി മറ്റുപലരും പ്രവർത്തിക്കുന്നു. ഭോഗതാൽപര്യങ്ങളിലുള്ള ഊന്നലുകളും ഭോഗവസ്തുക്കളോടുള്ള ആർത്തിയും മനുഷ്യന്റെ ചലനശേഷിയെപ്പോലും പരിമിതപ്പെടുത്തുന്നു. ഒരുക്കിവെച്ച പരിസരത്തോട് ഇടപഴകുക മാത്രമായിത്തീരുന്ന ആധുനിക മനുഷ്യന്റെജീവിതം. ക്രമപ്പെടുത്തലുകൾ അവനെ അദ്ധ്വാനഭാരത്തിൽ നിന്ന് വിമുക്തനാക്കുകയാണ്. കാടിന്റെ മറവുകളിൽ പതിയിരുന്ന് ഇരതേടിയ അവന്റെ പാകപ്പെടുത്തിയ ഭക്ഷണത്തെ ഏറ്റുവാങ്ങുമ്പോൾ അദ്ധ്വാനത്തിന്റെ ശേഷിപ്പുകളാണ് ഇല്ലാതാകുന്നത്. ആസക്തിയുടെ വിതാനങ്ങളാകട്ടെ തുടർക്കണ്ണികളായി വികസിക്കുകയുമാണ്. ബദ്ധപ്പാടുകളും അദ്ധ്വാനഭാരവും ജീവിതത്തിൽ നിന്ന് പിന്മാറുമ്പോൾ അനായാസത്തിന്റെ തടകെട്ടലുകളാണ് ഉയരുക. തടം കെട്ടിയതെല്ലാം കെട്ടുചീഞ്ഞ് ഭവിഷ്യത്തായി മടക്കം വയ്ക്കുക സ്വാഭാവികമാണ്. ചെയ്ക ദോഷത്തിന്റെ കുറ്റപ്പാടുകളിൽ നിന്ന് ആർക്കും ഒഴിഞ്ഞുമാറാനാകില്ല.

വന്യജീവിയായ മനുഷ്യൻ കായികാദ്ധ്വാനത്തോടെ ഇരപിടിച്ചു തിന്നുരമിച്ചു. അവന്റെ കായിക ശേഷി തടംകെട്ടലിനും കെട്ടുചീയലിനും അപ്പുറത്താണ്. ആസക്തിയുടെ നീർപ്പോളകളില്ലാതെ ജീവിച്ച അവൻ കരുതലോടെ; വിശപ്പിന്റെ ആധിക്യത്തോടെ ചുവടുവെയ്ച്ചു. വിളവിറക്കലും വേട്ടയാടലും കഠിനാദ്ധ്വാനങ്ങളായപ്പോൾ മാംസച്ചീളുകളിൽ കൊഴുപ്പുകട്ട കുത്തിയില്ല. രക്തക്കുഴലുകൾ കൊഴുത്തുവീർത്ത് തുളയിടത്തില്ല. ചിന്തയുടേയും അന്വേഷണത്തിന്റേയും ഭാരങ്ങളില്ലാതെ ജീവിക്കുന്ന ആധുനിക മനുഷ്യന്റെ മുമ്പിൽ കാലം കുറുങ്ങിക്കൂടി ചെറുതാകുന്നു. നല്ല നാളെയിലെ ഒടുക്കാങ്കാലം മനസ്സാപമായി മറ്റുള്ളവരിലേക്ക് ഇറങ്ങിച്ചെല്ലുകയാണ്. ജീവിതം ഒരുക്കപ്പാടുകളോട് ഇടപഴകലുകളോ, ആവശ്യങ്ങളെ ലാഘവത്തോടെ നിവൃത്തിക്കുകയോ അല്ല. അത് നീണ്ട ക്രിയാസമുച്ചയങ്ങളാണ്. ആഹാരത്തിൽ നിന്ന് ആഹാരം തേടിപ്പിടിക്കേണ്ട അദ്ധ്വാനഭാരത്തിന്റെ വേട്ടയാടലിന്റെ തന്നെ തൽസ്വരൂപമാണ്. ശീലക്രമങ്ങളുടെ അമിത ഭോജനങ്ങൾ സുഖസുഷുപ്തിയാകുമ്പോൾ തൊലിച്ചീളുകളിൽ കൊഴുപ്പുകട്ട കത്തുന്നു ഇത് തടം കെട്ടലിന്റെ നീതിബോധത്തെ ഉൾക്കൊള്ളുന്നു. ചതുപ്പുകളിൽ തെളിമ ഉറവെടുക്കാറില്ല. അവ മാലിന്യങ്ങളെ ഉൾക്കൊണ്ട് വിനാശകാരിയായി പരസരമാകെ നശിപ്പിക്കുന്നു.

ഒരുക്കപ്പാടുകളിൽ നിന്ന് പിന്മാറി ആസക്തിയുടെ കനപ്പുകളെ ഉപേക്ഷിച്ച് മനുഷ്യൻ മുമ്പോട്ടു നീങ്ങണം. എങ്കിൽ മാത്രമെ വംശനാശത്തിന്റെ ഭീഷണിയിൽ നിന്ന് മനുഷ്യജീവിക്ക് രക്ഷയുള്ളു. യോഗാസനങ്ങളും ഉപവാസങ്ങളും ആധുനിക മനുഷ്യന്റെ കെട്ടിയിരുപ്പുകൾക്ക് പ്രതിവിധിയാണ്. തടം കെട്ടലുകളെ യാന്ത്രിക ഭാരത്തിൽ നിന്നും അദ്ധ്വാന കാഠിന്യത്തിലേക്ക് എത്തിക്കുക നാഗരിക പരിസരത്തിൽ ലളിത മാർഗ്ഗങ്ങളില്ലാത്ത അവസ്ഥയാണ്. തടം കെട്ടിയവ തടപൊളിക്കുംവരെ വികസിച്ച് ദുർമേദസ്സായി വിളനശിപ്പിക്കുക തന്നെ ചെയ്യും. അപ്പോൾ ചെയ്ത ദോഷത്തിന്റെ കുറ്റപ്പാടിന് മറുപടിപറയാൻ ആരും ഉണ്ടാകില്ല. ഒഴിവുവേളകളും യാന്ത്രിക നീക്കങ്ങളും മനുഷ്യൻ നിരസിച്ചേ പറ്റു. യന്ത്രമുഖങ്ങൾ പണിയുന്ന വസ്തുവഹകൾ മനുഷ്യനേയും യന്ത്രമാക്കുകയാണ്. സഹായ വസ്തുക്കളുടെ ഉപയോഗം വിയർപ്പൊഴുക്കലായി തീരുമ്പോൾ തടം കെട്ടലുകൾ ശേഷിപ്പുകളാകില്ല.

വൃദ്ധിക്ഷയങ്ങളുടെ ഇലച്ചാർത്തുകൾക്ക് വണ്ണം വെയ്ക്കലുകൾ ഇല്ല. തളിരു തിങ്ങലുകളെ ഉപേക്ഷിക്കുന്ന മരം അനാവശ്യ ശിഖിരങ്ങളെ ഉണക്കി കരിച്ചുകളഞ്ഞ് മെലിവിന്റെ പരിമിതിയിലേക്ക് വേരോട്ടത്തെ എത്തിക്കുന്നു. മൃഗചൈതന്യത്തിലും ഉൾവലിവിന്റേയും ചുങ്ങിചുരുങ്ങലിന്റേയും നിഷ്ഠകളാണുള്ളത്. യാന്ത്രിക ജീവിതത്തിന്റെ ദുരന്തങ്ങളാണ് കനംവെപ്പുകൾ. നേരുമുറകളുടെ വിമുഖതകളായി കൊഴുത്തുകൂടുമ്പോൾ മനുഷ്യൻ അകാല മരണത്തെ തൊട്ടറിയുകയാണ്. വാർദ്ധക്യത്തിന്റെ സഹജ രീതികൾ മെലിവിന്റെ പരിമിതപ്പെടുത്തലുകളാണ്. ക്ഷീണിത പ്രവാഹങ്ങൾക്ക് വിസ്താരങ്ങളിലേക്ക് നനവുകളെ എത്തിക്കാനാകില്ല. അതുണ്ടാക്കുന്ന അകാല വിയോഗത്തിൽ നിന്ന് രക്ഷനേടുക എല്ലാത്തിന്റേയും ആഗ്രഹ നിയന്ത്രണത്തിലൂടെയാണ്. ഭോജനാസക്തിയും ഭോഗാസക്തിയും പരിമിതപ്പെടുത്തി അദ്ധ്വാനഭാരത്തിന്റെ വിയർപ്പുകണ്ണികളെ ഉൾക്കൊണ്ട് ജീവിക്കുമ്പോൾ മനുഷ്യനും മനുഷ്യവംശത്തിനും മഹാ ദുരന്തത്തെ ഒഴിവാക്കാനാകുന്നു. പിടിച്ചടക്കലിന്റേയും ആസക്തിയുടേയും തലങ്ങൾ ആരംഭിക്കുക. മനുഷ്യൻ പ്രകൃതിയ്ക്ക് അതീതനാണ്. എന്ന ചിന്തയിലാണ്. അവിടെ നിന്നാണ് എല്ലാ ദുരന്താനുഭവങ്ങളുടേയും ഉത്ഭവം. എല്ലാം മനുഷ്യനുവേണ്ടിയാകുമ്പോൾ എല്ലാം വാരിക്കൂട്ടാനുള്ള ബന്ധപ്പാടുകളാണ് ഉണ്ടാക്കുക, മനുഷ്യനുമുകളിൽ മറ്റാരുമില്ലാതാകുമ്പോൾ അവൻ തനിക്കുതന്നെ വിനയായിതീരുന്നു. മനുഷ്യൻ മനുഷ്യവംശത്തിന്റെ കാലനുമാകുകയുമാണ്.

(അവസാനിച്ചു.)

# പെൻഷൻ



അക്ഷയ് ഗോപിനാഥ്



മനസ്സ് ശൂന്യമാണിന്ന്. ഒട്ടിയ വയർപോലെ തന്നെ. അയാൾക്ക് തന്നോടുതന്നെ പുച്ഛം തോന്നി. വീട്ടിലെത്താൻ വേണ്ടി അയാൾ വെമ്പൽ കൊള്ളുന്നുണ്ടായിരുന്നു. രാവിലെ അകത്താക്കി എന്നു വരുത്തിയ ഒരു മൊന്ത കഞ്ഞിക്ക് ഇത്ര നേരം വരെ ഓടിക്കിതക്കാനുള്ള ശേഷിയുണ്ടാകുമെന്ന് നിനച്ചിരുന്നില്ല. ഭാരം തോന്നുന്നേയില്ല, മനസ്സിനും ആകുലതകൾക്കും. ഒരു ഇടത്തരം സർക്കാർ സ്കൂളിലെ സംശിതാധ്യാപകൻ എന്ന അസ്ഥിരതസ്തിക അയാൾക്ക് സമൂഹത്തിൽ വലുതെങ്കിലും ഒരു മഹത്വം കൽപ്പിച്ചുപോന്നിരുന്നു. എന്നാൽ അയാൾക്ക് അത് തന്റെ വ്യക്തിത്വം പ്രദർശിപ്പിക്കാനുള്ള ഏകോപാധിയായിരുന്നു.

ഓരോ ദിവസം കഴിയുതോറും ഉള്ളിലെ ഭൂർഷ്യാനയങ്ങൾക്ക് കനവും കട്ടിയും കൂടിവന്നു. ഒപ്പം സ്വന്തം കീശ നിറയ്ക്കാൻ കഥകളി കാണിക്കുന്നവരോടും.

ഈ പോക്കും ഒരു തരം കീശനിറയ്ക്കലിനോ കീശനിറപ്പിക്കലിനോ വിധേയമാകാൻ തന്നെയായിരുന്നെന്നിരിക്കണം. എന്നല്ല. ആണ്! ചെറുപ്പകാലത്ത് ഗാന്ധിതലപ്പതിച്ച വർണ്ണക്കടലാസുകളോട് കൗതുകം തോന്നിയിരുന്നു. എന്നാൽ അതിന് ദാരിദ്ര്യത്തേയും ഇല്ലായ്മായും ചെറുക്കാനുള്ള ജാലവിദ്യയറിയാമെന്ന് നിശ്ചയ മില്ലായിരുന്നു.

പെൻഷനുവേണ്ടി ക്യൂനിൽക്കുമ്പോഴും അയാൾക്ക് ഒരുതരം അസ്വസ്ഥത ഉണ്ടായിരുന്നു. ഉച്ചവെയിലിനോടല്ല പരിഭവം ഉച്ചിവരെയെത്തുന്ന ദൃഷ്ടികളോടായിരുന്നു.

എണ്ണി തട്ടിപ്പെടുത്തലിനു ദൈർഘ്യം കൂടിയോ എന്നൊരു സംശയം.

സംശയമല്ല. കാശ് തരുമ്പോൾ തികച്ചും യാന്ത്രികമെന്ന് തോന്നാൻ അല്ലെങ്കിൽ തോന്നിക്കാൻ തക്ക വണ്ണമുള്ള മഞ്ഞച്ചിരിയും ആ ഗണിതതന്ത്രജ്ഞൻ ശീട്ടാക്കി.

ഓരോ നാൾ ഇവിടെയെത്തുമ്പോഴും ക്യൂവിന് പെരുപ്പം കൂടി വരുന്നു. ചില പരിചിത മുഖങ്ങൾ അപ്രത്യക്ഷമാകുമ്പോൾ നിർത്തും. അപരിചിതരായ ചില പുതിയ മുഖങ്ങൾ പ്രത്യക്ഷപ്പെടുന്നു. രാത്രിയായിരിക്കുന്നു. ഫുട്പാത്തിനും വീട്ടിലോട്ടുള്ള വഴിയ്ക്കും പതിവിനും വിപരീതമായി ദൂരമേറിയതുപോലെ തോന്നി അയാൾക്ക്.

പാട്ടിലെ താളം ക്രമപ്പെടുത്തുന്നതിനേക്കാളും ശ്രമകരമാണ് ജീവിതത്തെ ക്രമപ്പെടുത്താൻ എന്നയാൾ ഇന്നു വിശ്വസിക്കുന്നു. ജീവിതം ഇന്നൊരു പ്രഹസനം മാത്രമാണ്. മൂകമായ സ്വരതന്തുവിനാകട്ടെ രാഗപരിജ്ഞാനം അജ്ഞാതമാണിന്ന്. എങ്കിലും നിത്യവൃത്തിക്കായി ആശ്രയിക്കുന്നത് പെൻഷനെ തന്നെയാണ്. അതിന് ആദർശങ്ങളും പ്രതിഷേധങ്ങളും വിലങ്ങുതടികളല്ല. സോഡിയം വേപ്പർലാമ്പുകൾ ജീവിതത്തിലെ ഇരുണ്ട നിറക്കാഴ്ചകളെ ഓരോന്നോരോന്നായി വിജനമായ പാതയിൽ പ്രദർശിപ്പിച്ചുകൊണ്ടേയിരുന്നു. വീട്ടിൽ ആളുന്ന മെഴുകുതിരി വെട്ടത്തിനും കീഴെ അയാളുടെ സഹധർമ്മിണി അന്തിക്കായുള്ള കഞ്ഞിക്ക് വേണ്ട തയ്യാറെടുപ്പുകളിലായിരുന്നു. കഞ്ഞി മാത്രമേ ഉള്ളതുകൊണ്ടായിരിക്കണം ജോലി അത്ര ശ്രമകരമല്ലാ എന്ന് വ്യക്തമാണ്. വെട്ടിത്തിളയ്ക്കുന്ന വെള്ളത്തിലേക്ക് എണ്ണിയിട്ട അരിമണികൾക്ക് ഇനി അയാളുടെ സന്തതി പരമ്പരകൾ അനുഭവിക്കേണ്ടിവരുന്നു. ഒരായുഷ്കാലം അയാൾ അനുഭവിക്കേണ്ടിവന്ന ദുരിതങ്ങളുടെ മുഖഛായയുണ്ടായിരുന്നോ ആവോ?

പെട്ടെന്ന് പെയ്ത മഴയ്ക്ക് അയാളുടെ ആശയങ്ങളോടുള്ള വിയോജിപ്പ് പ്രകടമായിരുന്നു. മഴച്ചോർച്ചയിലാണ് വീട്ടിലെത്തിയത്. മുന്നിലത്തെ വാതിൽ തുറന്നു കിടന്നിരുന്നു. ചുറ്റും മൂകത തളം കെട്ടിയിരിക്കുന്നു. അയാൾ ഒരു ദീർഘനിശ്വാസം പുറപ്പെടുവിച്ചുവോ? വാസ്തവം ഉണ്ടെന്നിരിക്കണം. പാതിനനഞ്ഞ കാലൻകുട ജീർണിച്ച ഉത്തരത്തിൽ തൂക്കി, അരക്കെട്ടിലെ പെൻഷൻ ഭദ്രമാക്കിയ ശേഷം അയാൾ തന്റെ പരാധീനതകളുടെയും വേവലാതികളുടെയും കലക്ക് ബാധിച്ച വെള്ളത്തിലൂടെ ഊളിയിട്ടു.




Edited, Printed Published by Nakshthra Rajyam E. Radhakrishnan on behalf of Nakshathra Rajyam Monthly.
DTP Bhavana Graphics Thali, Yashodha Printers, Manari for Geethanjali Offset Prints, Kundayithode, Kozhikode